പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2010-2011)

## നാൽപ്പത്തിയൊന്നാമത് റിപ്പോർട്ട്

( 2011 ഫെബ്രുവരി മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**എറണാകുളം, പാലക്കാട് ജില്ലകളിലെ നഗരസഭകളെ സംബന്ധിച്ച്**

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002 മുതൽ 2005 വരെയുള്ള
സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ
പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2011

പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2010-2011)

## നാൽപ്പത്തിയൊന്നാമത് റിപ്പോർട്ട്

( 2011 ഫെബ്രുവരി മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**എറണാകുളം, പാലക്കാട് ജില്ലകളിലെ നഗരസഭകളെ സംബന്ധിച്ച്**

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002 മുതൽ 2005 വരെയുള്ള
സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ
പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

373/2011.

## ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അനുബന്ധം 1 | പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 60 |
| അനുബന്ധം 2 | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 10-3-2004-ലെ എൽ.എഫ്.ഇ. (എം1) 65/04 നമ്പർ കത്ത് | .. | 71 |
| അനുബന്ധം 3 | തദ്ദേശസ്വയംഭരണ വകുപ്പിന്റെ 1-12-2006-ലെ (ആർ.ടി.) നമ്പർ 3097/2006/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്. | | 72 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010–2011)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. എം. ദിനേശ് മണി

<u>അംഗങ്ങൾ</u> :

ശ്രീ. എൻ. അനിരുദ്ധൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. കെ. ദിവാകരൻ
,, എം. ജെ. ജേക്കബ്
,, കെ. മുഹമ്മദുണ്ണി ഹാജി
,, എം. മുരളി
,, പി. റ്റി. എ. റഹീം
,, വി. ശിവൻകുട്ടി
,, വി. ജെ. തങ്കപ്പൻ
,, തോമസ് ചാഴികാടൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. രാജൻ, സെക്രട്ടറി
ശ്രീമതി കെ. എ. അച്ചാമ്മ, ജോയിന്റ് സെക്രട്ടറി
ശ്രീ. പി. രാധാകൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി ജി. സുമകുമാരി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ നാൽപ്പത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002 മുതൽ 2005 വരെയുള്ള സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2011 ഫെബ്രുവരി മാസം 21-ാം തീയതിയിൽ ചേർന്ന യോഗത്തിലാണ് സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചത്. ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്കാവശ്യമായ സഹായങ്ങൾ നൽകി സഹകരിച്ച ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

സി. എം. ദിനേശ് മണി,

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2011 ഫെബ്രുവരി 23.

# റിപ്പോർട്ട്

## എറണാകുളം, പാലക്കാട് ജില്ലകളിലെ മുനിസിപ്പാലിറ്റികളെ സംബന്ധിച്ച്

## എറണാകുളം ജില്ല

**ആലുവ മുനിസിപ്പാലിറ്റി**

ഓഡിറ്റ് ഖണ്ഡിക

**നഗരമാലിന്യ സംസ്ക്കരണ പ്ലാന്റ്—യാത്രാബത്ത നൽകിയത് സംബന്ധിച്ച്**

28-8-1998-ലെ 13-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ഹൈദരാബാദിലുള്ള "ഫ്രണ്ട് ലൈൻ" എഞ്ചിനീയറിംഗ് കമ്പനിയുടെ നഗരമാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ പ്രവർത്തനം നേരിൽ കണ്ടു മനസ്സിലാക്കുന്നതിന് ആലുവ നഗരസഭാ ചെയർമാന്റെ നേതൃത്വത്തിലുള്ള എട്ട് അംഗ സംഘത്തിന് സർക്കാരിൽ നിന്നും യാത്രാനുമതി ലഭിച്ചിട്ടുള്ളതായി കാണുന്നു. ഈ ഇനത്തിൽ ആകെ 27,303 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയലുകളുടെ പരിശോധനയിൽ നഗരമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയ സ്ഥാപനങ്ങളുടെ കൂട്ടത്തിൽ "ഫ്രണ്ട് ലൈൻ" എന്ന സ്ഥാപനത്തിന്റെ യാതൊരുവിധ നിർദ്ദേശങ്ങളോ കത്തിടപാടുകളോ ഉള്ളതായി കാണുന്നില്ല. കൂടാതെ ചെയർമാന്റെ നേതൃത്വത്തിലുള്ള സംഘം ടി സ്ഥാപനം സന്ദർശിച്ചതിന്റെ ഔദ്യോഗിക രേഖകളോ പഠന റിപ്പോർട്ടോ പരിശോധനയിൽ കാണുന്നില്ല. തന്നെയുമല്ല ആലുവ നഗരസഭയിൽ ഇതുവരെ മാലിന്യ സംസ്ക്കരണത്തിന് പദ്ധതികൾ ഒന്നും നടപ്പാക്കിയിട്ടുമില്ല. ഈ യാത്രകൊണ്ട് നഗരസഭയ്ക്ക് യാതൊരു ഗുണവും ഇല്ലാതിരുന്നതിനാൽ യാത്രാബത്തയിനത്തിൽ ആകെ ചെലവായ 27,303 രൂപ ആഡിറ്റിൽ അനുവദിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-2003, ഖണ്ഡിക VII-II-15 (i).]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി:—

1. "ഹൈദരാബാദിലുള്ള ഫ്രണ്ട് ലൈൻ എഞ്ചിനീയറിംഗ് കമ്പനിയുടെ മാലിന്യ പ്ലാന്റിന്റെ പ്രവർത്തനം നേരിട്ടു കാണുന്നതിന് സർക്കാർ അനുമതിയോടെ നടത്തിയ യാത്രയായതിനാലും, യാത്ര ചെയ്തശേഷം റിപ്പോർട്ട് നൽകുന്നതിന് സർക്കാർ അനുമതിയിൽ പ്രത്യേകം നിർദ്ദേശങ്ങൾ ഇല്ലാതിരുന്നതിനാലും വിവിധ പ്ലാന്റുകളുടെ പ്രവർത്തനം നേരിട്ടുകണ്ട് മനസ്സിലാക്കി ആലുവ നഗരസഭയ്ക്ക് അനുയോജ്യമായതും സാമ്പത്തിക പരിധിയിൽ ഒതുങ്ങുന്നതുമായ പദ്ധതി തെരഞ്ഞെടുക്കേണ്ടതുള്ളതിനാലാണ് ടി പ്രോജക്ട് നഗരസഭയിൽ നടപ്പാക്കാതിരുന്നത്.

2. ഓഡിറ്റ് നിർദ്ദേശ പ്രകാരം യാത്ര നടത്തിയവർക്ക് തുക തിരികെ അടയ്ക്കുവാൻ നോട്ടീസ് നൽകിയിട്ടുണ്ട്. യാത്രപോയ ഒരു ഹെൽത്ത് ഇൻസ്പെക്ടർക്ക് നൽകിയ മുൻകൂർ ടിയാന്റെ ബാധ്യതയായി കാണിച്ച് ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ടി തുക ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കാവുന്നതാണ്."

[തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 21-8-2008-ലെ 47905/എബി1/08/ ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭിച്ചത്.]

3. നഗരമാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ പ്രവർത്തനം നേരിട്ട് മനസ്സിലാക്കുന്നതിനായി ആലുവ നഗരസഭയിലെ എട്ടുപേരടങ്ങുന്ന സംഘം എവിടെയാണ് സന്ദർശനം നടത്തിയതെന്നും യാത്രയ്ക്ക് ഗവൺമെന്റിന്റെ അനുമതി ഉണ്ടായിരുന്നോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ഹൈദരാബാദിലെ ഫ്രണ്ട് ലൈൻ കമ്പനിയുടെ പ്ലാന്റ് സന്ദർശിക്കുന്നതിനാണ് യാത്ര പോയതെന്നും യാത്രയ്ക്ക് സർക്കാരിന്റെ അനുമതി ഉണ്ടായിരുന്നുവെന്നും ആലുവ നഗരസഭാ സെക്രട്ടറി മറുപടി പറഞ്ഞു. നഗരമാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ പ്രവർത്തനം നേരിൽ കണ്ടു മനസ്സിലാക്കുന്നതിനായി നടത്തിയ യാത്രയ്ക്കുശേഷം പഠനറിപ്പോർട്ട് നഗരസഭാ കമ്മിറ്റി മുൻപാകെ സമർപ്പിച്ചിട്ടുണ്ടോയെന്ന ചോദ്യത്തിന് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെന്നും സംഘം പോയി കണ്ടത് ഒരു ഇൻസിനറേറ്റർ ആണെന്നും ഇന്ധനത്തിനായി വൻതുക ചെലവുവരുന്ന സംരംഭമായതുകൊണ്ട് നഗരസഭയ്ക്ക് അനുയോജ്യമല്ലാത്തതിനാലാണ് നടപ്പിലാക്കാതിരുന്നതെന്നും സെക്രട്ടറി വ്യക്തമാക്കി.

4. ഫ്രണ്ട് ലൈൻ കമ്പനിയുടെയോ മറ്റു കമ്പനികളുടേയോ കത്തിടപാടുകൾ സംബന്ധിച്ച രേഖകളോ യാത്രപോയതിന്റെ രേഖകളോ ഉണ്ടോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് അതു സംബന്ധിച്ചുള്ള ഫയൽ ലഭ്യമല്ലാത്തതിനാൽ കൃത്യമായി അറിയില്ലെന്നും എന്നാൽ ടി.എ. കൈപ്പറ്റിയതിന്റെ വൗച്ചർ പരിശോധിച്ചതിൽ നിന്നും ചെയർമാൻ, വൈസ്ചെയർമാൻ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, കൗൺസിലർ, ഒരു ഓഫീസർ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരടങ്ങുന്ന സംഘമാണ് യാത്ര നടത്തിയതെന്നും ഹെൽത്ത് ഇൻസ്പെക്ടറുടെ പേരിൽ ഓഡിറ്റ് ഒബ്ജക്ഷൻ വന്നപ്പോൾ ടിയാൻ അഡ്വാൻസ് വാങ്ങിയ തുക ലയബിലിറ്റിയായി ചേർത്ത് സർട്ടിഫിക്കറ്റ് കൊടുത്തിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. യാത്ര പോയത് സംബന്ധിച്ചുള്ള ഫയൽ കണ്ടെത്തുന്നതിന് ശ്രമം നടത്തിയിരുന്നോ എന്നുള്ള സമിതിയുടെ ചോദ്യത്തിന് ഫയൽ കണ്ടെത്തുന്നതിന് ആത്മാർത്ഥമായ ശ്രമം നടത്തിയെന്നും ഫയൽ കണ്ടെത്താനായില്ലെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

5. നഗരമാലിന്യ സംസ്ക്കരണ പ്ലാന്റ് സന്ദർശിക്കുന്നതിനുള്ള യാത്ര നടത്തിയ കാലയളവിൽ മുനിസിപ്പൽ സെക്രട്ടറി ആരായിരുന്നുവെന്ന് സമിതി ആരാഞ്ഞതിന് ശ്രീ. സെബാസ്റ്റ്യൻ മാളിയേക്കലായിരുന്നു സെക്രട്ടറിയെന്നും ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ചെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. എന്നാൽ പ്രസ്തുത കാലയളവിൽ ശ്രീ. മുഹമ്മദ് ഷെരീഫ് ആയിരുന്നു സെക്രട്ടറിയെന്നാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് സമിതി ചൂണ്ടിക്കാണിച്ചു. മുഹമ്മദ് ഷെരീഫ് ഇപ്പോൾ സർവ്വീസിലുണ്ടെന്ന് സെക്രട്ടറി അറിയിച്ചു.

6. ചെയർമാൻ ആയിരുന്ന ശ്രീ. എം. ഒ. ജോൺ, സെക്രട്ടറി, ശ്രീ. മുഹമ്മദ് ഷെരീഫ് എന്നിവരായിരുന്നു നിർവ്വഹണാധികാരികൾ എന്ന് സമിതിയുടെ ചോദ്യത്തിനുത്തരമായി സെക്രട്ടറി അറിയിച്ചു. പ്രസ്തുത യാത്രയ്ക്ക് സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുള്ളതിനാൽ ഇതു സംബന്ധിച്ച ഫയൽ ഉണ്ടാവണമെന്നും ഇതിന്റെ അടിസ്ഥാ

നത്തിൽ യാത്ര നടത്തിയവർ ടി.എ. കൈപ്പറ്റുകയും ചെയ്ത സാഹചര്യത്തിൽ ടി ഫയൽ കണ്ടുപിടിക്കേണ്ട ഉത്തരവാദിത്വത്തിൽ നിന്നും സെക്രട്ടറിക്ക് ഒഴിഞ്ഞുമാറാനാകില്ലെന്നും സമിതി ഓർമ്മപ്പെടുത്തി. കൂടാതെ കൗൺസിലിന്റെ മിനിട്സിന്റെ കോപ്പി ഉണ്ടോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് കൊണ്ടു വന്നിട്ടില്ലെന്നുള്ള സെക്രട്ടറിയുടെ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. യാത്ര പോകുന്നതിനായി അഡ്വാൻസ് നൽകി എന്നു പറയപ്പെടുന്ന വൗച്ചർ റെഗുലറൈസ് ചെയ്തോയെന്ന സമിതിയുടെ ചോദ്യത്തിന് 27,303 രൂപ റെഗുലറൈസ് ചെയ്ത വൗച്ചർ ഉണ്ടെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. റെഗുലറൈസ് ചെയ്ത വൗച്ചർ ചെലവായിട്ട് എഴുതിയിട്ടുണ്ടോയെന്നും ആയതിന് ടി.എ. ബിൽ തന്നിട്ടുണ്ടോയെന്നും ടി.എ. ബില്ലിൽ യാത്ര ചെയ്തതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞു. സെക്രട്ടറി ശരിയായി അന്വേഷിക്കാതിരുന്നതിനാലാണ് ഫയൽ കണ്ടെത്താൻ കഴിയാതിരുന്നതെന്ന് സമിതി ചൂണ്ടിക്കാണിച്ചു. ഓഡിറ്റ് ഒബ്ജക്ഷൻ സംബന്ധിച്ച് യാത്രപോയവർക്ക് നോട്ടീസ് നൽകുകയോ ആയതിനുള്ള മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടുണ്ടോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് നോട്ടീസ് നൽകിയിരുന്നുവെന്നും എന്നാൽ അതിന് മറുപടി ലഭിച്ചിട്ടില്ലെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. എന്നാണ് നോട്ടീസ് അയച്ചത് എന്നുള്ള സമിതിയുടെ ചോദ്യത്തിന് നോട്ടീസ് അയച്ച തീയതി കൃത്യമായി ഓർമ്മയില്ലെന്നുള്ള സെക്രട്ടറിയുടെ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും സെക്രട്ടറിയുടെ നടപടി നിരുത്തരവാദപരമാണെന്ന് വിലയിരുത്തുകയും ചെയ്തു.

7. നഗരമാലിന്യ സംസ്ക്കരണ പ്ലാന്റ് സന്ദർശനം സംബന്ധിച്ച ഫയൽ കണ്ടെത്തണമെന്നും യാത്ര നടത്തിയതിന്റെ രേഖകൾ രണ്ടാഴ്ചയ്ക്കുള്ളിൽ ലോക്കൽ ഫണ്ട് ഓഡിറ്റിന് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

8. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ. മുഹമ്മദ് ഷെരീഫ് റീജിയണൽ ജോയിന്റ് ഡയറക്ടറായി പ്രൊമോഷനായിട്ടുണ്ടെന്നും ടിയാൻ സസ്പെൻഷനിലാണെന്നും ടിയാന് അയച്ച നോട്ടീസ് തിരിച്ചു വരികയാണുണ്ടായതെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. കൂടാതെ പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട വിവരങ്ങൾ നേരിട്ട് അന്വേഷിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് നഗരകാര്യവകുപ്പു ഡയറക്ടറോട് സമിതി നിർദ്ദേശിച്ചു.

9. സമിതിയുടെ നിർദ്ദേശപ്രകാരം സ്വീകരിച്ച നടപടികൾ സംബന്ധിച്ച് 20-11-2008-ലെ എ3-7476/08 നമ്പർ കത്തുപ്രകാരം ആലുവ മുനിസിപ്പൽ സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ഹൈദരാബാദിലെ ഫ്രണ്ട് ലൈൻ കമ്പനി പ്ലാന്റിലേക്ക് യാത്ര പോയതിന്റെ രേഖകൾ 17-9-2008-ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസർക്ക് പരിശോധനയ്ക്ക് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. സമിതിയുടെ നിർദ്ദേശപ്രകാരം ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട വിവരങ്ങൾ സംബന്ധിച്ച നഗരകാര്യ വകുപ്പു ഡയറക്ടറുടെ 11-11-2008-ലെ എഫ്2-15353/06 നമ്പർ കത്തു മുഖേന ലഭിച്ച റിപ്പോർട്ട് താഴെ ചേർക്കുന്നു :

(1) 27-8-2008-ന് ചേർന്ന നിയമസഭാ സമിതിയുടെ തെളിവെടുപ്പ് വേളയിൽ, നഗരകാര്യ ഡയറക്ടർക്ക് നല്കപ്പെട്ട നിർദ്ദേശാനുസരണം, ആലുവ നഗരസഭയിലെ

മേൽ വിഷയം സംബന്ധിച്ച രേഖകൾ പരിശോധിച്ചു. പരിശോധനയുടെ അടിസ്ഥാനത്തിൽ താഴെ ചേർക്കുന്ന വിവരങ്ങൾ ലഭ്യമായിരിക്കുന്നു.

(2) നഗരസഭയുടെ എച്ച്1-2005/97 നമ്പർ ഫയലാണ് ഈ വിഷയവുമായി ബന്ധപ്പെട്ടത്. ഫയൽ കൂടാതെ, കൗൺസിലർമാർക്ക് യാത്രാബത്ത മുൻകൂർ നൽകിയതും, പിന്നീട് യഥാർത്ഥ യാത്രാബത്തയിൽ ബാക്കി തുക നല്കിയതും രേഖപ്പെടുത്തിയ 1998 മുൻകൂർ രജിസ്റ്റർ, 1999-2000-ലെ ചെലവു രജിസ്റ്റർ എന്നിവയും പരിശോധിച്ചു. ബില്ലുകളും/വൗച്ചറുകളും ലഭ്യമായിരുന്നില്ല (അവ ആഡിറ്റ് പരിശോധിച്ചതാണ്).

(3) നഗരസഭയുടെ മാലിന്യ പ്രശ്നത്തിനുള്ള പരിഹാരം എന്ന നിലയിൽ ഇതിനുള്ള സംവിധാനം ഏറ്റെടുക്കാമെന്ന് മൂന്ന് സ്ഥാപനങ്ങൾ സമ്മതം അറിയിച്ചിരുന്നു. നഗരസഭയുടെ കൗൺസിലർമാരും ഉദ്യോഗസ്ഥരും ഉൾപ്പെട്ട കമ്മിറ്റി 'സേഫ് മോട്ടോഴ്സ് കൊടുങ്ങല്ലൂർ' എന്ന സ്ഥാപനം പരിശോധിച്ച് നല്കിയ റിപ്പോർട്ടിൽ, മറ്റേതെങ്കിലും പ്രോജക്ട് കൂടി പരിശോധിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഫ്രണ്ട് ലൈൻ കൊച്ചി, ജി-ടെക് ആലുവാ എന്നിവയായിരുന്നു മറ്റ് അപേക്ഷകർ. ജി-ടെക് പ്രാദേശികമായ സ്ഥാപനം ആണ്. ഫ്രണ്ട് ലൈൻ-ന്റെ ഹൈദരാബാദിലുള്ള സംവിധാനം പരിശോധിക്കാൻ 28-8-1998-ലെ XIII-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ഒരു കമ്മിറ്റിയെ നിയോഗിക്കുകയും 17-11-1998-ലെ 3345/98/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 8 അംഗങ്ങൾ അടങ്ങുന്ന സംഘത്തിന് അനുവാദം ലഭിക്കുകയും ചെയ്തു.

(4) ഓരോ അംഗത്തിനും 2,000 രൂപ വീതം മുൻകൂർ മൊത്തം 16,000 രൂപ ചെയർമാന്റെ ഉത്തരവ് പ്രകാരം അനുവദിച്ചത് 23-11-1998-ൽ നല്കിയിട്ടുണ്ട്. മുൻകൂർ രജിസ്റ്ററിൽ അത് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ മുൻകൂറുകൾ 1999-ലെ ജൂലൈ മാസത്തെ ചെലവ് രജിസ്റ്ററിലെ 67, 80 മുതൽ 85 വരെയായി രേഖപ്പെടുത്തിയിട്ടുള്ള വൗച്ചർ നമ്പരുകൾ പ്രകാരം സെറ്റിൽ ചെയ്ത് ബാക്കി മൊത്തം 11,481 രൂപ കൂടി അനുവദിച്ചിട്ടുണ്ട്. 23-6-2009-ലെ XXX നമ്പർ കൗൺസിൽ തീരുമാന പ്രകാരമാണ് യാത്രാബത്ത അനുവദിച്ചത്.

(5) മേൽ ചെലവുകളുമായി ബന്ധപ്പെട്ട യാത്ര നടത്തിയതു സംബന്ധിച്ച പഠന റിപ്പോർട്ട് ആഡിറ്റിൽ സൂചിപ്പിച്ചതുപോലെ ഫയലുകളിൽ ലഭ്യമായില്ല. അതേ സമയം നഗരസഭാ ചെയർമാൻ 1-12-1998, 15-12-1998 തീയതികളിലായി യഥാക്രമം ഭാരത സർക്കാരിന്റെ നഗരവികസന മന്ത്രിക്കും മന്ത്രിയുടെ പേരുവച്ചും (ശ്രീ. രാംജത് മലാനി) രണ്ടു കത്തുകൾ അയച്ചതിൽ നഗരസഭയുടെ ഒരു കമ്മിറ്റി ഹൈദരാബാദിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് സന്ദർശിച്ചകാര്യം വ്യക്തമാക്കിയിട്ടുണ്ട്. സമിതി കണ്ട സംവിധാനം തൃപ്തികരമാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ 37 ലക്ഷം രൂപ ചെലവിൽ ആധുനിക ഇൻസിനറേറ്റർ സ്ഥാപിക്കണമെന്നും നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധി കാരണം ടി തുക കേന്ദ്ര സർക്കാർ അനുവദിക്കണമെന്നും ടി കത്തിൽ അഭ്യർത്ഥിക്കുന്നു. ഈ കത്ത്, പാർലമെന്റംഗം ശ്രീ. പി. സി. ചാക്കോ വഴി അയയ്ക്കുന്നതിന് വേണ്ടിയാണ് തയ്യാറാക്കുന്നതെന്ന്, ചെയർമാൻ 14-12-1998-ൽ സെക്രട്ടറിക്ക് നല്കിയ കുറിപ്പിൽ കാണുന്നു. ശ്രീ. രാംജത് മലാനി

12-3-1999-ൽ ശ്രീ. പി. സി ചാക്കോ എം.പി.ക്ക് നൽകിയ മറുപടിയിൽ അദ്ദേഹത്തിന്റെ മന്ത്രാലയത്തിന് ഈ പ്രോജക്ടിനുള്ള ബഡ്ജറ്റ് നീക്കിയിരിപ്പ് ഇല്ലെന്നും, Non-Conventional Energy Source എന്ന മന്ത്രാലയത്തെ സമീപിക്കണമെന്നും, incineration process സ്വീകരിക്കുന്നതിന് മുമ്പായി നഗരസഭയിലെ ഖരമാലിന്യത്തിലെ "Organic contents" പരിശോധിക്കണമെന്നും നിർദ്ദേശിച്ചു. ഈ പരിശോധന നടത്താൻ, ബാംഗ്ലൂരിലെ ടെക്ലോർ തെർമൽ ടെക്നോളജീസ് എന്ന സ്ഥാപനത്തിന്, നഗരസഭാ ചെയർമാൻ 27-4-1999-ൽ കത്തെഴുതുകയുണ്ടായി. പിന്നീട് ഇൻസിനറേറ്റർ സ്ഥാപിക്കൽ, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം എന്നിവ ചർച്ച ചെയ്യാൻ ആലുവാ എം.എൽ.എ. ശ്രീ. കെ. മുഹമ്മദലിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരാൻ ചെയർമാൻ 29-4-2000-ൽ നോട്ടീസ് നല്കിയതായും കാണുന്നു. പിന്നീടുള്ള ഇൻസിനറേറ്റർ സംബന്ധിച്ച നടപടികൾ തുടർന്ന് കാണുന്നില്ല.

(6) മേൽ രേഖകളിൽ നിന്നും, കൗൺസിൽ കമ്മിറ്റി ഹൈദരാബാദ് യാത്ര നടത്തി എന്നാണ് സൂചിപ്പിക്കുന്നത്. അതേ തുടർന്ന് പ്രോജക്ട് നടപ്പിലാക്കാൻ ശ്രമങ്ങൾ നടത്തിയതായും തെളിയുന്നുണ്ട്. സാമ്പത്തിക പ്രതിസന്ധി ഒരു പരിധി വരെ പദ്ധതി നടപ്പിലാക്കുന്നതിന് വിഘാതമായി കാണുന്നു. യാത്രാ ഉദ്ദേശ്യം പ്രോജക്ട് നഗരസഭയ്ക്ക് സ്വീകാര്യമാണോ എന്ന് കണ്ട് മനസ്സിലാക്കലായിരുന്നു. അത് ഫലവത്താക്കാനുള്ള ശ്രമങ്ങൾ ചെയർമാൻ നടത്തിയതായും കാണുന്നുണ്ട്.

10. ആലുവാ നഗരസഭ സ്വീകരിച്ച നടപടികളിന്മേലുള്ള നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പുനഃപരിശോധന നടത്തി. 19-1-2010-ലെ എൽ.എഫ്.12311/Sp.cell(G1)/08 നമ്പർ കത്തുപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

(1) നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിൽ പരിശോധനാ വിധേയമാക്കിയ ഫയൽ നമ്പർ എച്ച്1-2005/97 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ശരിയായ ഫയൽ നമ്പർ എച്ച്2-7005/97 ആണ്.

(2) ബന്ധപ്പെട്ട ഫയലും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങൾ വസ്തുനിഷ്ഠമാണെന്നിരിക്കിലും താഴെ പറയുന്ന വിവരങ്ങൾ കൂടി പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

(2-1) ഫ്രണ്ട് ലൈൻ എഞ്ചിനീയറിംഗ് കമ്പനിയുടെ എന്തെങ്കിലും നിർദ്ദേശങ്ങളോ കത്തിടപാടുകളോ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

(2-2) നഗരസഭയുടെ സാമ്പത്തിക നിലയെക്കുറിച്ചും, പ്രോജക്ട് നടപ്പാക്കുന്നതിനുള്ള സാമ്പത്തിക സ്രോതസ്സിനെക്കുറിച്ചും യാതൊരുവിധ പഠനവും നടത്താതെയാണ് ഹൈദരാബാദ് യാത്ര നടത്തിയിട്ടുള്ളത്.

(2-3) പ്രോജക്ട് നടപ്പിലാക്കുന്നതിനായി നഗരസഭ നടത്തിയ ഏക പ്രവർത്തനം കേന്ദ്ര നഗരവികസന മന്ത്രിക്ക് രണ്ട് കത്തുകൾ അയച്ചു എന്നത് മാത്രമാണ്.

(2-4) ഇൻസിനറേറ്റർ സ്ഥാപിക്കൽ, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം എന്നിവ ചർച്ച ചെയ്യാൻ ആലുവ എം.എൽ.എ.യുടെ സാന്നിധ്യത്തിൽ യോഗം

ചേരുവാൻ നഗരസഭാ ചെയർമാൻ 29-4-2000-ൽ നോട്ടീസ് നൽകിയെങ്കിലും യോഗം ചേർന്നതായോ, തുടർനടപടികൾ കൈക്കൊണ്ടതായോ രേഖകളൊന്നും ലഭ്യമല്ല.

(2-5) നഗരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനയാത്രയ്ക്ക് നേതൃത്വം നൽകുകയും, പ്രോജക്ട് നടപ്പിലാക്കുന്നിന് ആദ്യഘട്ട ത്തിൽ ശ്രമിക്കുകയും ചെയ്ത നഗരസഭാ ചെയർമാൻ 2005 ഒക്ടോബർവരെ തൽസ്ഥാനത്തുണ്ടായിരുന്നിട്ടും 04/2000-ന് ശേഷം പ്രോജക്ട് നടപ്പിലാക്കാൻ എന്തെങ്കിലും ശ്രമം നടത്തിയതായി ഫയലിൽ കാണുന്നില്ല.

11. മേൽ പ്രസ്താവിച്ച കാരണങ്ങളാൽ യാത്രയ്ക്ക് വേണ്ടി ചെലവാക്കിയ തുക പാഴായി എന്ന ഓഡിറ്റിന്റെ നിരീക്ഷണം പ്രസക്തമാണെന്ന് വിലയിരുത്തുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

12. **ആലുവ മുനിസിപ്പാലിറ്റിയിൽ നിന്നും ഹൈദരാബാദിലെ ഫ്രണ്ട് ലൈൻ എഞ്ചിനീയറിംഗ് കമ്പനിയുടെ നഗരമാലിന്യ സംസ്ക്കരണ പ്ലാന്റിലേക്ക് നഗരസഭാ ചെയർമാന്റെ നേതൃത്വത്തിൽ നടത്തിയ പഠനയാത്രയ്ക്ക് കൗൺസിൽ തീരുമാനവും സർക്കാരിന്റെ അനുമതിയും ഉണ്ടായിരുന്നെങ്കിലും യാത്രയുമായി ബന്ധപ്പെട്ട ഫയലുകളും അനുബന്ധ രേഖകളും കൃത്യമായി സൂക്ഷിക്കാതിരുന്നത് നഗരസഭാ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള ഗൗരവതരമായ വീഴ്ചയാണ്. സംഘം ഹൈദരാബാദിലെ സംസ്ക്കരണ പ്ലാന്റ് സന്ദർശിച്ച് പഠനം നടത്തുകയും പ്ലാന്റിന്റെ പ്രവർത്തനം തൃപ്തികരമെന്ന് വിലയിരുത്തുകയും നഗരസഭയിൽ അത്തരം ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിന് സാമ്പത്തിക പ്രതിസന്ധി അനുവദിക്കാത്ത തിനാൽ 37 ലക്ഷം രൂപയുടെ കേന്ദ്ര സഹായം അഭ്യർത്ഥിച്ചതിന് രേഖകളു ണ്ടെന്നും നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ നിന്നും സമിതി മനസ്സി ലാക്കുന്നു. പ്രോജക്ട് നടപ്പിലാക്കുവാൻ ചെയർമാൻ ശ്രമം നടത്തിയതായും എന്നാൽ സാമ്പത്തിക പരാധീനത ഇതിന് തടസ്സം നിന്നതായും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ഇതു സംബന്ധിച്ച ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ബോട്ടുകൾ വാങ്ങലും ബോട്ട് ജെട്ടി നിർമ്മാണവും**

ഡി.പി.സി.യുടെ താൽക്കാലിക അംഗീകാരം മാത്രം ലഭിച്ച ടി പദ്ധതിക്ക് പ്ലാൻ ഫണ്ടിൽ നിന്നും ആകെ 14,33,776 രൂപ ചെലവാക്കിയിട്ടുണ്ട്. സംസ്ഥാന ടൂറിസം വകുപ്പിന്റെ ഉപദേശപ്രകാരവും വിശദമായ സാങ്കേതിക പരിശോധനയ്ക്ക് വിധേയമാക്കി യതിനു ശേഷവും മാത്രമേ പദ്ധതി നടപ്പിലാക്കാവൂ എന്ന ഡി.പി.സി.യുടെ വ്യവസ്ഥകളെ പാടേ ലംഘിച്ചു കൊണ്ട് ബോട്ടുനിർമ്മാണവുമായി ബന്ധമുള്ള വിദഗ്ദ്ധർ ആരും തന്നെയില്ലാത്ത ഒരു 'വിദഗ്ദ്ധ സമിതി' രൂപീകരിച്ച് സമിതിയുടെ ശുപാർശ പ്രകാരമാണ് ബോട്ടുകൾ വാങ്ങിയിരിക്കുന്നത്. ബോട്ടുകളുടെ ഗുണ നിലവാരമോ, പ്രവർത്തനക്ഷമതയോ, വിലനിലവാരമോ പരിശോധിക്കാതെ വളരെ താണ നിലവാരത്തിലുള്ളതും അത്യന്തം മോശമായതും, പ്രവർത്തനക്ഷമത തീരെ ഇല്ലാത്തതുമായ ബോട്ടുകളാണ് വാങ്ങിയിരിക്കുന്നതെന്ന് ചീഫ് ഇൻസ്പെക്ടർ ഓഫ്

ബോട്ട്സിന്റെ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഗുണനിലവാരമില്ലാത്ത ബോട്ടുകളുടെ വിലയിൽ കുറവ് വരുത്താതെ മൊത്തം തുകയും നൽകിയതിനാൽ നഗരസഭയ്ക്ക് 23,194 രൂപയുടെ വ്യക്തമായ നഷ്ടം സംഭവിച്ചിട്ടുണ്ട്. വാങ്ങിയ ബോട്ടുകളിൽ ഒന്നായ പാസഞ്ചർ ബോട്ട് തികച്ചും പ്രവർത്തനയോഗ്യമല്ലാത്തതിനാൽ ബോട്ടുകൾ സർവീസിനായി ലേലത്തിൽ പിടിച്ചവർ ടി ബോട്ട് ഒഴിവാക്കി മറ്റുള്ളവ മാത്രമാണ് ലേലത്തിൽ എടുത്തത്. ഉപയോഗശൂന്യമായ ഈ ബോട്ടിന് വേണ്ടി ചെലവാക്കിയ 5,34,600 രൂപ വിദഗ്ദ്ധ സമിതി അംഗങ്ങളിൽ നിന്നോ ബോട്ട് വിതരണം ചെയ്ത കമ്പനിയിൽ നിന്നോ ഈടാക്കേണ്ടതാണ്. പ്ലാൻ ഫണ്ടിൽ നിന്നും ഏകദേശം 15 ലക്ഷത്തോളം രൂപ ഈ പദ്ധതിക്ക് വേണ്ടി ചെലവഴിച്ചെങ്കിലും നഗരസഭയ്ക്കോ, പൊതുജനങ്ങൾക്കോ കാര്യമായ നേട്ടങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. പ്ലാൻ ഫണ്ട് ചെലവഴിച്ച് ഗുണനിലവാരമോ പ്രവർത്തനക്ഷമതയോ നോക്കാതെ ബോട്ടുകൾ വാങ്ങുക എന്നതായിരുന്നു ലക്ഷ്യമെന്ന് പദ്ധതി പ്രവർത്തനം വിലയിരുത്തിയാൽ ബോദ്ധ്യമാകും. പദ്ധതി നടത്തിപ്പിലെ അപാകതകളെ കുറിച്ച് ഉന്നത തലത്തിലുള്ള ഒരന്വേഷണം ആവശ്യമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03, ഖണ്ഡിക VII-II-15 (ii).]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി:—

13. "ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ബോട്ട് വാങ്ങിയ വിദഗ്ദ്ധ സമിതി അംഗങ്ങളിൽ നിന്ന് 5,34,600+23,194 രൂപ = 5,57,794 രൂപ ഈടാക്കുന്നതിന് ഓഡിറ്റ് പരാമർശം സഹിതം നോട്ടീസ് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഭരണ വകുപ്പിന്റെ റിപ്പോർട്ട് പ്രത്യേകം ചേർത്തിട്ടുണ്ട്."

[തദ്ദേശസ്വയംഭരണ വകുപ്പു സെക്രട്ടറിയുടെ 21-8-2008-ലെ 47905/എബി1/08/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭിച്ചത്.]

മേൽ ഓഡിറ്റ് ഖണ്ഡികയിന്മേൽ നഗരകാര്യ വകുപ്പ് നൽകിയ പ്രത്യേക റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

14. '1998-99 സാമ്പത്തിക വർഷത്തെ 9/98-99-ാം നമ്പർ പ്രോജക്ട് പ്രകാരം 13,11,000 രൂപ ടൂറിസം വികസനത്തിനായി നഗരസഭ വകയിരുത്തിയിരുന്നു. പ്ലാൻ ഫണ്ടിനത്തിൽ 3 ലക്ഷം രൂപയും തനത് ഫണ്ടിനത്തിൽ 9,75,000 രൂപയും മറ്റിനങ്ങളിൽ 36,000 രൂപയും ഇത് സ്പിൽ ഓവർ പ്രോജക്ടായി നടപ്പിലാക്കുകയാണുണ്ടായത്. പ്രസ്തുത പ്രോജക്ടിന് എ2-99-2000 നമ്പരായി 16-5-1999-ൽ ഡി.പി.സി.യുടെ താൽക്കാലിക അനുമതി ലഭിച്ചിട്ടുള്ളതായി കാണുന്നുണ്ട്. നഗരസഭാ ചെയർപേഴ്സന്റെ നേതൃത്വത്തിലുള്ള ഒരു 8 അംഗ സമിതിക്കായിരുന്നു പ്രോജക്ട് നിർവ്വഹണത്തിന്റെ ചുമതല. സമിതിയിൽ ഈ വിഷയത്തിൽ സാങ്കേതിക പരിജ്ഞാനമുള്ള ആരും ഉൾപ്പെട്ടതായി കാണുന്നില്ല. ടൂറിസം വകുപ്പിന്റെയും ജലഗതാഗത വകുപ്പിന്റെയും ഉപദേശത്തോടെയും സഹകരണത്തോടെയും നടപ്പിലാക്കേണ്ടിയിരുന്ന പദ്ധതി നഗരസഭ സ്വയം നടപ്പിലാക്കിയതിനാൽ വിജയപ്രദമാക്കുവാൻ സാധിച്ചിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ശരിയാണെന്ന് കാണുന്നു.

15. 10-3-1999-ൽ മാതൃഭൂമി ദിനപ്പത്രത്തിൽ ഇ4-1738/99-ാം നമ്പരായി ബോട്ടുകൾക്കായുള്ള ക്വട്ടേഷൻ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം നല്കുകയും 4 ക്വട്ടേഷനുകൾ ലഭിക്കുകയും ചെയ്തു. ആയതിൽ നിന്നും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത വിവിധ കമ്പനികൾക്ക് ക്വട്ടേഷൻ ഉറപ്പിച്ചു നല്കുകയാണ് ചെയ്തത്. വാങ്ങുന്നതിന് മുമ്പ് ഗുണനിലവാരം പരിശോധിച്ചതായി കാണുന്നില്ല. അപ്രകാരം റോ-ബോട്ട്-ഒന്ന്, പെഡൽ ബോട്ട്-1, സ്പീഡ് ബോട്ട്-2, വാട്ടർ സ്കൂട്ടർ-1, പാസഞ്ചർ ബോട്ട്-1 എന്ന പ്രകാരം ബോട്ടുകൾ വാങ്ങുകയും, നഗരസഭാ സ്റ്റോക്ക് രജിസ്റ്ററിൽ 2 മുതൽ 6 വരെയുള്ള പേജുകളിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്, ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സിന്റെ 2-2-2000-ലെ ഡി.ബി./45/2000 നമ്പർ പരിശോധനാ റിപ്പോർട്ടിൽ ബോട്ടുകളുടെ ഗുണനിലവാരത്തിലുള്ള കുറവ് സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്. പാസഞ്ചർ ബോട്ടിന്റെ നിർമ്മാണത്തിനുള്ള ഗുണനിലവാര കുറവ് റിപ്പോർട്ടിൽ പ്രത്യേകം പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ പെരിയാർ തീരത്ത് നിർമ്മിച്ചിട്ടുള്ള ബോട്ട് ഷെൽട്ടർ 15 മീറ്റർ വെള്ളത്തിലേക്ക് തള്ളി നിർമ്മിച്ചിട്ടുള്ളത് അനധികൃതവും, അപകടകരവുമാണെന്നും ആയത് പൊളിച്ച് മാറ്റണമെന്നും ഇറിഗേഷൻ കനാൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ 1-2-2000-ലെ സി.ബി. 625/97-ാം നമ്പർ കത്ത് പ്രകാരം നഗരസഭാ സെക്രട്ടറിയെ അറിയിച്ചിട്ടുള്ളതായും കാണുന്നുണ്ട്.

16. പാസഞ്ചർ ബോട്ട് അധികകാലം സർവ്വീസ് നടത്തിയിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. മറ്റു ബോട്ടുകൾ കുറച്ചുകാലത്തെ പ്രവർത്തനത്തിനുശേഷം പ്രവർത്തനരഹിതമാകുകയും ലേലത്തിൽ വിൽക്കുകയും ചെയ്തു. പാസഞ്ചർ ബോട്ട് ഇനിയും ലേലം ചെയ്ത് കൊടുത്തിട്ടില്ല. ശരിയായ സാദ്ധ്യതാ പഠനം നടത്താതെയും, സാങ്കേതിക വിദഗ്ദ്ധരെ ഉൾപ്പെടുത്താതെയും ഡി.പി.സി.യുടെ നിർദ്ദേശങ്ങൾ പാലിക്കാതെയും നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ട് ഒരു പരാജയമായിരുന്നു'.

17. ബോട്ടുകൾ വാങ്ങുന്നതിന് സാങ്കേതിക പരിജ്ഞാനമുള്ള ആരുടെയും സഹായം സ്വീകരിച്ചിട്ടില്ലെന്നും, വളരെ താഴ്ന്ന നിലവാരമുള്ളതും, പ്രവർത്തനക്ഷമത തീരെ ഇല്ലാത്തതുമായ ബോട്ടുകളാണ് വാങ്ങിയിട്ടുള്ളതെന്നും ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സിന്റെ പരിശോധനയിൽ ഇക്കാര്യം വ്യക്തമായിട്ടുള്ളതാണെന്നും സമിതി വിലയിരുത്തി. ബോട്ടുകളുടെ പർച്ചേയ്സ് നടത്തുന്നതിനായി രൂപീകരിച്ച സമിതിയിൽ സാങ്കേതിക പരിജ്ഞാനമുള്ള ആരെങ്കിലും ഉണ്ടായിരുന്നോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് സമിതിയിൽ ഒരു മെക്കാനിക്കൽ എൻജിനീയർ ഉണ്ടായിരുന്നുവെന്നും അദ്ദേഹം എക്സിക്യൂട്ടീവ് എഞ്ചിനീയറായി വിരമിച്ചയാളാണെന്നും നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. നഗരകാര്യ വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എട്ടംഗ സമിതിക്കായിരുന്നു പ്രോജക്ട് നിർവ്വഹണത്തിന്റെ ചുമതലയെന്നും പ്രസ്തുത വിദഗ്ദ്ധ സമിതിയിൽ ഈ വിഷയത്തിൽ സാങ്കേതിക പരിജ്ഞാനമുള്ള ആരും ഉണ്ടായിരുന്നില്ലെന്നും സമിതി വിലയിരുത്തി. ബോട്ട് പ്രവർത്തനക്ഷമമല്ലാതായപ്പോൾ ആയത് സൂചിപ്പിച്ച് കമ്പനിക്ക് നോട്ടീസ് നൽകിയോ എന്നും ഇതു സംബന്ധിച്ച ഫയൽ ലഭ്യമാണോയെന്നുമുള്ള സമിതിയുടെ ചോദ്യങ്ങൾക്ക് നോട്ടീസ് നൽകിയിട്ടില്ലെന്നും ഫയൽ ലഭ്യമാണെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. ബോട്ടുകൾ സപ്ലൈ ചെയ്യുമ്പോൾ തന്നെ ബോട്ടിന്റെ ഡ്രൈവറുടെ പേര്, ഡ്രൈവർക്ക്

ലൈസൻസ് ഉണ്ടോ എന്നീ വിവരങ്ങൾ അടങ്ങുന്ന ഫോറം പൂരിപ്പിച്ച് നൽകേണ്ടിയിരുന്നെന്നും, ലൈഫ് ജാക്കറ്റ് പ്രൊവൈഡ് ചെയ്യണമെന്ന് നിഷ്ക്കർഷിച്ചിരുന്നുവെന്നും ആയതു പാലിക്കാതിരുന്നതിനാലാണ് ഗ്യാരന്റി ലഭ്യമാകാത്തതെന്നുമാണ് ഫയൽ പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. ഡി.പി.സി. ക്കു സമർപ്പിച്ച പ്രോജക്ട് എന്തായിരുന്നുവെന്നും അതിന്റെ കമ്പോണന്റ്സ് എന്തായിരുന്നുവെന്നും സമിതി ആരാഞ്ഞതിന് വിനോദ സഞ്ചാര വികസനവുമായി ബന്ധപ്പെട്ട പ്രോജക്ട് ആയിരുന്നുവെന്നും ബോട്ട് ജെട്ടി കെട്ടുക, പാസഞ്ചർ ബോട്ട്, വാട്ടർ സ്കൂട്ടർ, റോയിംഗ് ബോട്ട്, സ്പീഡ് ബോട്ട്, പെഡൽ ബോട്ട് എന്നിവ ആവശ്യാനുസരണം വിനോദസഞ്ചാരികൾക്ക് വാടകയ്ക്കു കൊടുക്കുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യമെന്നും സെക്രട്ടറി വിശദീകരിച്ചു.

18. പാസഞ്ചർ ബോട്ടുകൾ ലേലം ചെയ്യുകയും വില്പന നടത്തുകയും ചെയ്തതിൽ ലഭ്യമായ വരുമാനം എത്രയാണെന്ന് സമിതി ആരാഞ്ഞതിന് ഒരു ബോട്ട് ഒഴികെ ബാക്കിയുള്ളവയെല്ലാം പ്രവർത്തനക്ഷമമല്ലാതായപ്പോൾ ലേലം ചെയ്ത് വില്പന നടത്തിയെന്നും ആയതിൽ നിന്നും 2,30,101 രൂപ ലഭ്യമായെന്നും ഇപ്പോൾ നിലവിൽ ഒരു പാസഞ്ചർ ബോട്ടുണ്ടെന്നും അത് പ്രവർത്തനക്ഷമമല്ലെന്നും സെക്രട്ടറി മറുപടി നൽകി.

19. ഡി.പി.സി. യിൽ വെച്ചപ്പോൾ ഡി.റ്റി.പി.സി.യുമായും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമായും ചേർന്ന് പദ്ധതി നടത്തണമെന്ന് പ്രത്യേകം പറഞ്ഞിട്ടുണ്ടായിരുന്നതായും ബോട്ട് ജെട്ടി ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ കസ്റ്റഡിയിലുള്ളതാണെന്നും പാസഞ്ചർ ബോട്ട് ഓപ്പറേറ്റ് ചെയ്യുന്നതിന് ബോട്ടിന്റെ ഇൻസ്പെക്ടർ, കനാൽ ഓഫീസർ എന്നിവരുടെ സർട്ടിഫിക്കറ്റും കനാൽ ആക്ട് അനുസരിച്ചുള്ള നിയമങ്ങളും പാലിക്കണമെന്നും ആയത് പാലിക്കാത്തതിനാലാണ് ബോട്ട് ഓപ്പറേറ്റ് ചെയ്യാൻ സാധിക്കാത്തതെന്നും നഗരകാര്യ ഡയറക്ടർ വ്യക്തമാക്കി.

20. പാസഞ്ചർ ബോട്ട് ഇപ്പോൾ നിലവിലുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് അനധികൃത മണൽവാരൽ നടന്ന സമയത്ത് പോലീസുകാർക്കും റവന്യൂ അധികൃതർക്കും ബോട്ട് വാടകയ്ക്കു നൽകിയ ഇനത്തിൽ ഏകദേശം 50,000 രൂപയുടെ വരുമാനം ലഭ്യമായിട്ടുണ്ടെന്നും ബോട്ട് ഇപ്പോൾ പ്രവർത്തനക്ഷമമല്ലെന്നും സെക്രട്ടറി മറുപടി നൽകി.

21. ബോട്ട് സപ്ലൈ ചെയ്ത് എത്ര നാൾ കഴിഞ്ഞാണ് പണം കൊടുത്തത് എന്നും പണം കൊടുക്കുന്നതിനുള്ളിൽ ബോട്ടിന് എന്തെങ്കിലും കേടുപാടുകൾ വന്നിട്ടുണ്ടോ എന്നും ആയത് കമ്പനിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ എന്നും കേടുപാടുകൾ വന്നതിനാൽ കമ്പനിക്കു നൽകുവാനുള്ള ബിൽ തുകയിൽ നിന്നും നിശ്ചിത തുക നിലനിർത്തിയാണോ കൊടുത്തതെന്നുമുള്ള സമിതിയുടെ ചോദ്യങ്ങൾക്ക് ബോട്ട് കൊണ്ടുവന്നതിനുശേഷമാണ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സിന്റെ പെർമിറ്റ് വാങ്ങണമെന്ന് മനസ്സിലായതെന്ന് സെക്രട്ടറി മറുപടി നൽകി.

22. ഇപ്പോൾ നിലവിൽ മുനിസിപ്പാലിറ്റിയുടെ കൈവശമുള്ള പാസഞ്ചർ ബോട്ടിന്റെ അറ്റകുറ്റപ്പണികൾക്കായിട്ടാണോ 5,34,600 രൂപ ചെലവഴിച്ചത് എന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത തുക ബോട്ടിന്റെ വിലയാണെന്നും കുറച്ചുനാൾ

ബോട്ട് ഉപയോഗിച്ചിട്ടുണ്ട് എന്നും സെക്രട്ടറി മറുപടി നൽകി. ബോട്ട് ജെട്ടി നിർമ്മാണത്തിന് മുനിസിപ്പാലിറ്റിയാണ് പണം ചെലവാക്കിയതെന്ന് സമിതിയുടെ ചോദ്യത്തിന് ഉത്തരമായി സെക്രട്ടറി അറിയിച്ചു.

23. ബോട്ടുകൾ വാങ്ങിയതും ബോട്ടുജെട്ടിയുടെ നിർമ്മാണവും സംബന്ധിച്ച ഫയലുകൾ ലഭ്യമായ സ്ഥിതിക്ക് ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറെ കാണിച്ച് ബോധ്യപ്പെടുത്തണമെന്നും അല്ലാത്തപക്ഷം ഇതുമായി ബന്ധപ്പെട്ട ആളുകളുടെ പേരിൽ ബാധ്യത ചുമത്തുന്നതാണെന്നും സമിതി നിർദ്ദേശിച്ചു.

24. സമിതിയുടെ നിർദ്ദേശപ്രകാരം ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകളെല്ലാം 17-9-2008-ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് പരിശോധനയ്ക്കായി നൽകിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 18-5-2010-ലെ 47905/ എ.ബി.1/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം അറിയിച്ചിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

**25. ആലുവ നഗരസഭയിൽ ടൂറിസം വികസനത്തിന്റെ ഭാഗമായി ബോട്ടുകൾ വാങ്ങുന്നതിനും ബോട്ടുജെട്ടി നിർമ്മാണത്തിനുമായി ആരംഭിച്ച പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ഗുരുതരമായ പാളിച്ച സംഭവിച്ചിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. പ്രോജക്ടിന്റെ നിർവ്വഹണത്തിനായി രൂപീകരിച്ച സമിതിയിൽ സാങ്കേതിക പരിജ്ഞാനമുള്ളവരെ ഉൾപ്പെടുത്താതിരുന്നതും പദ്ധതിക്ക് താൽക്കാലികാനുമതി നൽകിയപ്പോൾ നൽകിയ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതും മുനിസിപ്പാലിറ്റിയുടെ വീഴ്ചയായി സമിതി വിലയിരുത്തുന്നു. ഒരു സംയുക്ത സംരംഭമായി ടൂറിസം വകുപ്പിന്റെയും ജലഗതാഗതവകുപ്പിന്റെയും ഉപദേശത്തോടുകൂടിയും സഹകരണത്തോടുകൂടിയും നടപ്പാക്കേണ്ടിയിരുന്ന പദ്ധതി നഗരസഭ വേണ്ടത്ര പരിജ്ഞാനമില്ലാതെ സ്വന്തമായി നടപ്പാക്കിയതാണ് പദ്ധതി ഭീമമായ പരാജയമാകാൻ കാരണമെന്ന് സമിതി വിലയിരുത്തുന്നു.**

**26. വാങ്ങിയ ബോട്ടുകളുടെ പ്രവർത്തനക്ഷമതയോ ഗുണനിലവാരമോ ഉറപ്പുവരുത്തുന്നതിനുള്ള പ്രാഥമിക നടപടികൾ പോലും നഗരസഭ കൈക്കൊണ്ടില്ലായെന്ന വസ്തുത സമിതിയെ അത്ഭുതപ്പെടുത്തുന്നു. കൂടാതെ വാങ്ങിയ ബോട്ടുകൾക്ക് നിശ്ചിതകാലത്തേയ്ക്കെങ്കിലുമുള്ള ഗ്യാരന്റി ഉറപ്പാക്കുന്നതിന് നഗരസഭ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലയെന്നത് അത്യന്തം ദുരൂഹമാണ്. യാതൊരു തത്വദീക്ഷയുമില്ലാതെ പദ്ധതി തുക ധൂർത്തടിച്ചതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഈ പ്രോജക്ടെന്ന് സമിതി അഭിപ്രായപ്പെടുന്നു.**

**27. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ബാദ്ധ്യത കൃത്യമായി നിശ്ചയിച്ച് ഓഡിറ്റ് വകുപ്പ് സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഓപ്പൺ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം—കൺവീനർക്ക് ക്രമരഹിതമായി മുൻകൂർ നൽകി**

ഓപ്പൺ സ്പോർട്സ് കോംപ്ലക്സിന്റെ നിർമ്മാണത്തിന്റെ രണ്ടാം ഘട്ടത്തിന് എട്ടു ലക്ഷം രൂപയുടെ ഒരു പദ്ധതി തയ്യാറാക്കുകയുണ്ടായി. പദ്ധതിയുടെ നടത്തിപ്പിലേക്കായി ശ്രീ. റ്റി. എം. വർഗ്ഗീസ് എന്ന വ്യക്തിയെ കൺവീനറായി തെരഞ്ഞെടുക്കുകയും മുൻകൂറായി 50,000 രൂപ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയശേഷം യാതൊരു വേലയും നടത്തുകയോ കൈപ്പറ്റിയ തുക തിരികെ ഫണ്ടിൽ അടയ്ക്കുകയോ ചെയ്തിട്ടില്ല. തുടർന്ന് 1999-2000 വർഷത്തിൽ തുടർ പദ്ധതിയെന്ന പേരിൽ പുതുതായി 6,90,000 രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ശ്രീ. റ്റി. എം. വർഗ്ഗീസിനെ തന്നെ വീണ്ടും കൺവീനറായി തെരഞ്ഞെടുക്കുകയും മുൻകൂറായി 1,00,000 രൂപ നൽകുകയും ചെയ്തിട്ടുണ്ട്. മുൻകൂറായി 50,000 രൂപ കൈപ്പറ്റി വേല നടത്താതിരുന്ന വ്യക്തിയെ തന്നെ വീണ്ടും കൺവീനറായി തെരഞ്ഞെടുത്തതും, നിയമ പ്രകാരം അനുവദനീയമായ മുൻകൂർ തുക 50,000 രൂപയാണെന്നിരിക്കെ വീണ്ടും അഡ്വാൻസായി 1,00,000 രൂപ നൽകിയതും പ്ലാൻ ഫണ്ട് ദുർവിനിയോഗം ചെയ്തതിന്റെ വ്യക്തമായ തെളിവുകളാണ്. ആകയാൽ യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതും ആദ്യം നൽകിയ 50,000 രൂപയും, രണ്ടാമതു നൽകിയ അഡ്വാൻസായ 1,00,000 രൂപയിൽ നിയമവിരുദ്ധമായി കൺവീനർക്ക് അനുവദിച്ച 50,000 രൂപയും പിഴപ്പലിശ സഹിതം ഈടാക്കേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03, ഖണ്ഡിക VII-11-15(iii).]

ഓഡിറ്റ് പരാമർശത്തിൻമേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി:—

28. "ഗുണഭോക്തൃ സമിതി വാങ്ങിയ അഡ്വാൻസ് തുക വിനിയോഗിച്ചതു സംബന്ധിച്ച കണക്കുകൾ, രേഖകൾ ഇവ ഹാജരാക്കാൻ കൺവീനർക്ക് അറിയിപ്പു നൽകിയിരുന്നു. അതനുസരിച്ച് ടിയാൻ 1,50,000 രൂപ അഡ്വാൻസ് കൈപ്പറ്റിയത് അർബൻ ബാങ്കിൽ നിക്ഷേപിച്ചതായും 1,72,507 രൂപയുടെ പ്രവൃത്തി ചെയ്തതായും ഇതു സംബന്ധിച്ച രേഖകൾ നഗരസഭാ അധികൃതരെ ഏൽപ്പിച്ചതായും അറിയിച്ചിട്ടുണ്ട്. എന്നാൽ രേഖകൾ ഹാജരാക്കാത്തതിനാൽ ടി അഡ്വാൻസ് തുക തിരികെ അടയ്ക്കുവാൻ കൺവീനറുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

29. സ്ഥലം പരിശോധിച്ചതിൽ മണപ്പുറത്തോടനുബന്ധിച്ച് കല്ലുകെട്ടി തിരിച്ച ഏതാനും സ്ഥലത്ത് മണ്ണ് ഫിൽ ചെയ്തിട്ടുള്ളതായി കാണുന്നുണ്ട്."

[തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 21-8-.2008-ലെ 47905/എ.ബി.1/08/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭിച്ചത്.]

30. ഓപ്പൺ സ്പോർട്സ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തിയാക്കിയോയെന്ന് സമിതി ആരാഞ്ഞതിന് വർക്ക് പൂർത്തിയായെന്നും ആയത് നേരിൽ കണ്ട് ബോധ്യപ്പെട്ടതാണെന്നും ആലുവ നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

31. ഓപ്പൺ സ്പോർട്സ് കോംപ്ലക്സിന്റെ നിർമ്മാണത്തിന്റെ രണ്ടാം ഘട്ടത്തിന് 8 ലക്ഷം രൂപയുടെ പദ്ധതിയുടെ നടത്തിപ്പിലേക്ക് ശ്രീ. റ്റി.എം. വർഗ്ഗീസിനെ

കൺവീനറായി തെരഞ്ഞെടുത്ത് 50,000 രൂപ അഡ്വാൻസ് നൽകിയിരുന്നു. ആ വർക്ക് പൂർത്തിയാകാതെ തുടർപദ്ധതിയെന്ന പേരിൽ ഈ പ്രോജക്ട് മാറ്റി പുതുതായി 6,90,000 രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി വീണ്ടും റ്റി. എം. വർഗ്ഗീസിനെത്തന്നെ കൺവീനറായി തെരഞ്ഞെടുത്ത് ഒരു ലക്ഷം രൂപ അഡ്വാൻസ് നൽകിയതും ഒരിക്കൽ അഡ്വാൻസ് വാങ്ങി പണി പൂർത്തിയാക്കാത്ത വ്യക്തിയെത്തന്നെ വീണ്ടും കൺവീനറായി തെരഞ്ഞെടുത്തതെന്തുകൊണ്ടാണെന്നും അദ്ദേഹം വാങ്ങിയ തുകയുടെ വർക്ക് പൂർത്തിയാക്കിയോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി താൻ സ്ഥലം നേരിൽ കണ്ടു പരിശോധിച്ചെന്നും 170 × 120 മീറ്റർ നീളത്തിൽ റബിൾ കല്ലുപയോഗിച്ച് മുക്കാൽ ഇഞ്ച് കനത്തിൽ കോൺക്രീറ്റ് ചെയ്തിട്ടുണ്ടെന്നും, റെഡ്സാന്റ് കൊണ്ട് ഫിൽ ചെയ്തിട്ടുണ്ടെന്നും ഫുട്ബോൾ കളിക്കുന്നതിനായി ജി.ഐ. പൈപ്പ് ഉപയോഗിച്ച് ഗോൾപോസ്റ്റ് നിർമ്മിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു. പ്രസ്തുത വർക്ക് ചെയ്തതിന്റെ മെഷർമെന്റ് എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടോയെന്നും എം. ബുക്ക് പ്രകാരം ബിൽ തുക എത്രയാണെന്നും സമിതി ആരാഞ്ഞതിന് എം. ബുക്കിൽ മെഷർമെന്റ് രേഖപ്പെടുത്തിയിട്ടുണ്ടെന്നും 1,72,507 രൂപയ്ക്കുള്ള വർക്ക് ചെയ്തിട്ടുണ്ടെന്നും ഇതിൽ 1,50,000 രൂപ അഡ്വാൻസ് നൽകിയെന്നും ബാക്കിയുള്ള 22,507 രൂപ കൺവീനർക്ക് നൽകിയെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. കൺവീനർ വാങ്ങിയ തുകയ്ക്കുള്ള പണികൾ ചെയ്തിട്ടുള്ളതിനാൽ ടിയാനെതിരെ ആർ.ആർ. നടപടിക്ക് നോട്ടീസ് നൽകിയത് ശരിയായ നടപടിയല്ലെന്നും സമിതി ചൂണ്ടിക്കാണിച്ചു.

32. അഡ്വാൻസ് നൽകിയ തുകയ്ക്കുള്ള പണികൾ ചെയ്തതിന്റെ രേഖകൾ ഓഡിറ്റിനു ലഭ്യമാക്കാതിരുന്നതിനാലാണ് ഇതു സംഭവിച്ചതെന്നും സത്യസന്ധമായി ജോലി ചെയ്ത ശ്രീ. റ്റി.എം. വർഗ്ഗീസിന് ആർ.ആർ. നോട്ടീസ് നൽകിയതു അപമാനമാണെന്നും സമിതി വിലയിരുത്തി. ഓഡിറ്റ് പാര ലഭിച്ചപ്പോൾ നഗരസഭ പ്രതികരിച്ചില്ലെന്നും മറുപടി അയച്ചില്ലെന്നും സമിതി ചൂണ്ടിക്കാണിച്ചു.

33. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റുകാരെ കാണിച്ച് ബോധ്യപ്പെടുത്തുന്നതോടുകൂടി ഇത് തീരാവുന്നതേയുള്ളൂവെന്നും സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത രേഖകൾ രണ്ടാഴ്ചയ്ക്കുള്ളിൽ ലോക്കൽ ഫണ്ട് ഓഡിറ്റിനു പരിശോധനയ്ക്കായി നല്കണമെന്ന് സമിതി നിർദ്ദേശിച്ചു.

34. സമിതിയുടെ നിർദ്ദേശപ്രകാരം സ്വീകരിച്ച നടപടികൾ സംബന്ധിച്ച് 18-5-2010-ലെ 47905/എ.ബി.1/08/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി ലഭ്യമാക്കിയ റിപ്പോർട്ടിൽ ഓപ്പൺ സ്പോർട്സ് കോംപ്ലക്സിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട വർക്കുകൾ ചെയ്തതിന്റെ രേഖകൾ 17-9-2008-ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസർക്ക് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 28-6-2010-ലെ കത്തു പ്രകാരം ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് താഴെ ചേർക്കുന്നു.

35. "1997-98, 98-99 വർഷങ്ങളിലായി 2 വർഷം കൊണ്ട് പൂർത്തിയാക്കുക എന്ന ലക്ഷ്യം വച്ച് 16 ലക്ഷം രൂപ ചെലവ് വരുന്ന ഒരു പ്രോജക്ടായിരുന്നു ഓപ്പൺ സ്പോർട്സ് കോംപ്ലക്സ്. ഒന്നാം ഘട്ടമായി 1997-98 വർഷത്തിൽ 130/100 സ്ക്വയർ

മീറ്റർ സ്ഥലത്ത് മണ്ണ് ഫില്ല് ചെയ്ത് ഗ്രൗണ്ട് ഉയർത്തുന്നതിന് 8 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി ചെലവ് ചെയ്തതിന്റെ രേഖകൾ ഫയലിലുണ്ട്. രണ്ടാം ഘട്ടമായി നടപ്പിൽ വരുത്താൻ ഉദ്ദേശിച്ച ഇതേ പേരിലുള്ള പ്രോജക്ടിനുവേണ്ടിയാണ് 50,000 രൂപ 29-5-1999-ൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് നൽകിയിട്ടുള്ളത്. എന്നാൽ പണി പൂർത്തീകരിച്ചതായി കാണിക്കുന്ന രേഖകളായ പാർട്ട്/ഫൈനൽ ബില്ലുകൾ, മോണിറ്ററിംഗ് സമിതി റിപ്പോർട്ട്, പൂർത്തീകരണപത്രം എന്നിവ ഫയലിൽ ഇല്ല. എം.ബുക്കും ലഭ്യമാക്കിയില്ല. കൺവീനർക്ക് നൽകിയ അഡ്വാൻസ് തുകയായ 50,000 രൂപ തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ട് ശ്രീ. ടി. എം. വർഗീസിന് എ.3/7476/08 തീയതി: 14-8-2008 നമ്പർ കത്ത് പ്രകാരം നോട്ടീസ് അയച്ചതായി ഫയലിൽ കാണുന്നുണ്ട്. തുടർനടപടികൾ ഒന്നും തന്നെ ഫയലിൽ ഇല്ല.”

## നിഗമനങ്ങൾ/ശുപാർശകൾ

36. **ഓപ്പൺ സ്പോർട്സ് കോംപ്ലക്സിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കൺവീനർക്ക് ക്രമരഹിതമായി മുൻകൂർ നൽകിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിനു നൽകാതിരുന്നതാണെന്നു സമിതി വിലയിരുത്തുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയിട്ടുള്ള പുനഃപരിശോധനാ റിപ്പോർട്ടു പ്രകാരം ടി പദ്ധതിയുടെ 2-ാം ഘട്ടത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന പ്രവൃത്തി പൂർത്തീകരിച്ചതായി തെളിയിക്കുന്ന രേഖകളായ പാർട്ട്/ഫൈനൽ ബില്ലുകൾ, മോണിറ്ററിംഗ് സമിതി റിപ്പോർട്ട്, പൂർത്തീകരണപത്രം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ലെന്നും എം.ബുക്ക് പരിശോധനയ്ക്കായി ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു.**

37. **എന്നാൽ സമിതിയുടെ തെളിവെടുപ്പുയോഗത്തിൽ ടി പ്രോജക്ട് പൂർത്തിയാക്കിയിട്ടുണ്ടെന്നും പ്രവൃത്തി ചെയ്തതിന്റെ മെഷർമെന്റ് എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും എം. ബുക്കു പ്രകാരം 1,72,507 രൂപയ്ക്കുള്ള വർക്ക് ചെയ്തിട്ടുണ്ടെന്നും ആലുവ മുനിസിപ്പൽ സെക്രട്ടറി തെളിവു നൽകിയിട്ടുള്ള സാഹചര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റിന്റെയും മുനിസിപ്പാലിറ്റിയുടെയും വാദഗതികൾ പരസ്പരവിരുദ്ധമാണെന്നു സമിതി അഭിപ്രായപ്പെടുന്നു. ഈ സാഹചര്യത്തിൽ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പ്രസ്തുത പദ്ധതിയുടെ ഭൗതിക പരിശോധന നടത്തി സത്യാവസ്ഥ സമിതിയെ ബോധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

38. **ടി പ്രവൃത്തിയുടെ എം. ബുക്ക് പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനു ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് ആയതു പരിശോധിച്ച് സമിതിക്ക് റിപ്പോർട്ടു നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ പ്ലസ് ടു കോഴ്സിന് ഭൗതിക സൗകര്യം—നടത്തിപ്പിലെ അപാകതകൾ**

ആലുവ ഹയർ സെക്കന്ററി സ്കൂളിൽ പ്ലസ് ടു കോഴ്സിന് ക്ലാസ് മുറികൾ, ലൈബ്രറി, ലബോറട്ടറി എന്നിവ ക്രമീകരിക്കുന്നതിനും ഫർണിച്ചറുകൾ ലഭ്യമാക്കുന്നതിനുമായി പ്ലാൻ ഫണ്ടിൽ നിന്നും 2,09,000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രിൻസിപ്പലിന് കൈമാറിയിട്ടുണ്ട്. 1999-2000 വർഷത്തിൽ

പദ്ധതിക്കുവേണ്ടി 5,10,025 രൂപ ചെലവഴിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ കണക്കുകളിൽ കാണുന്നു. ഇതിൽ മരാമത്ത് വേലകൾക്കായി 2,39,695 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും നിലവിലുള്ള വ്യവസ്ഥകൾ പാലിക്കാതെയും അംഗീകൃത വ്യവസ്ഥകൾക്ക് അനുസൃതമല്ലാതെയുമാണ് പേയ്മെന്റ് നടത്തിയിരിക്കുന്നത്. ഫർണിച്ചർ നിർമ്മിച്ച വകയിൽ 1,91,868 രൂപ ചെലവ് കാണിച്ചിട്ടുണ്ട്. ക്വൊട്ടേഷൻ അടിസ്ഥാനത്തിലോ, ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ ഫർണിച്ചറുകൾ വാങ്ങാതെ കൂടുതൽ വിലയ്ക്ക് തടി വാങ്ങി ഉയർന്ന കൂലി നൽകി നിർമ്മിച്ച നടപടി വ്യവസ്ഥകളുടെ ലംഘനമാണ്. മരാമത്ത് പണികളുടെ വിശദമായ അളവുകൾ രേഖപ്പെടുത്തിയതിന്റേയും, നഗരസഭ എൻജിനീയറിംഗ് വിഭാഗം അവയുടെ മൂല്യ നിർണ്ണയം നടത്തിയതിന്റേയും രേഖകൾ ഹാജരാക്കാത്തതിനാലും ഫർണിച്ചറുകളുടെ സ്റ്റോക്ക്, വിലവിവരം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാലും തൻവർഷം ഉദ്യോഗസ്ഥന് നല്കിയ 2,09,000 രൂപ ആഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03, ഖണ്ഡിക VII-11-15(iv).]

ഓഡിറ്റ് പരാമർശത്തിൻമേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി:—

39. "1999-2000 വർഷത്തിൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ ഫർണിച്ചർ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചെങ്കിലും ആരും ക്വട്ടേഷൻ നൽകാൻ തയ്യാറാകാത്ത സാഹചര്യത്തിൽ പ്രോജക്ട് ഇംപ്ലിമെന്റിംഗ് കമ്മിറ്റിയുടെ ഐകകണ്ഠേനയുള്ള തീരുമാനം അനുസരിച്ച് മരം തടി മില്ലുകളിൽ നിന്നും വാങ്ങി സ്കൂളിൽ വച്ച് തന്നെ പണിയിച്ചിട്ടുള്ളതാണെന്ന് പ്രിൻസിപ്പൽ അറിയിച്ചിട്ടുണ്ട്. വൗച്ചറുകളും കണക്കുകളും സൂക്ഷിച്ചിട്ടുണ്ട്."

[തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 21-8-2008-ലെ 47905/എ.ബി.1/08/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭിച്ചത്.]

40. പ്ലസ് ടു കോഴ്സിന് ഭൗതികസൗകര്യം ഏർപ്പെടുത്തുന്നതിനായിട്ടുള്ള വർക്കിന് പ്രിൻസിപ്പലിനെ ഇംപ്ലിമെന്റിംഗ് ഓഫീസറായി നിയമിച്ചു എന്നതല്ലേ ഓഡിറ്റ് പരാമർശത്തിന് കാരണമെന്ന് സമിതി ആരാഞ്ഞതിന് അതെയെന്ന് സെക്രട്ടറി മറുപടി നല്കി. പ്രിൻസിപ്പലിനെ ഇംപ്ലിമെന്റിംഗ് ഓഫീസറായി നിയമിച്ചതിന്റെ അടിസ്ഥാനമെന്താണെന്ന സമിതിയുടെ ചോദ്യത്തിന് ഓഫീസർ എന്നുള്ള നിലയിലാണ് നിയമിച്ചതെന്ന് സെക്രട്ടറി മറുപടി പറഞ്ഞു. പ്രിൻസിപ്പൽ ചെലവഴിച്ച തുകയ്ക്കുള്ള രേഖകൾ വാങ്ങിയിട്ടുണ്ടെന്നും സെക്രട്ടറി സമിതിയുടെ ചോദ്യത്തിനുത്തരമായി പറഞ്ഞു.

41. പ്ലസ് ടു കോഴ്സിന് ഭൗതികസൗകര്യം ഏർപ്പെടുത്തുന്നതിനായിട്ടുള്ള ജോലികൾക്ക് ടെണ്ടർ ക്ഷണിച്ചപ്പോൾ ആരും ടെണ്ടർ നൽകാതെ വന്ന സാഹചര്യത്തിൽ പി.റ്റി.എ. നേരിട്ടു നടത്തിയ പണികളാണിതെന്നും ഇതിന്റെ ചെലവിനായി നഗരസഭ നല്കിയത് 2,09,000 രൂപയായിരുന്നെന്നും ചെലവായ തുക 5,10,025 രൂപയാണെന്നും അധികം ചെലവായ തുക പി.ടി.എ. ഡൊണേഷനാണെന്നും സെക്രട്ടറി സമിതിയിൽ വ്യക്തമാക്കി. നടപടികൾ ചട്ടപ്രകാരമല്ല ചെയ്തിരിക്കുന്നതെന്നതാണ് ഓഡിറ്റ് ഒബ്ജക്ഷനെന്നും രേഖകൾ ഓഡിറ്റ് വകുപ്പിനെ കാണിച്ച് ബോദ്ധ്യപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

42. **ആലുവ ഹയർ സെക്കന്ററി സ്കൂളിൽ ഭൗതിക സാഹചര്യം ഏർപ്പെടുത്തുന്നതിന് ചെലവഴിച്ച തുകയ്ക്കുള്ള രേഖകൾ ലഭ്യമാണെന്നും നഗരസഭ നൽകിയ 2,09,000 രൂപയേക്കാൾ അധികരിച്ച് 5,10,025 രൂപ മൊത്തം ചെലവായിട്ടുണ്ടെന്നും, ആയത് പി.ടി.എ. ഡൊണേഷനിൽ നിന്നുമാണ് കണ്ടെത്തിയതെന്നുമുള്ള സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കരാറുകാരന് അധികമായി തുക നൽകിയതിനാൽ 47,233 രൂപയുടെ സാമ്പത്തിക നഷ്ടം**

നഗരസഭയുടെ ഹെൽത്ത് വിഭാഗത്തിന്റെ ആവശ്യാനുസരണം നാലാം മൈൽ ട്രെഞ്ചിംഗ് ഗ്രൗണ്ടിൽ നിന്നും ചവർ നീക്കം ചെയ്യുന്നതിന്റെ ഭാഗമായി എഞ്ചിനീയറിംഗ് വിഭാഗം ഈ വേലയ്ക്ക് 3,20,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും വേലയുടെ നടത്തിപ്പിന് കരാറുകാരിൽ നിന്നും മത്സരസ്വഭാവമുള്ള ടെന്ററുകൾ ക്ഷണിച്ച് നടത്തുന്നതിന് ശുപാർശ ചെയ്യുകയുമുണ്ടായി. എന്നാൽ ഇതിനു വിപരീതമായി നിയമാനുസൃതമായി പത്രപ്പരസ്യം വഴി ക്വട്ടേഷൻ ക്ഷണിക്കാതെ കരാറുകാരിൽ നിന്നും നേരിട്ട് ക്വട്ടേഷൻ ക്ഷണിച്ച് വേല നടത്തിയിരിക്കുന്നതായി കാണുന്നു. മണ്ണും ചവറും ഇളക്കി കോരി എടുത്ത് ലോറി മാർഗ്ഗം അഞ്ചു കിലോമീറ്ററിനുള്ളിൽ വിവിധ സ്ഥലങ്ങളിലേക്ക് നീക്കം ചെയ്യുന്നതിന് പരമാവധി അനുവദനീയമായ നിരക്ക് ഘനമീറ്ററിന് 80 രൂപ മാത്രമാണ്. എന്നാൽ ഇവിടെ ഘനമീറ്ററിന് 95 രൂപ പ്രകാരം നൽകിയിട്ടുള്ളതിനാൽ 47,233 രൂപയുടെ അധിക ചെലവ് നഗരസഭയ്ക്ക് സംഭവിച്ചിട്ടുണ്ട്. ഇപ്രകാരം അധികമായി നൽകിയ തുക കരാറുകാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03, ഖണ്ഡിക VII-11-15(v).]

ഓഡിറ്റ് പരാമർശത്തിൻമേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി:—

43. "ചവറു കലർന്ന മണ്ണു നീക്കം ചെയ്യുന്നതിന് ക്വട്ടേഷൻ വഴി ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. റ്റി. ബി. ബാബു 95 രൂപ/ക്യു.മീ. നിരക്കിലാണ് വേല ഏറ്റെടുത്ത് നടത്തിയിട്ടുള്ളത്. ഓഡിറ്റ് തടസ്സവാദത്തിൽ പറഞ്ഞിരിക്കുന്ന ഡാറ്റ 56 പ്രകാരം നിരക്ക് കണക്കാക്കി 5 കി.മീ. കൺവേയൻസ് കൊടുക്കുമ്പോൾ 80.33 രൂപ/ക്യു.മീ. മാത്രമേ കൊടുക്കാൻ പാടുള്ളൂ എന്നാണ്. എന്നാൽ ചവർ അഴുകിയ മണ്ണ് 10 കി.മീ. ന് ഉള്ളിലാണ് നിക്ഷേപിച്ചിട്ടുള്ളതെന്ന് എ.ഇ.ബിൽ സമർപ്പിക്കുമ്പോൾ 25-11-1998-ൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. 10 കി.മീ. വച്ച് ഡാറ്റാ കണക്കാക്കുമ്പോൾ 1999-ലെ ഷെഡ്യൂൾ നിരക്കു പ്രകാരം എം.ക്യു. ന് 102.87 രൂപ വരുന്നതാണ്. ഇതിലും കുറഞ്ഞ നിരക്കായ 95 രൂപ/ക്യു.മീ. പ്രകാരമാണ് കരാറുകാരന് നൽകിയിട്ടുള്ളത്."

[തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 21-8-2008-ലെ 47905/ എ.ബി.1/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭിച്ചത്.]

44. ടെണ്ടർ തുകയിൽ നിന്നും 47,233 രൂപ പഴകിയ ചവർ നീക്കം ചെയ്യുന്നതിന് അധികം കൊടുത്തിരിക്കുന്നു എന്നും പരമാവധി അനുവദനീയമായ നിരക്ക് ഘനമീറ്ററിന് 80 രൂപ ആയിരിക്കെ 95 രൂപവച്ച് നൽകിയതുവഴി 47,233 രൂപ യുടെ അധിക ചെലവ് വരുത്തിയതിനുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് പി. ഡബ്ല്യു.ഡി. നിരക്കു പ്രകാരമുള്ള കൂലിയാണ് ഓഡിറ്റുകാർ പറഞ്ഞിട്ടുള്ളതെന്നും സാധാരണ മണ്ണുപണിക്കാണ് ഈ കൂലി നൽകാറുള്ളതെന്നും ചവർ നീക്കം ചെയ്യുന്നതിനുള്ള സ്കാവഞ്ചറിന്റെ റേറ്റ് 99 രൂപയാണെന്നും, ഇപ്പോൾ നൽകി യിട്ടുള്ളത് 95 രൂപയാണെന്നും ഓഡിറ്റുകാർ മാന്വൽ ലേബറിനുള്ള കൂലിയാണ് കണക്കാക്കിയിരിക്കുന്നതെന്നതിനാലാണ് ചെറിയ വ്യത്യാസം വന്നത് എന്നും ആലുവ മുനിസിപ്പൽ എഞ്ചിനീയർ സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

45. **പഴകിയ ചവർ നീക്കം ചെയ്യുന്നതിന് ടെണ്ടർ തുകയിൽ നിന്നും 47,233 രൂപ അധികം നൽകിയത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന് ആലുവ മുനിസിപ്പൽ എഞ്ചിനീയർ നൽകിയ മറുപടി സമിതി അംഗീകരിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുകയും ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പ്രിയദർശിനി ടൗൺഹാൾ—മോടി പിടിപ്പിക്കൽ—ക്രമക്കേടുകൾ**

ആലുവ നഗരസഭയുടെ പ്രിയദർശിനി ടൗൺ ഹാളിലേക്ക് കർട്ടൻ കൺട്രോൾ ഉപകരണം, ഉന്നതനിലവാരമുള്ള വെൽവെറ്റ് കർട്ടൻ തുണികൾ എന്നിവ സപ്ലൈ ചെയ്ത് തുന്നിപ്പിടിപ്പിക്കുന്നതിന് ആകെ 2,22,240 രൂപ ചെലവായിട്ടുണ്ട്. 1,88,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ചെയ്യാനുദ്ദേശിച്ച പണി നിയമാനുസൃതമായി പത്ര പരസ്യം നൽകി ടെണ്ടർ ക്ഷണിക്കാതെയാണ് ചെയ്തിരിക്കുന്നത്. ചെന്നൈയിലെ മെസേഴ്സ് സൂപ്പർ സിനി കർട്ടൻ വർക്സ് സമർപ്പിച്ച ഏക ക്വട്ടേഷൻ കൗൺസിലിന്റെ അനുവാദം പോലുമില്ലാതെ നെഗോഷിയേഷൻ നടത്തി നാമമാത്രമായ തുക മാത്രം കുറവു ചെയ്തശേഷം വേല ടി സ്ഥാപനത്തിന് ഏൽപ്പിച്ചിരിക്കുന്നതായി കാണുന്നു. 1997-ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾക്കും നഗരസഭയുടെ സാമ്പത്തിക താൽപര്യ ങ്ങൾക്കും വിപരീതമാണ് ഈ നടപടി. കരാറുകാരൻ ക്വൊട്ടേഷൻ രേഖപ്പെടു ത്തിയിട്ടുള്ള തുക മാർക്കറ്റ് റേറ്റിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് തുകയുടെ 23 ശതമാനം വർദ്ധിച്ച തുകയാണ്. കരാറുകാരന് ക്രമവിരുദ്ധമായി 25,000 രൂപ മുനിസിപ്പൽ ഫണ്ടിൽ നിന്നും മുൻകൂർ നൽകിയതായി കാണുന്നു. എസ്റ്റിമേറ്റിൽ ഇല്ലാതിരുന്ന വേലയ്ക്ക് 5,840 രൂപ അധികമായി അനുവദിച്ചതായി കാണുന്നു. മാർക്കറ്റ് റേറ്റിലുള്ള എസ്റ്റിമേറ്റിനേക്കാൾ കരാറുകാരന് അധികമായി അനുവദിച്ച 28,400 രൂപയ്ക്ക് യാതൊരു ന്യായീകരണവും നൽകിയിട്ടില്ലാത്തതിനാൽ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03, ഖണ്ഡിക VII-11-15(vi).]

ഓഡിറ്റ് പരാമർശത്തിൻമേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി:—

46. "ഇ4-1703/98-ാം നമ്പർ ഫയൽ തീയതി 26-8-1998 പ്രകാരം മാധ്യമം പത്രത്തിൽ പരസ്യം ചെയ്ത ക്വട്ടേഷൻ ക്ഷണിച്ചതിൽ ലഭിച്ച ക്വട്ടേഷൻ വീണ്ടും നെഗോഷ്യേറ്റ് ചെയ്താണ് പർച്ചേസ് നടത്തിയിട്ടുളളത്. നഗരസഭ തയ്യാറാക്കിയ മാർക്കറ്റ് റേറ്റിൽ ആരും സാധനം സപ്ലൈ ചെയ്യാൻ തയ്യാറാകാതെ വന്ന സാഹചര്യത്തിലാണ് ഈ പ്രവൃത്തിക്ക് സപ്ലൈ ഓർഡർ നല്കി കർട്ടൻ വാങ്ങിയത്."

[തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 21-8-2008-ലെ 47905/ എ.ബി.1/08/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭിച്ചത്.]

47. പ്രിയദർശിനി ടൗൺഹാൾ മോടിപിടിപ്പിക്കുന്നതിനുളള വർക്ക് ചെന്നൈയിലെ മെസ്സേഴ്സ് സൂപ്പർ സിനി കർട്ടൺ വർക്സിനെ ഏല്പിക്കാനുണ്ടായ സാഹചര്യം സമിതി ആരാഞ്ഞതിന് 1998-ൽ നടത്തിയ വർക്കാണിതെന്നും പി.ഡബ്ല്യു.ഡി. ഷെഡ്യൂളിൽ ഇതിന്റെ റേറ്റ് ഉൾപ്പെടുത്തിയിട്ടില്ലെന്നും എറണാകുളത്ത് ഉന്നതനിലവാരമുള്ള വെൽവെറ്റ് കർട്ടൺ തുണിയുടെ റേറ്റ് അന്വേഷിച്ച് അറിഞ്ഞ് ഷെഡ്യൂൾ ചെയ്തതിനുശേഷം മാധ്യമം പത്രത്തിൽ ഇംഗ്ലീഷിൽ പരസ്യം ചെയ്ത് ടെണ്ടർ ക്ഷണിച്ചെങ്കിലും അന്വേഷിച്ചറിഞ്ഞ മാർക്കറ്റ് റേറ്റിൽ സാധനം നൽകാൻ ആരും തയ്യാറായില്ലെന്നും സെക്രട്ടറി മറുപടി നല്കി. മോട്ടോർ ഉപയോഗിച്ച് ലിഫ്റ്റ് ചെയ്യുന്ന തരത്തിൽ കർട്ടൻ ഫിറ്റ് ചെയ്യേണ്ടിയിരുന്നുവെന്നും പ്രസ്തുത വർക്കിനെ കുറിച്ച് ടെക്നിക്കലായി അറിയാവുന്ന ആളുകൾ ഇല്ലാത്തതിനാലാണ് ചെന്നൈയിലെ മെസ്സേഴ്സ് സൂപ്പർ സിനി കർട്ടൻ വർക്കിനെ തന്നെ നെഗോഷ്യേറ്റ് ചെയ്ത് ഏൽപ്പിച്ചതെന്നും പുതിയ ടൗൺ ഹാൾ ആയതുകൊണ്ടും പല പരിപാടികൾക്കും ഹാൾ കൊടുക്കാൻ ഉദ്ദേശിച്ചിരുന്നതുകൊണ്ടും, നല്ല രീതിയിൽ കർട്ടൺ ഒരുക്കണമെന്നുള്ള ഉദ്ദേശത്തിലാണ് ഇങ്ങനെ ചെയ്തതെന്നും, ഇപ്പോഴും ഭംഗിയായി പ്രവർത്തിക്കുന്നുണ്ടെന്നും സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

48. ചെന്നൈയിലെ മെസേഴ്സ് സൂപ്പർ സിനി കർട്ടൻ വർക്ക്സ് സമർപ്പിച്ച ഏക ക്വട്ടേഷൻ, കൗൺസിലിന്റെ അംഗീകാരമില്ലാതെ നെഗോസിയേഷൻ നടത്താൻ ചെയർമാൻ ഉത്തരവ് നൽകാനുണ്ടായ സാഹചര്യം സമിതി ആരാഞ്ഞതിന് കൗൺസിലിന്റെ അനുവാദം പ്രതീക്ഷിച്ചാണ് ഇപ്രകാരം ചെയ്തതെന്നും കൗൺസിലിന്റെ സബ്സിക്വന്റായുള്ള സാധൂകരണം വാങ്ങേണ്ടതായിരുന്നുവെന്നും എന്നാൽ കൗൺസിലിന്റെ സാധൂകരണം ലഭിച്ചിട്ടുണ്ടോയെന്നുള്ള വിവരം ഫയലിലെ രേഖകളിൽ നിന്നും വ്യക്തമല്ലെന്നും ആലുവ നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. ടൗൺ ഹാൾ മോടിപിടിപ്പിക്കുന്നതിനുള്ള വർക്കിന് മൂന്നുപേരിൽ നിന്ന് ക്വട്ടേഷൻ ലഭിച്ചിട്ടുണ്ടെന്നും ആയതിന് ഫയലിൽ രേഖയുണ്ടെന്നും സെക്രട്ടറി വെളിപ്പെടുത്തി.

49. കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾക്ക് വിരുദ്ധമായി കൗൺസിലിന്റെ അംഗീകാരമില്ലാതെ നെഗോസിയേഷൻ നടത്താനുള്ള ഉത്തരവ് നൽകുവാൻ മുനിസിപ്പൽ

ചെയർമാന് അധികാരമില്ലെന്ന് സമിതി ചൂണ്ടിക്കാണിച്ചു. നടപടിക്രമങ്ങൾ പാലിക്കാതെ യഥേഷ്ടം പണം വിനിയോഗിക്കാമെന്നുള്ള നിലപാട് ശരിയല്ലെന്നും കൗൺസിലിന്റെ സാധൂകരണം ലഭ്യമാക്കാത്തിടത്തോളം അന്നത്തെ സെക്രട്ടറിയും ചെയർമാനും നഗരസഭാ ഫണ്ടിനുണ്ടായ നഷ്ടത്തിന് ഉത്തരവാദികളാണെന്നും സമിതി അഭിപ്രായപ്പെട്ടു. മെസ്സേഴ്സ് സൂപ്പർ സിനി കർട്ടൺ വർക്സിന്റെ ക്വട്ടേഷൻ നെഗോഷ്യേറ്റ് ചെയ്തതിന് നഗരസഭാ കൗൺസിലിന്റെ സാധൂകരണം ലഭ്യമാക്കി ആയതിന്റെ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

50. സമിതിയുടെ നിർദ്ദേശ പ്രകാരം സ്വീകരിച്ച നടപടികൾ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 18-6-2010-ലെ 47905/ എ.ബി.1/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് താഴെ ചേർക്കുന്നു.

51. "പ്രിയദർശിനി ടൗൺഹാൾ മോടിപിടിപ്പിക്കൽ പ്രവൃത്തിക്ക് 2,31,400 രൂപയാണ് ക്വാട്ട് ചെയ്തിരുന്നതെങ്കിലും നെഗോസിയേഷനിൽ 2,16,400 രൂപയായി കുറയ്ക്കുന്നതിന് കരാറുകാരൻ സമ്മതിച്ചിട്ടുള്ളതാണ്. ടി വിഷയം 10-11-1996-ലെ XII-ാം നമ്പർ തീരുമാനമായി കൗൺസിൽ അംഗീകരിച്ചിട്ടുള്ളതാണ്."

52. പ്രസ്തുത ഓഡിറ്റ് പരാമർശത്തിൻമേൽ 28-6-2010-ലെ എൽ.എഫ്. 12311/ സ്പെ.സെൽ.(ജി.1)/08 നമ്പർ കത്തുപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പു ലഭ്യമാക്കിയിട്ടുള്ള പരിശോധനാ റിപ്പോർട്ട് താഴെ ചേർക്കുന്നു.

53. "കൗൺസിലിന്റെ സാധൂകരണം വാങ്ങി അത് ഓഡിറ്റിൽ അറിയിക്കുവാൻ സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ കൗൺസിൽ യാതൊരു തീരുമാനവും നാളിതു വരെ എടുത്തതായി കാണുന്നില്ല. മറുപടിയിൽ പറയുന്ന കൗൺസിൽ തീരുമാനം പ്രോജക്ട് അംഗീകരിച്ചതുമായി ബന്ധപ്പെട്ടതാണ്."

## നിഗമനങ്ങൾ/ശുപാർശകൾ

54. **ആലുവ മുനിസിപ്പാലിറ്റിയിലെ പ്രിയദർശിനി ടൗൺ ഹാൾ മോടിപിടിപ്പിക്കൽ പ്രവൃത്തിക്കുവേണ്ടിയുള്ള ക്വട്ടേഷൻ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾക്ക് വിരുദ്ധമായി മുനിസിപ്പൽ കൗൺസിലിന്റെ അംഗീകാരമില്ലാതെ നെഗോഷ്യേറ്റ് ചെയ്ത നടപടിക്ക് കൗൺസിലിന്റെ സാധൂകരണം ലഭ്യമാക്കണമെന്ന നിർദ്ദേശത്തിൻമേൽ 18-5-2010-ലെ 47905/എ.ബി.1/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് അനുസരിച്ച് ടൗൺഹാൾ മോടിപിടിപ്പിക്കുന്നതിന് കരാറുകാരൻ നൽകിയ നെഗോഷ്യേറ്റഡ് തുകയ്ക്ക് 10-11-1996-ലെ XII-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അംഗീകാരം നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് 21-8-2008-ലെ 47905/എ.ബി.1/08/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയിരുന്ന മറുപടിയനുസരിച്ച് ഇ. 4-1703/98 നമ്പർ ഫയൽ തീയതി 26-8-1998 പ്രകാരമാണ് പത്രത്തിൽ പരസ്യം ചെയ്ത് ക്വട്ടേഷൻ ക്ഷണിച്ചിട്ടുള്ളതെന്നും സമിതി മനസ്സിലാക്കുന്നു.**

55. **ഇതിൽ നിന്നും 10-11-1996-ലെ XII-ാം നമ്പർ കൗൺസിൽ തീരുമാനം പ്രസ്തുത പ്രോജക്ടിന് അംഗീകാരം നൽകിയതുമായി ബന്ധപ്പെട്ടതാണെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് ശരിയാണെന്ന് സമിതി വിലയിരുത്തുന്നു.**

56. **ആയതിനാൽ പ്രസ്തുത പ്രവൃത്തിക്കുവേണ്ടിയുള്ള കട്ടേഷൻ നെഗോഷ്യേറ്റ് ചെയ്ത നടപടിക്ക് കൗൺസിലിന്റെ സാധൂകരണം ലഭ്യമാക്കി വിവരം സമിതിയെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സർക്കാർ ഉത്തരവിന് വിരുദ്ധമായി ക്ഷാമബത്ത കുടിശ്ശിക നല്കി**

വിരമിച്ച ജീവനക്കാർക്ക് സർക്കാർ ഉത്തരവിന് വിരുദ്ധമായി നഗരസഭ ക്ഷാമ ബത്താകുടിശ്ശിക നല്കി. ഈ ഇനത്തിൽ 2,34,710 രൂപയുടെ അനധികൃത ചെലവ് കാണുന്നു.

4-5-2000-ലെ ജി.ഒ. (എംഎസ്.) 127/00 ഉത്തരവ് ശമ്പള പരിഷ്കരണ തീയതി യായ 1-4-1999 മുതൽ മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാർക്ക് പുതുക്കിയ ശമ്പള ത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു. 1-4-1999-ന് മുമ്പ് വിരമിച്ച ജീവനക്കാർക്കും 1-4-1999 മുതൽ പ്രാബല്യത്തോടെ പെൻഷൻ പരിഷ്കരിച്ച് നൽകാമെന്നും എന്നാൽ 1-3-1997 മുതൽ സർക്കാർ ജീവനക്കാർക്ക് അനുവദിച്ച പെൻഷൻ പരിഷ്ക്കരണത്തിന് 1-4-1999-ന് മുമ്പ് വിരമിച്ച കണ്ടിജന്റ് ജീവനക്കാർക്ക് അർഹതയില്ലെന്നും ജി.ഒ.(എം.എസ്) 326/2000; 11-11-2003-ലെ ഉത്തരവ് വ്യക്തമാക്കിയിരുന്നു.

ഉത്തരവിന് വിരുദ്ധമായി നഗരസഭ 1-4-1999-ന് മുമ്പ് വിരമിച്ച കണ്ടിജന്റ് പെൻഷൻകാർക്കും കുടുംബപെൻഷൻകാർക്കും 1-3-1997 മുതൽ പെൻഷൻ പരിഷ്കരിച്ച 31-03-99 വരെയുള്ള കുടിശ്ശികകളും 1-7-1998-ലെ 22 ശതമാനവും 1-1-1999-ലെ 32 ശതമാനവും ക്ഷാമബത്താ വർദ്ധനവിന്റെ കുടിശ്ശികകളും നല്കിയതായി കാണുന്നു. ഇതിനായി ആകെ 2,34,710 രൂപ ചെലവഴിച്ചിട്ടുണ്ട്.

ഓഡിറ്റിൽ വ്യക്തമാക്കിയതിനെ തുടർന്ന് തുക ഗഡുക്കളായി തിരിച്ച് പിടിക്കാൻ നഗരസഭാ സെക്രട്ടറി ഉത്തരവിട്ടെങ്കിലും തിരിച്ചടവ് വിവരം ലഭ്യമല്ല. സർക്കാർ ഉത്തരവിന് നിരക്കാത്ത ചെലവ് നഗരസഭയ്ക്കുണ്ടായ നഷ്ടമായി കണക്കാക്കി തുക കൈപ്പറ്റിയവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് : 2003-04 ഓഡിറ്റ് ഖണ്ഡിക : 6.5.1]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി :—

57. "ഓഡിറ്റ് തടസ്സപ്പെടുത്തിയ തുകയിൽ 1,96,564 രൂപ ഇതിനകം പെൻഷൻ കാരുടെ പ്രതിമാസ പെൻഷൻ തുകയിൽ നിന്നും തിരിച്ചു പിടിച്ചിട്ടുണ്ട്. ബാക്കി തുകയായ 47,220 രൂപ കൈപ്പറ്റിയ 6 പേർ മരണമടഞ്ഞതിനാൽ ടി തുക റിക്കവറി നടത്താൻ കഴിഞ്ഞിട്ടില്ല. ടി തുക അനന്തരാവകാശികളിൽ നിന്നും റിക്കവറി നടത്തുന്നതാണ്."

[തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 21-8-2008-ലെ 47905/എബി1/08 ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭിച്ചത്.]

58. സർക്കാർ ഉത്തരവിനു വിരുദ്ധമായി നൽകിയ ക്ഷാമബത്ത കുടിശ്ശിക തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളെക്കുറിച്ച് സമിതി ആരാഞ്ഞതിന് ഓഡിറ്റ് തടസ്സപ്പെടുത്തിയ 2,34,710 രൂപയിൽ 1,96,564 രൂപ പെൻഷൻകാരുടെ പ്രതിമാസ പെൻഷൻ തുകയിൽ നിന്ന് ഈടാക്കിയിട്ടുണ്ടെന്നും, ബാക്കി തുക കൈപ്പറ്റിയ 6 പേർ മരണമടഞ്ഞതിനാൽ 47,220 രൂപ ഈടാക്കുവാൻ സാധിച്ചിട്ടില്ലെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. അന്വേഷണത്തിൽ മരിച്ചുപോയവർക്ക് അനന്തരാവകാശികൾ ഇല്ലെന്നാണ് അറിയാൻ കഴിഞ്ഞതെന്നും ആറുപേരുടെയും ഫാമിലി ബെനിഫിറ്റൊന്നും ആരും കൈപ്പറ്റുന്നില്ലെന്നും സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

59. സർക്കാർ ഉത്തരവിന് വിരുദ്ധമായി കുടിശ്ശിക നൽകിയ സെക്രട്ടറി ആരായിരുന്നുവെന്ന സമിതിയുടെ ചോദ്യത്തിന് മുഹമ്മദ് ഷെരീഫ് ആയിരുന്നു അന്നത്തെ സെക്രട്ടറിയെന്ന് ആലുവ നഗരസഭാ സെക്രട്ടറിയുടെ മറുപടി ശരിയല്ലെന്നും സെബാസ്റ്റ്യൻ മാളിയേക്കലായിരുന്നു അന്നത്തെ സെക്രട്ടറിയെന്നും സമിതി ചൂണ്ടി കാണിച്ചു. നഗരസഭയ്ക്ക് ഉണ്ടാകുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരു വിവരം സ്പെസിഫിക്കായി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചാൽ മാത്രമേ ലയബിലിറ്റി കൃത്യമായി ഫിക്സ് ചെയ്യുന്നതിന് സാധിക്കുകയുള്ളുവെന്ന് സമിതി അഭിപ്രായപ്പെട്ടു.

60. വ്യക്തമായ ഗവൺമെന്റ് ഉത്തരവ് നിലനിൽക്കെ, ഉത്തരവ് ലംഘിച്ച് ക്ഷാമബത്ത കുടിശ്ശിക നൽകിയ നടപടി നഗരസഭാ അധികൃതരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണെന്നു സമിതി വിലയിരുത്തി. നഗരസഭയ്ക്ക് ലഭിക്കാനുള്ള 47,220 രൂപ ക്ഷാമബത്ത നൽകിയ സെക്രട്ടറിയിൽ നിന്നും ഈടാക്കണമെന്നും ക്ഷാമബത്ത നൽകിയ സെക്രട്ടറിയുടെ പേര്, ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ തിരിച്ചുപിടിച്ച തുകകളുടെ വിശദാംശങ്ങൾ, തിരിച്ചുപിടിക്കാൻ ബാക്കി നിൽക്കുന്ന 47,220 രൂപ പ്രസ്തുത കാലയളവിലെ സെക്രട്ടറിയിൽ നിന്ന് ഈടാക്കിയതിന്റെ വിശദാംശങ്ങൾ, എന്നിവ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ അറിയിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

61. സമിതിയുടെ നിർദ്ദേശപ്രകാരം സ്വീകരിച്ച നടപടികൾ സംബന്ധിച്ച് 18-5-2010 -ലെ 47905/എബി1/08/തസ്വഭവ. നമ്പർ കത്തുപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പു സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി നൽകിയ ക്ഷാമബത്ത കുടിശ്ശിക തിരികെപ്പിടിക്കുന്നതിന് ബന്ധപ്പെട്ടവരുടെ അനന്തരാവകാശികൾക്ക് 30-6-2008-ലെ G2-4512/99 നമ്പർ പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

62. പ്രസ്തുത വിഷയത്തിൽ 28-6-2010-ലെ എൽ.എഫ്. 12311/ സ്പെഷ്യൽ സെൽ (ജി1)/08 നമ്പർ കത്തുപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് താഴെ ചേർക്കുന്നു.

63. "വിരമിച്ച കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് സർക്കാർ ഉത്തരവിനു വിരുദ്ധമായി നഗരസഭ നൽകിയ 2,34,710 രൂപയിൽ 2,13,417 രൂപ ബന്ധപ്പെട്ട കക്ഷി

കളിൽ നിന്നും ഈടാക്കിയിട്ടുണ്ട്. ബാക്കി തുക ഈടാക്കുന്നതിനുള്ള നടപടി നഗരസഭ സ്വീകരിച്ചിട്ടുള്ളതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്."

## നിഗമനങ്ങൾ/ശുപാർശകൾ

64. **സർക്കാർ ഉത്തരവിനു വിരുദ്ധമായി വിരമിച്ച ജീവനക്കാർക്കു നൽകിയ ക്ഷാമബത്ത കുടിശ്ശിക ഇനത്തിൽ ഇനി 21,293 രൂപ കൂടി തിരിച്ചു പിടിക്കാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കുടിശ്ശിക അനുവദിച്ച സെക്രട്ടറി ആരാണെന്ന് വ്യക്തമായി കണ്ടുപിടിച്ച് അദ്ദേഹത്തിൽ നിന്നും പ്രസ്തുത തുക ഈടാക്കണമെന്നും ആയതിന്റെ വിശദമായ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

65. **ഓഡിറ്റ് റിപ്പോർട്ടിൽ നഷ്ടത്തിനും, ക്രമക്കേടിനും, പണാപഹരണത്തിനും ഉത്തരവാദികളായവരുടെ പേരും, അവരുടെ ബാദ്ധ്യതയും കൃത്യമായി ചൂണ്ടിക്കാണിച്ചിരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മോട്ടോർ കൺവേയൻസ് അഡ്വാൻസ് നടപടിക്രമം പാലിച്ചിട്ടില്ല**

നഗരസഭാ ജീവനക്കാർക്ക് മോട്ടോർ കൺവേയൻസ് അഡ്വാൻസ് അനുവദിച്ചതിൽ ക്രമക്കേടുകൾ അഡ്വാൻസ് നൽകിയശേഷം സർക്കാർ നിർദ്ദേശപ്രകാരമുള്ള തുടർനടപടികൾ നഗരസഭ സ്വീകരിച്ചതായി കാണുന്നില്ല.

ബിൽഡിംഗ് ഇൻസ്പെക്ടർ ജോൺ ജോഷിക്കും യു.ഡി. ക്ലാർക്ക് കെ. ശിവനും 7/2000-ലും ഓവർസിയർ ജോജോ മാത്യൂവിന് 3/01-ലുമാണ് 30,000 രൂപവീതം അഡ്വാൻസ് അനുവദിച്ചത്.

നടപടിക്രമമനുസരിച്ച് അഡ്വാൻസ് കൈപ്പറ്റി 30 ദിവസത്തിനകം വാഹനം വാങ്ങുകയും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും പോളിസി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്. ഇതിൽ വീഴ്ചവരുത്തിയാൽ അഡ്വാൻസ് തുക പിഴപ്പലിശ ചുമത്തി ഒന്നിച്ച് തിരിച്ച് ഈടാക്കേണ്ടതാണ്. അഡ്വാൻസ് കൈപ്പറ്റിയ മൂന്നുപേരും പോളിസി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

മാത്രമല്ല അഡ്വാൻസ് തുക അഡ്വാൻസ് രജിസ്റ്ററിൽ ചേർത്ത് മാസ തവണകളായി തിരിച്ച് അടയ്ക്കുന്ന തുക വരവ്വെക്കേണ്ടതാണെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. അതിനാൽ ഇവർക്ക് അനുവദിച്ച തുക തിരിച്ച് ഈടാക്കുന്നുണ്ടോയെന്ന് വ്യക്തമല്ല.

അഡ്വാൻസ് അനുവദിച്ച വിവരം സേവന പുസ്തകത്തിൽ രേഖപ്പെടുത്തണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. മേൽ അപാകതകളുടെ വെളിച്ചത്തിൽ ഇവർക്ക് അനുവദിച്ച അഡ്വാൻസ് 18 ശതമാനം പിഴപ്പലിശ ചുമത്തി ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് : 2003-04 ഓഡിറ്റ് ഖണ്ഡിക : 6.5.2]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി :—

66. "ശ്രീ. കെ. കെ. ശിവൻ മോട്ടോർ കൺവേയൻസ് അഡ്വാൻസ് ഇനത്തിൽ 11-8-2000-ൽ കൈപ്പറ്റിയ 30,000 രൂപയിൽ ബാക്കി തിരിച്ചടയ്ക്കേണ്ട 22,870 രൂപ 18% പിഴപ്പലിശ സഹിതം തിരിച്ചടയ്ക്കുന്നതിന് ടിയാൻ ഇപ്പോൾ സേവനം അനുഷ്ഠിയ്ക്കുന്ന കൊച്ചി നഗരസഭ സെക്രട്ടറി മുഖേന നോട്ടീസ് നൽകിയിട്ടുണ്ട്. ശ്രീ. ജോജോ മാത്യൂ മോട്ടോർ കൺവേയൻസ് ഇനത്തിൽ 25-1-2001-ൽ കൈപ്പറ്റിയ 30,000 രൂപയിൽ ബാക്കി തിരിച്ചടയ്ക്കേണ്ട 7,844 രൂപ 18% പിഴപ്പലിശ സഹിതം തിരിച്ചടയ്ക്കുന്നതിന് ടിയാൻ ഇപ്പോൾ സേവനം അനുഷ്ഠിയ്ക്കുന്ന പെരിന്തൽമണ്ണ നഗരസഭ സെക്രട്ടറി മുഖേന നോട്ടീസ് നൽകിയിട്ടുണ്ട്. റിട്ടയേർഡ് ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീ. ജോൺ ജോഷി മോട്ടോർ കൺവേയൻസ് അഡ്വാൻസ് ഇനത്തിൽ 18-10-2000-ൽ കൈപ്പറ്റിയ 30,000 രൂപ ടിയാന്റെ പെൻഷൻ ആനുകൂല്യത്തിൽ നിന്നും തിരികെ ഈടാക്കുന്നതിനായി കൊച്ചി നഗരസഭ സെക്രട്ടറിവഴി നടപടി സ്വീകരിച്ചിട്ടുണ്ട്."

[തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 21-8-2008-ലെ 47905/എബി1/08 ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭിച്ചത്.]

67. മോട്ടോർ കൺവേയൻസ് അഡ്വാൻസ് കൈപ്പറ്റിയിട്ടും വാഹനം വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കാത്ത ശ്രീ. കെ. കെ. ശിവൻ, ശ്രീ. ജോജോ മാത്യൂ, ശ്രീ. ജോൺ ജോഷി എന്നിവരിൽ നിന്നും 18% പലിശയുൾപ്പെടെയുള്ള തുക തിരിച്ചുപിടിച്ച് ആയതിന്റെ വിശദാംശങ്ങൾ ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

68. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 18-5-2010-ലെ 47905/എബി1/08/ ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ശ്രീ. ജോജോ മാത്യൂ തുക മുഴുവൻ 18% പലിശയുൾപ്പെടെ തിരിച്ചടച്ചിട്ടുണ്ടെന്നും ശ്രീ. കെ. കെ. ശിവൻ പിഴപ്പലിശയിനത്തിൽ അടയ്ക്കേണ്ട 4,117 രൂപ മാത്രമാണ് ഇനി അടയ്ക്കാനുള്ളതെന്നും ശ്രീ. ജോൺ ജോഷി സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ടിയാന്റെ ബാധ്യതയായിരുന്ന 6,250 രൂപ 18% പിഴപ്പലിശയുൾപ്പെടെ ഡി.സി.ആർ.ജി. യിൽ നിന്നും ഈടാക്കുന്നതിന് നിർദ്ദേശിച്ചിരുന്നെങ്കിലും ടി തുക പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കേണ്ടതില്ലെന്ന് WP(C) 27147/07(F) നമ്പർ കേസ്സിൽ ഹൈക്കോടതി വിധിച്ചിട്ടുള്ളതിനാൽ റവന്യൂ റിക്കവറി നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ മേൽ സൂചിപ്പിച്ച വിവരങ്ങൾ ഉൾപ്പെടുന്ന ഫയൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും പ്രസ്തുത കത്തിൽ അറിയിച്ചിട്ടുണ്ട്.

69. ഇതു സംബന്ധിച്ച് 28-6-2010-ലെ LF 12311/Spl. Cell(ജി1)/08 നമ്പർ കത്തുപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ പരിശോധനാറിപ്പോർട്ട് താഴെ ചേർക്കുന്നു.

70. "(1) ഓവർസിയർ ശ്രീ. ജോജോ മാത്യൂ സ്കൂട്ടർ അഡ്വാൻസ് ഇനത്തിൽ വാങ്ങിയ 30,000 രൂപയിൽ ബാക്കി അടയ്ക്കുവാനുണ്ടായിരുന്ന 7,844 രൂപയും പലിശ 1,044 രൂപയും ഉൾപ്പെടെ 8,888 രൂപ നഗരസഭയിൽ 20-10-2008-ലെ 112116/100 നമ്പർ രസീതുപ്രകാരവും പലിശയിനത്തിൽ ടിയാൻ അടയ്ക്കേണ്ടിയിരുന്ന 16,502 രൂപയിൽ മേൽ കാണിച്ച 1,044 രൂപ കഴിച്ച് ബാക്കി 15,458 രൂപ 27-2-2009-ലെ 62 നമ്പർ രസീതുപ്രകാരവും നഗരസഭയിൽ ഒടുക്കിയിട്ടുണ്ട്.

(2) ബിൽഡിങ് ഇൻസ്പെക്ടർ ശ്രീ. ജോൺ ജോഷി അടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന 6,250 രൂപയിൽ 5,000 രൂപ 5-1-2009-ലെ 34/112153 നമ്പർ രസീതുപ്രകാരം നഗരസഭയിൽ ഒടുക്കിയിട്ടുണ്ട്. 1,250 രൂപ ടിയാന് ഡി.എ. കുടിശ്ശിക നൽകുമ്പോൾ ഈടാക്കുവാൻ സമ്മതിച്ചതായി അറിയിച്ചിട്ടുണ്ട്.

(3) ശ്രീ. കെ.കെ. ശിവൻ പലിശയിനത്തിൽ നാളിതുവരെ 24,923 രൂപ നഗരസഭയിൽ അടക്കുവാനുണ്ട്. ടി തുക അടയ്ക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 24-3-2009, 13-4-2009 എന്നീ തീയതികളിൽ ടിയാൻ ജോലി ചെയ്തിരുന്ന പൊന്നാനി നഗരസഭാ സെക്രട്ടറിക്ക് കത്തയച്ചിട്ടുള്ളതായും ആയതിന് ടിയാൻ നല്കിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ മേൽ വിവരങ്ങൾ സൂചിപ്പിച്ചുകൊണ്ട് 5-10-2009-ൽ നഗരകാര്യ ഡയറക്ടർക്ക് കത്തയച്ചിട്ടുള്ളതായും രേഖകൾ പരിശോധിച്ചതിൽ കാണുന്നു. തുടർ നടപടികൾ അറിയിച്ചിട്ടില്ല."

## നിഗമനങ്ങൾ/ശുപാർശകൾ

71. **മോട്ടോർ കൺവേയൻസ് അഡ്വാൻസ് കൈപ്പറ്റിയിട്ടും വാഹനം വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കാത്ത ഉദ്യോഗസ്ഥരിൽ നിന്നും 18% പലിശയുൾപ്പെടെയുള്ള മുഴുവൻ തുകയും പിഴപ്പലിശയും ഈടാക്കി ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ലേലം : നിബന്ധനകൾ പാലിക്കുന്നില്ല—വരുമാനം ചോരുന്നു.**

ലേല നിബന്ധനകൾ പാലിക്കാത്തതിനാൽ നഗരസഭയ്ക്ക് വൻ വരുമാന ചോർച്ച. സസ്യമാർക്കറ്റ്, ഐസ് വില്പന, കംഫർട്ട് സ്റ്റേഷൻ എന്നിവയുടെ ലേലത്തിലാണ് വരുമാനം ചോരുന്നത്.

ലേല നിബന്ധനയനുസരിച്ച് ലേലത്തുകയുടെ മൂന്നിലൊന്ന് ലേലം ഉറപ്പിക്കുമ്പോൾ അടയ്ക്കണം. ഒപ്പം ലേല തുകയുടെ 2.5 ശതമാനം തുകയുടെ മുദ്രപ്പത്രത്തിൽ നിയമപ്രകാരമുള്ള കരാർ ചുമത്തണം. ലേലത്തുക കുടിശ്ശികയ്ക്ക് 24% പിഴപ്പലിശയും ചുമത്തേണ്ടതാണ്. നഗരസഭ ലേല നടപടികൾ ഒന്നുംതന്നെ പാലിച്ചു കാണുന്നില്ല. മുദ്രപ്പത്രത്തിൽ കരാർ ഉടമ്പടിവയ്ക്കാത്തതിനാൽ 16,875 രൂപ സംസ്ഥാന സർക്കാരിനു നഷ്ടമുണ്ട്. മാത്രമല്ല നിയമപ്രകാരമുള്ള കരാറിന്റെ അഭാവത്തിൽ നിയമ നടപടികൾക്ക് സാധ്യതയില്ലാതാകുന്നു.

1998-1999-ലെ സസ്യ ചന്ത ലേലത്തിൽ ലേല തുക 6,75,000 രൂപയാണെങ്കിലും 80,000 രൂപ മാത്രമാണ് വരവ്. ഇതുതന്നെ സമയത്ത് അടച്ചിട്ടില്ല. അടയ്ക്കാൻ വീഴ്ച വരുത്തിയതിന് പിഴപ്പലിശ ചുമത്തിയില്ല. ബാക്കി തുക വർഷങ്ങളായി കുടിശികയാണ്. തനത് വരുമാന ചോർച്ച തടയേണ്ടതാണ്. ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് : 2004-05 ഓഡിറ്റ് ഖണ്ഡിക : 4.II.3.1]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി :—

72. "കുത്തക ഇനങ്ങൾ ലേലം ചെയ്യുമ്പോൾ ലേല നിബന്ധനകൾ പാലിക്കുന്നുണ്ട്. നഗരസഭയ്ക്ക് ലഭിക്കേണ്ട വരുമാനത്തിൽ ചോർച്ച ഉണ്ടായിട്ടില്ല. യഥാസമയം അടയ്ക്കാത്ത കിസ്ത് തുകകൾക്ക് പലിശ ഈടാക്കിയിട്ടുണ്ട്. കുത്തക ഇനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള വരവ് ഡിമാണ്ട് രജിസ്റ്ററിൽ വരവ് വച്ചിട്ടുള്ളതുമാണ്. ഡിമാന്റ് രജിസ്റ്റർ പ്രകാരം 21-3-1998 മുതൽ 10-3-1999 വരെ സസ്യ ചന്ത ലേലം ഇനത്തിൽ 6,75,000 രൂപയും പലിശ ഇനത്തിൽ 24,224 രൂപയും വരവ് വച്ചിട്ടുണ്ട്. സസ്യ ചന്ത, ഐസ് വിൽപന എന്നിവയുടെ ലേലത്തിൽ കുടിശ്ശികയില്ല. കംഫർട്ട് സ്റ്റേഷൻ ലേലക്കുടിശ്ശിക 19,334 രൂപ പലിശ സഹിതം ഈടാക്കാനായി നടപടി സ്വീകരിച്ചിട്ടുണ്ട്. മാർക്കറ്റിനങ്ങൾ ലേലത്തിൽ നൽകുമ്പോൾ ചമയ്ക്കേണ്ട കരാറിന്റെ മുദ്രപത്രവില സംബന്ധിച്ച് ഗവൺമെന്റിൽ നിന്നും തന്നിട്ടുള്ള വിശദീകരണത്തിൽ 50 രൂപ വിലയുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കുവാനാണ് നിർദ്ദേശം. ഭരണവകുപ്പിന്റെ റിപ്പോർട്ട് പ്രത്യേകം ചേർത്തിട്ടുണ്ട്."

[തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 21-8-2008-ലെ 47905/എബി1/08 ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭിച്ചത്]

73. ഇതു സംബന്ധിച്ച് നഗരകാര്യ വകുപ്പ് സമിതിക്ക് ലഭ്യമാക്കിയ പ്രത്യേക റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്.

74. "സമാഹൃത റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതു പ്രകാരം ലേലതുകയുടെ 2.5 ശതമാനം തുകയുടെ മുദ്രപ്പത്രത്തിൽ നിയമപ്രകാരമുള്ള കരാർ ചമയ്ക്കണം എന്ന വ്യവസ്ഥ ശരിയാണെന്നു കാണുന്നു. 1998-99 വർഷത്തിൽ നഗരസഭ അപ്രകാരം കരാറുകാരുമായി ഉടമ്പടി വച്ചതായി കാണുന്നില്ല. എന്നാൽ ലേലത്തുക ഒടുക്കിയിട്ടില്ല എന്ന പരാമർശം പൂർണ്ണമായും ശരിയല്ല. 1998-99 വർഷത്തിൽ സസ്യമാർക്കറ്റ് ലേലം ചെയ്തത് 6,75,000 രൂപയ്ക്കാണ്. പ്രസ്തുത തുക അതേ വർഷം തന്നെ പൂർണ്ണമായും നഗരസഭയ്ക്ക് ഒടുക്കിയതായി കാണുന്നുണ്ട്. ഐസ് വില്പന ലേലം ചെയ്തത് 3,01,001 രൂപയ്ക്കാണ്. പ്രസ്തുത തുകയും പൂർണ്ണമായും നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട് 4 കംഫർട്ട് സ്റ്റേഷനുകളാണ് 1998-99-ൽ നഗരസഭ ലേലം ചെയ്തു കൊടുത്തത്. അതിൽ 20-ാം വാർഡിലേതൊഴികെ മറ്റ് മൂന്ന് കംഫർട്ട് സ്റ്റേഷനുകളുടെയും ലേലത്തുക പ്രസ്തുത വർഷം തന്നെ ഒടുക്കിയിട്ടുള്ളതായി കാണുന്നുണ്ട്. വാർഡ് 20-ലെ കംഫർട്ട് സ്റ്റേഷന്റെ ലേലത്തുകയായ 58,000 രൂപയിൽ 19,334 രൂപ ഇനിയും നഗരസഭയ്ക്ക് ലഭിച്ചതായി കാണുന്നില്ല. ആയത് 24 ശതമാനം പലിശയോടുകൂടി നഗരസഭയ്ക്ക് ലഭിക്കേണ്ടതുണ്ട്. "

75. നഗരസഭയുടെ സസ്യമാർക്കറ്റ്, ഐസ് വിൽപ്പന കംഫർട്ട് സ്റ്റേഷൻ എന്നിവയുടെ ലേലത്തിൽ നിന്ന് ലഭിക്കേണ്ട മുഴുവൻ വരുമാനവും നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ടെന്നും ആയതിന്റെ രേഖകൾ ലോക്കൽഫണ്ട് ഓഡിറ്റിന് നൽകി ഓഡിറ്റുകാരെ ബോദ്ധ്യപ്പെടുത്തുന്നതാണെന്നും സെക്രട്ടറി സമിതിക്ക് ഉറപ്പു നൽകി. ലേലത്തുക ഈടാക്കിയതിന്റെ രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് ലഭ്യമാക്കണമെന്നും അതിന്മേലുള്ള റിപ്പോർട്ട് 14 ദിവസത്തിനുള്ളിൽ സമിതിക്കു ലഭ്യമാക്കുവാനും സമിതി നിർദ്ദേശിച്ചു.

76. തദ്ദേശസ്വയംഭരണ വകുപ്പുസെക്രട്ടറിയുടെ 18-5-2010-ലെ 47905/എബി1/08/ ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ സമിതി നിർദ്ദേശപ്രകാരം ലേലത്തുക തിരികെ ഈടാക്കിയതിന്റെ രേഖകൾ 17-9-2008-ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

77. ഇതു സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 28-6-2010-ലെ എൽ.എഫ് 12311/സ്പെ.സെൽ(ജി1)/08/നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട് താഴെ ചേർക്കുന്നു.

78. "നഗരസഭ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ ലേല ഇനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ടതായ തുകകൾ ലഭിച്ചിട്ടുണ്ട് എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്."

## നിഗമനങ്ങൾ/ശുപാർശകൾ

79. **ആലുവ നഗരസഭയ്ക്ക് ലേല ഇനത്തിൽ ലഭിക്കേണ്ട മുഴുവൻ തുകയും ലഭിച്ചിട്ടുള്ളതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സോഡിയം വിളക്ക് സ്ഥാപന പദ്ധതിയിൽ അപാകതകൾ**

സോഡിയം വാതക വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപ്പാക്കിയ പദ്ധതി യിൽ അപാകതകൾ. വിവിധ ഭാഗങ്ങളിൽ 16 സോഡിയം വാതക വിളക്കുകൾ സ്ഥാപിക്കുന്നതിനായുള്ള 1,95,000 രൂപ അടങ്കലുള്ള പദ്ധതിയിൽ 1,99,135 രൂപ ചെലവിൽ 17 വിളക്കുകൾ മാറ്റി സ്ഥാപിച്ചതായാണ് നഗരസഭാ രേഖകൾ. എന്നാൽ ഇതിന് തെളിവായി വൈദ്യുതി ബോർഡിന്റെ സാക്ഷ്യപത്രം ഇല്ല.

250 വാട്ട് വിളക്കിനും അനുബന്ധ സാമഗ്രികൾക്കും 4,500 രൂപ വീതമാണ് നിരക്ക് നിശ്ചയിച്ചത്. നിരക്ക് എങ്ങനെ കണക്കാക്കിയെന്നതിന് വിശദീകരണമില്ല. 17 വിളക്കുകളും വാഹനാപകടത്തിൽ തകർന്നതാണെന്ന് ഫയലിൽ രേഖയുണ്ടെങ്കിലും അധികാരികൾക്ക് പരാതി നൽകിയതിന് തെളിവില്ല. പദ്ധതി നിർവഹണം സംശയാ സ്പദമായതിനാൽ ചെലവ് 1,99,135 രൂപ തടസ്സപ്പെടുത്തുന്നു. കൂടുതൽ അന്വേഷണം നടത്തേണ്ടതാണ്.

കൂടാതെ നിലവിലുള്ള ട്യൂബ് ലൈറ്റുകൾ മാറ്റി സോഡിയം വാതക വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതിയിൽ 82,860 രൂപ ചെലവ് കാണുന്നു. വൈദ്യുതിബോർഡിന്റെ സാക്ഷ്യപത്രവും മോണിട്ടറിംഗ് സമിതി റിപ്പോർട്ടുമില്ലാത്തതിനാൽ ചെലവ് തടസ്സപ്പെ ടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് : 2004-05 ഓഡിറ്റ് ഖണ്ഡിക : 4.II.3.2]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പു ലഭ്യമാക്കിയ മറുപടി:—

80. "സോഡിയം വേപ്പർ ലാമ്പുകൾ നഗരസഭ നേരിട്ട് സ്ഥാപിക്കുകയാണ് ചെയ്യുന്നത്. ഇതിന് കെ.എസ്.ഇ.ബി സാക്ഷ്യപത്രം നൽകാറില്ല. എസ്.വി. ലാംപിന്

പ്രത്യേകം പ്രത്യേകം ബിൽ തരാറില്ല. നിലവിലുള്ള നിരക്കിന്റെ കൂടെ കൂടുതലായി സ്ഥാപിച്ച എസ്.വി ലാംപിന്റെ കണക്കുകൂടി ചേർത്താണ് ബിൽ തരാറുള്ളത്. ഇതല്ലാതെ സാക്ഷ്യപത്രങ്ങൾ കെ.എസ്.ഇ.ബി. തരാറില്ലാത്തതിനാൽ ഓഡിറ്റിന് ഹാജരാക്കാൻ കഴിയുന്നില്ല. ഫിലിപ്സിന്റെ 250 വാട്ട് ഫിറ്റിംഗ്സിന് മാർക്കറ്റ് നിരക്ക് ലോക്കലായി അന്വേഷിച്ചാണ് അടങ്കൽ തയ്യാറാക്കിയിട്ടുള്ളത്. 17 എസ്.വി. ലാമ്പുകൾ സ്ഥാപിച്ചതിൽ 10 എണ്ണം നാഷണൽ ഹൈവേ വീതികൂട്ടിയ സമയത്ത് നീക്കം ചെയ്തിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റുകൾ നീക്കുന്നതിന് 21,08,940 രൂപ നഗരസഭയിൽ നാഷണൽ ഹൈവേ അധികൃതർ ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ബാക്കി 7 പോസ്റ്റും ലൈറ്റും നഗരസഭയിൽ ഇപ്പോഴും പ്രകാശിപ്പിച്ചു വരുന്നുണ്ട്."

[തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 21-8-2008-ലെ 47905/എബി1/08 ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭിച്ചത്.]

81. സോഡിയം വേപ്പർലാമ്പ് സ്ഥാപിക്കുന്ന പദ്ധതിയിലെ അപാകതകളെക്കുറിച്ചുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് സോഡിയം വേപ്പർ ലാമ്പ് ഇടുന്നത് സാധാരണ പോസ്റ്റിൽ അല്ലെന്നും നഗരസഭ തന്നെ ഡിസൈൻ ചെയ്ത് കുറച്ചുകൂടി ഉയരം കൂടിയ പോസ്റ്റിൽ ആണ് സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുന്നതെന്നും സെക്രട്ടറി മറുപടി നൽകി. ഇതിന് എസ്റ്റിമേറ്റ് ഉണ്ടാക്കി ടെണ്ടർ ക്ഷണിക്കുന്നത് നഗരസഭ തന്നെയാണെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. സോഡിയം വേപ്പർ ലാമ്പുകൾ നഗരസഭ നേരിട്ടു സ്ഥാപിക്കുന്നതിനാൽ കെ.എസ്.ഇ.ബി. സാക്ഷ്യപത്രം നൽകാറില്ലെന്നും സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

82. **ആലുവ നഗരസഭാ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മൊബൈൽ ഫോൺ ബില്ലും നഗരസഭാ ഫണ്ടിൽ നിന്നും**

ചെയർമാന്റെ മൊബൈൽ ഫോൺ ബില്ലും നഗരസഭാ ഫണ്ടിൽ നിന്ന്.

നഗരസഭാദ്ധ്യക്ഷന്മാരുടെ മൊബൈൽ ഫോൺ ബില്ലുകൾ നഗരസഭാ ഫണ്ടിൽ നിന്ന് അടയ്ക്കരുതെന്ന് സർക്കാർ ഉത്തരവ് നിലവിലുള്ളപ്പോഴാണ് ദുർചെലവ്.

ധനവകുപ്പിന്റെ 70/2003, 30-1-2003; തദ്ദേശസ്വയംഭരണ വകുപ്പിന്റെ 51445/ഡി.1/03, 24-1-2004 ഉത്തരവുകൾ പ്രകാരം ചെലവ് അനുവദനീയമല്ല. ഈ ഉത്തരവുകൾ ലംഘിച്ചാണ് 2001-2002-ൽ 23,549 രൂപയും 2002-03-ൽ 22,990 രൂപയും ഉൾപ്പെടെ 46,539 രൂപ നഗരസഭാഫണ്ടിൽ നിന്നും ചെലവഴിച്ചത്.

ചെയർമാന് ഓഫീസിലും വീട്ടിലും എസ്.ടി.ഡി. സൗകര്യമുള്ള ഔദ്യോഗിക ഫോണുകൾ ലഭ്യമായിരിക്കെ ചെലവിന് ന്യായീകരണമില്ല. അതിനാൽ 46,539 രൂപ ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് : 2004-05 ഓഡിറ്റ് ഖണ്ഡിക : 4.II.3.3.]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പു ലഭ്യമാക്കിയ മറുപടി :—

83. "ബഹു. ചെയർമാന്റെ നാളിതുവരെയുള്ള മൊബൈൽ ഫോണിനത്തിനുള്ള ചെലവുകൾ ക്രമവൽക്കരിച്ചുകൊണ്ട് 24-8-2005-ലെ 3595/2005/ ത.സ്വ.ഭ.വ. നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്."

[തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 21-8-2008-ലെ 47905/എബി1/08 ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭിച്ചത്]

84. നഗരസഭാ ചെയർമാന്റെ മൊബൈൽഫോൺ ബില്ലുകൾ നഗരസഭാ ഫണ്ടിൽ നിന്നും അടച്ചത് ക്രമവൽക്കരിച്ചുകൊണ്ട് 24-08-05-ലെ 3595/2005/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം സാധൂകരണം നൽകിയിട്ടുള്ളതായി സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

85. **മുനിസിപ്പൽ ചെയർമാന്റെ മൊബൈൽ ഫോൺ ബില്ലുകൾ നഗരസഭാ ഫണ്ടിൽ നിന്നും അടച്ചത് ക്രമവൽക്കരിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുള്ളതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് പണികൾ 8.5 ലക്ഷത്തിന് രേഖയില്ല**

8,55,297 രൂപയുടെ മരാമത്ത് ചെലവുകൾക്ക് രേഖയില്ല. 2001-2002-ൽ വിവിധ മരാമത്ത് പണികളുടെ പേരിൽ പിൻവലിച്ചതാണ് തുക. പണികളുടെ ഫയൽ, അളവ് പുസ്തകം, അനുബന്ധ ചെലവ് രേഖകൾ എന്നിവ ലോക്കൽഫണ്ട് ഓഡിറ്റ് നിയമ പ്രകാരം ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയില്ല.

രേഖയില്ലാതെ ചെലവഴിച്ച പണികളുടെ വിവരം :

1. നഗരസഭയുടെ ഏറ്റവും വലിയ മരാമത്ത് പദ്ധതി-ബസ്സ് ടെർമിനൽ ബസ്സ സ്റ്റാൻഡ് നിർമ്മാണത്തിന് കരാറുകാരന് 6,61,023 രൂപ നൽകി കരാർ സമയത്തിനുള്ളിൽ-9/01 പണി പൂർത്തിയായിട്ടില്ല.

2. ബസ്സ്സ്റ്റാന്റിന് മുന്നിൽ കോൺക്രീറ്റ് കാന പണിയുന്നതിന് 1,37,883 രൂപ പിൻവലിച്ചതായി കാണുന്നു. ലഭ്യമായ വൗച്ചറിൽ തന്നെ ഉയർന്ന നിരക്ക് അനുവദിച്ചതായി കാണുന്നു.

3. കടമുറി (വാർഡ് 9) പണിയുന്നതിന് ഗുണഭോക്തൃ സമിതി കൺവീനറുടെ പേരിൽ 47,500 രൂപ പിൻവലിച്ചു. കൈപ്പറ്റ് രസീത് പോലുമില്ല.

രേഖയില്ലാത്ത ചെലവ് ധനാപഹരണമായി കണക്കാക്കാവുന്നതാണ്. മേൽ അന്വേഷണത്തിലൂടെ തുക ഈടാക്കേണ്ടതാണ്.

കൂടാതെ 2001-02-ൽ 20-ാം വാർഡിലെ വിവിധ റോഡുകളിൽ ക്വാറിഡസ്റ്റ് വിതറിയതിന് രണ്ട് പ്രാവശ്യം ചെലവ് കാണുന്നു. ഇത് വഴി 8,921 രൂപ അപഹരിച്ചതായി സംശയിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് : 2004-05 ഓഡിറ്റ് ഖണ്ഡിക : 4.II.3.4]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി :—

86. (1) "യഥാർത്ഥ അടങ്കലിൽ നിന്നും കൂടുതൽ നീളത്തിൽ കാന പണി യേണ്ടി വന്നതിനാലാണ് കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാൻ സാധിക്കാ തിരുന്നത്.

(2) ബസ്സ് ടെർമിനൽ നിർമ്മാണം സംബന്ധിച്ച ഫയലും റിക്കാർഡുകളും സൂക്ഷിച്ചിട്ടുണ്ട്. കാന നിർമ്മാണം സംബന്ധിച്ച ഫയലും അനുബന്ധ റിക്കാർഡു കളും സൂക്ഷിച്ചിട്ടുണ്ട്.

(3) ഗുണഭോക്തൃ സമിതിക്ക് നൽകിയ 47,500 രൂപ സി.സി. I, II, Final പ്രകാരം അഡ്ജസ്റ്റ് ചെയ്തിട്ടുള്ളതും ടി വേല പൂർത്തീകരിച്ച് ബാക്കി തുക വൗച്ചറുകൾ ഹാജരാക്കി 11-4-2003-ലെ 70/4/2003-ാം നമ്പർ വൗച്ചർ പ്രകാരം കൺവീനർക്ക് നൽകി യിട്ടുള്ളതാണ്. ഇതിന്റെ രേഖകൾ സൂക്ഷിച്ചിട്ടുണ്ട്. ഭരണ വകുപ്പിന്റെ റിപ്പോർട്ട് പ്രത്യേകം ചേർത്തിട്ടുണ്ട്.

(4) ഇ1-7103/01-ാം നമ്പർ ഫയൽ പ്രകാരം ക്വാറിഡസ്റ്റ് വിതറിയിട്ടുള്ളത് 20-ാം വാർഡിലെ ഒ.എസ്.എ. ലൈനും ഐശ്വര്യലൈനും ബന്ധിപ്പിക്കുന്ന റോഡിലെ അക്യൂഡേറ്റിന് അടുത്തായും 20/242-ാം നമ്പർ വീടിനടുത്ത് തോണിയിൽ ലൈനിലു മാണ് പണി നടത്തിയിട്ടുള്ളത്. ഒരേ വാർഡിലെ രണ്ട് സ്ഥലങ്ങളിലായി നടത്തിയ വേലയാണിത്. ഒരു വേലയ്ക്ക് രണ്ട് പേയ്മെന്റ് നടത്തിയിട്ടില്ല. ഫയലുകൾ, രേഖകൾ ഇവ സൂക്ഷിച്ചിട്ടുണ്ട്. "

[തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 21-8-2008-ലെ 47905/എബി1/08 ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭിച്ചത്.]

87. നഗരസഭയിലെ മരാമത്ത് പണികൾക്കായി ചെലവായ തുകയ്ക്ക് രേഖയില്ലെ ന്നുള്ള ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദീകരണം സമിതി ആരാഞ്ഞതിന് മരാമത്ത് പണികളെ സംബന്ധിച്ച എല്ലാ ഫയലുകളും സൂക്ഷിച്ചിട്ടുണ്ടെന്നും ഓഡിറ്റ് പരിശോധനാസമയത്ത് ഫയലുകൾ ഹാജരാക്കുവാൻ സാധിച്ചില്ലെന്നും ആയതിനാൽ ഓഡിറ്റുകാരെക്കൊണ്ട് പുനഃപരിശോധിപ്പിക്കുന്നതിന് ഒരു അവസരം കൂടി തരണമെന്നും സെക്രട്ടറി സമിതി മുൻപാകെ അപേക്ഷിച്ചു. സെക്രട്ടറിയുടെ അപേക്ഷ അനുചിതമാണെന്ന് സമിതി അഭിപ്രായപ്പെടുകയും ഓഡിറ്റ് നിരീക്ഷണങ്ങളെ ഉദാസീനതയോടെ സമീപിക്കരുതെന്നും ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി നൽകേണ്ട ചുമതല തങ്ങൾക്കല്ലെന്നുള്ള സമീപനം ശരിയല്ലെന്നും സമിതി സെക്രട്ടറിയെ ഓർമ്മപ്പെടുത്തി.

88. ഓഡിറ്റ് പരാമർശങ്ങൾക്ക് മറുപടി നൽകുന്നതിനുള്ള ഉത്തരവാദിത്വം നിലവിൽ ചാർജുള്ള സെക്രട്ടറിമാർക്കാണെന്നും, മറുപടി നൽകുന്നതിന് ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരുടെ സഹായം തേടാവുന്നതാണെന്നുമുള്ള ഒരു ഉത്തരവ് ഗവൺമെന്റ് നൽകുന്നുണ്ടെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ ധരിപ്പിച്ചു.

89. മരാമത്ത് പണികളുമായി ബന്ധപ്പെട്ട രേഖകൾ പതിനഞ്ചു ദിവസത്തിനകം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനു ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു. സമിതിയുടെ നിർദ്ദേശപ്രകാരം മരാമത്തു പണികളുമായി ബന്ധപ്പെട്ട രേഖകൾ 17-9-2008-ന് ലോക്കൽ ഫണ്ട് ഓഡിറ്റിനു നൽകിയിട്ടുള്ളതായി തദ്ദേശ സ്വയംഭരണ വകുപ്പു സെക്രട്ടറിയുടെ 18-5-2010-ലെ 47905/എബി1/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം അറിയിച്ചിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

**90. ഓഡിറ്റ് പരാമർശത്തിനടിസ്ഥാനമായ പണികളുടെ എല്ലാ രേഖകളും നഗരസഭ 17-9-2008-ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനു സമർപ്പിച്ചിട്ടും ആയത് പരിശോധിച്ച് സമിതിക്കു റിപ്പോർട്ടു നൽകുന്നതിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പു വീഴ്ച വരുത്തിയിരിക്കുന്നതായി സമിതി ചൂണ്ടിക്കാട്ടുന്നു. കൂടാതെ ആലുവ നഗരസഭയിലെ മരാമത്തു പണികളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് മുനിസിപ്പൽ സെക്രട്ടറി സമർപ്പിച്ചിട്ടുള്ള രേഖകൾ പരിശോധിച്ച് ഒഴിവാക്കാവുന്ന തടസ്സങ്ങൾ ഒഴിവാക്കി ഓഡിറ്റ് തടസ്സം നിലനിൽക്കുന്നവയെ സംബന്ധിച്ച് ആയതിന്റെ കാരണം വ്യക്തമാക്കി സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പെൻഷൻ : ഓഡിറ്റ് നിർദ്ദേശം അവഗണിച്ചു.**

വിരമിച്ച ജീവനക്കാർക്ക് നിയമങ്ങൾക്ക് വിരുദ്ധമായി അധികം നൽകിയ പെൻഷൻ ആനുകൂല്യങ്ങൾ തിരിച്ച് പിടിക്കാനുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ നിർദ്ദേശം നഗരസഭ നടപ്പാക്കിയില്ല.

വിവിധ ജീവനക്കാർക്ക് അധികം നൽകിയ 98,053 രൂപ തിരിച്ച് പിടിക്കുവാനായിരുന്നു ഓഡിറ്റ് നിർദ്ദേശം.

കുടുംബ പെൻഷൻ, ഡി.സി.ആർ.ജി. എന്നിവ അധികം നൽകുക, പെൻഷൻ കമ്മ്യൂട്ടേഷൻ തുക പെൻഷനിൽ കുറയ്ക്കാതിരിക്കുക തുടങ്ങിയ അപാകതകളാണ് ഓഡിറ്റ് വിഭാഗം ചൂണ്ടിക്കാട്ടിയത്.

ഓഡിറ്റ് നിർദ്ദേശം അവഗണിച്ചത് ഗൗരവമായി കാണേണ്ടതും നഗരസഭയ്ക്ക് ണ്ടായ നഷ്ടം ഈടാക്കേണ്ടതുമാണ്. ഭരണവകുപ്പിന്റെ ശ്രദ്ധക്ഷണിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05, ഖണ്ഡിക 4.II.3.5.]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി:—

91. "വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ഇനത്തിൽ അധികമായി നൽകിയ 98,054 രൂപ ടി പെൻഷൻകാരുടെ പ്രതിമാസ പെൻഷനിൽ നിന്നും ഒരു നിശ്ചിത തുക വീതം 2004 ഒക്ടോബർ മാസം മുതൽ ഈടാക്കി വരുന്നു.

2008 ഓഗസ്റ്റ് മാസം വരെ 58,065 രൂപ ഇതിനകം റിക്കവറി നടത്തിയിട്ടുണ്ട്. ബാക്കി തുക റിക്കവറി നടത്തുന്നതാണ്."

[തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 21-8-2008-ലെ 47905/എബി1/08/ ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭിച്ചത്]

92. വിരമിച്ച ജീവനക്കാർക്ക് നിയമവിരുദ്ധമായി അധികം നൽകിയ പെൻഷൻ ആനുകൂല്യങ്ങൾ തിരിച്ചു പിടിക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് സമിതി ആരാഞ്ഞതിന് പെൻഷൻകാരുടെ പ്രതിമാസ പെൻഷനിൽ നിന്ന് ഒരു നിശ്ചിത തുക വീതം ഈടാക്കിക്കൊണ്ടിരിക്കുകയാണെന്നും അതിൻ പ്രകാരം അധികമായി നൽകിയ 98,053 രൂപയിൽ 53,065 രൂപ റിക്കവറി നടത്തിക്കഴിഞ്ഞുവെന്നും ബാക്കി തുകയും പെൻഷനിൽ നിന്ന് ഈടാക്കുന്നതാണെന്നും ആലുവ നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

പെൻഷനിൽ നിന്ന് ബാക്കിയുള്ള തുക കൂടി ഈടാക്കി ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

93. സമിതിയുടെ നിർദ്ദേശ പ്രകാരം സ്വീകരിച്ച നടപടികൾ സംബന്ധിച്ച് 18-5-2010-ലെ 47905/എബി1/08/തസ്വഭവ. നമ്പർ കത്തു പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പു സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ അധികമായി നൽകിയ പെൻഷൻ തുക ഈടാക്കി വരുന്നതായും ഇതുവരെ 60,765 രൂപ ഈടാക്കിയിട്ടുണ്ടെന്നും ബാക്കി തുക കൂടി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

94. **ആലുവ നഗരസഭയിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് നിയമവിരുദ്ധമായി അധികം നൽകിയ പെൻഷൻ തുക പൂർണ്ണമായി തിരികെ ഈടാക്കി ആയതിന്റെ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**എസ്റ്റിമേറ്റ് മാറ്റുന്നു : ദുർവ്യയം ഏറുന്നു.**

മരാമത്ത് പണികളുടെ എസ്റ്റിമേറ്റിൽ മാറ്റം വരുത്തി നഗരസഭ ലക്ഷങ്ങൾ ദുർവ്യയം ചെയ്യുന്നു.

പണികൾ പുരോഗമിക്കവെ പുതിയ ഇനങ്ങൾ കൂട്ടിചേർത്താണ് എസ്റ്റിമേറ്റ് മാറ്റുന്നത്. എന്നാൽ ഇതനുസരിച്ച് എസ്റ്റിമേറ്റ് പരിഷ്ക്കരിച്ച് അംഗീകാരം വാങ്ങാറില്ല. 2002-2003-ലെ ഗവൺമെന്റ് ആശുപത്രിക്ക് പുതിയ പേ വാർഡ്, സെന്റ് ഡൊമിനിക് പള്ളിക്ക് വടക്കോട്ടുള്ള കാന എന്നീ പണികളിൽ ഇതിനാൽ 1,66,537 രൂപ അധിക ചെലവ് കാണുന്നു.

അധിക ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങുകയോ ഉത്തരവാദികളിൽ നിന്ന് തിരിച്ച് ഈടാക്കുകയോ വേണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05, ഖണ്ഡിക 4.II.3.6.]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി:—

95. "പ്രവൃത്തി പുരോഗമിച്ചു വരവെ എസ്റ്റിമേറ്റിൽപ്പെടാത്തതും എന്നാൽ ഒഴിച്ചു കൂടാൻ പാടില്ലാത്തതും യഥാർത്ഥത്തിൽ നടത്തിയ പ്രവൃത്തിക്കുമാണ് പേയ്മെന്റ് നൽകിയിട്ടുള്ളത്. ഇക്കാര്യത്തിൽ ഗവൺമെന്റിൽ നിന്നും സാധൂകരണം വാങ്ങുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്."

[തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 21-8-2008-ലെ 47905/എബി1/08/ ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭിച്ചത്.]

96. പണികൾ പുരോഗമിക്കുമ്പോൾ പുതിയ ഇനങ്ങൾ കൂട്ടിച്ചേർത്ത് എസ്റ്റിമേറ്റ് പരിഷ്ക്കരിച്ച് ചെലവ് കൂട്ടുന്നതിന്മേലുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് പണികൾ സംബന്ധിച്ച എല്ലാ ഫയലുകളും രേഖകളും ഉണ്ടെന്നും യഥാർത്ഥത്തിൽ നടന്ന വർക്കിനു മാത്രമേ പേമെന്റ് നൽകിയിട്ടുള്ളൂവെന്നും ആലുവ നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

97. അഡീഷണൽ വർക്കിന് അംഗീകാരം നൽകിയതാരാണെന്നുള്ള സമിതിയുടെ ചോദ്യത്തിന് അഡീഷണൽ വർക്ക് വേണമെന്നുള്ള എൻജിനീയറുടെ റിപ്പോർട്ട് പ്രകാരം കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ടെന്നും പ്രസ്തുത വർക്ക് നടത്തിയതിന്റെ സാധൂകരണത്തിനായി ഗവൺമെന്റിലേയ്ക്ക് അപേക്ഷിച്ചിട്ടുള്ളതായും സെക്രട്ടറി വെളിപ്പെടുത്തി.

98. അഡീഷണൽ വർക്കിന് ഗവൺമെന്റിൽ നിന്നും സാധൂകരണം ലഭിക്കുന്നത് പ്രയാസമാണെന്ന് നഗരകാര്യ ഡയറക്ടർ സമിതിയെ അറിയിച്ചു. സാധൂകരണം ലഭ്യമാകുന്നില്ലെങ്കിൽ നഗരസഭയ്ക്കുണ്ടായ നഷ്ടം നഗരസഭാ കമ്മിറ്റിയുടെ ബാധ്യതയായി തിട്ടപ്പെടുത്തി അവരിൽ നിന്ന് ഈടാക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

99. അഡീഷണൽ വർക്ക് ചെയ്തതിന്റെ സാധൂകരണത്തിനായി ഗവൺമെന്റിലേയ്ക്ക് അപേക്ഷിച്ചതിന്റെ രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു. സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിച്ചു.

100. 20-11-2008-ലെ എ3/7476/08 നമ്പർ കത്തു പ്രകാരം ആലുവ മുനിസിപ്പൽ സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസർക്ക് ബന്ധപ്പെട്ട വർക്കിന്റെ രേഖകൾ 17-9-2008-ന് ലഭ്യമാക്കിയിട്ടുണ്ടെന്നും എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്നതിനേക്കാൾ കൂടുതൽ തുക ചെലവാക്കുന്നതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങുന്നതിനായി 14-11-2008-ലെ ഇ4/6371/ 97-ാം നമ്പർ പ്രകാരം കത്ത് അയച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

101. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 18-5-2010-ലെ 47905/ എ.ബി.1/08/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭിച്ച റിപ്പോർട്ടിൽ സാധൂകരണം വാങ്ങുന്നതിനായി സർക്കാരിലേക്ക് മുനിസിപ്പൽ സെക്രട്ടറി അയച്ചിട്ടുള്ള കത്ത് കിട്ടിയിട്ടില്ലെന്നും, ടി കത്തിന്റെ പകർപ്പ് അയച്ചുതരാൻ നഗരകാര്യ ഡയറക്ടറോട് നിർദ്ദേശിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

നിഗമനങ്ങൾ/ശുപാർശകൾ

102. **മരാമത്ത് പണികളുടെ എസ്റ്റിമേറ്റ് പുതുക്കി കൂടുതൽ തുക ചെലവു ചെയ്തതിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കി ആയതിന്റെ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.**

**മൂവാറ്റുപുഴ മുനിസിപ്പാലിറ്റി**

ഓഡിറ്റ് ഖണ്ഡിക

**ബസ് സ്റ്റാൻഡ് നിർമ്മാണം : തുക ദുരുപയോഗം ചെയ്തു**

മൂവാറ്റുപുഴ മുനിസിപ്പൽ കൗൺസിൽ വക ബസ് സ്റ്റാൻഡ് നിർമ്മിക്കുന്നതിലേക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനോടനുബന്ധിച്ച് ഭീമമായ തുക ദുരുപയോഗം ചെയ്തതായി കാണുന്നു. 15 അടിയ്ക്കുമുകളിൽ മണ്ണിട്ട് നികത്തിയാൽ മാത്രം ഉപയോഗയോഗ്യമാകുന്ന ഒരു സ്ഥലമാണ് ഇതിലേയ്ക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. 39,25,000 രൂപ മുടക്കി 1.69 ഏക്കർ സ്ഥലം വാങ്ങിയിട്ടുണ്ട്. ഈ ഭൂമി നിരപ്പാക്കി ഉപയോഗയോഗ്യമാക്കുന്നതിനുവേണ്ടി മാത്രം 52 ലക്ഷം രൂപയോളം ചെലവ് വരും. ഇത്ര ഭാരിച്ച മുതൽ മുടക്കി ഈ നിലം വാങ്ങുന്നതിന് ഇത്രയേറെ തുക ചെലവാക്കുന്നതിൽ ദുരൂഹത നിലനിൽക്കുന്നു. 15 അടിയോളം ഉയരത്തിൽ നിരത്തുന്ന ഭൂമിയിൽ കെട്ടിടം പണിയുമ്പോൾ 30 മുതൽ 40 ശതമാനം വരെ അധിക ചെലവ് നിർമ്മാണത്തിൽ സംഭവിക്കുമെന്നുള്ള കാര്യം പരിഗണിക്കാതെയാണ് സ്ഥലം എടുത്തിട്ടുള്ളത്. സ്ഥലം ഉടമയുടെ നിർബന്ധത്തിനുവഴങ്ങി അയാൾ ആവശ്യപ്പെട്ട വിലയ്ക്ക് വാല്യുവേഷൻ അംഗീകരിച്ച റവന്യൂ അധികാരികളുടെ നടപടി സുതാര്യമായ ഒന്നാണെന്ന് തോന്നുന്നില്ല. ഭദ്രമായ സാമ്പത്തിക അടിത്തറയില്ലാത്ത നഗരസഭ ഈ ഭൂമി ഇടപാടിലും അതിനുശേഷം ഈ നിലം നികത്തി ബസ് സ്റ്റാൻഡ് പണിയുന്നതിലുംകൂടി ഗണ്യമായ ഒരു തുക ദുരുപയോഗം ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഈ ഇടപാടിനെക്കുറിച്ച് സമഗ്രമായ ഒരു വിജിലൻസ് അന്വേഷണം നടത്തുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05, ഖണ്ഡിക VII.II.16.1.]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി :—

103. "ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയതിന്മേലുള്ള വിശദീകരണം നഗരസഭ, എറണാകുളം ജില്ല ഡെപ്യൂട്ടി ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റിന് സമർപ്പിച്ച് വിശദീകരണം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥലമെടുപ്പും ബസ് സ്റ്റാൻഡ് നിർമ്മാണം സംബന്ധിച്ചും ഉണ്ടായ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നഗരസഭ നൽകിയ റിപ്പോർട്ടിന് ബഹു. സർക്കാരിന്റെ അംഗീകാരം ആവശ്യമാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ 10-3-2004-ൽ LFA (MI) 65/2004-ാം നമ്പർ കത്ത് മുഖാന്തിരം അറിയിച്ചു.

(പകർപ്പ് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.)

104. മുനിസിപ്പൽ ബസ് സ്റ്റാൻഡ് നിർമ്മിക്കേണ്ടതിന്റെ അനിവാര്യതയെ കുറിച്ചും, വാങ്ങിയ സ്ഥലത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ബസ് സ്റ്റാൻഡിന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ചും മറ്റും വിശദമായി രേഖപ്പെടുത്തിയ റിപ്പോർട്ട് നഗരസഭ ബഹു. സർക്കാരിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ടിന് ആധാരമായ ബസ് സ്റ്റാൻഡ് വിശദമായി പരിശോധിച്ച് തുടർ അന്വേഷണം നടത്തുകയും ചെയ്തു. സർക്കാർ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റി സ്ഥലം വാങ്ങി ബസ് സ്റ്റാൻഡ് നിർമ്മിച്ച് പ്രവർത്തനം തുടങ്ങിയതിനുശേഷം മുനിസിപ്പാലിറ്റിക്ക് ബസ് സ്റ്റാൻഡ് കിസ്ത്, സെല്ലിംഗ് യൂണിറ്റ് കംഫർട്ട് സ്റ്റേഷൻ എന്നീ ഇനങ്ങളിൽ നിന്നും പ്രതിവർഷം നല്ല തുക വരുമാനമായി ലഭിച്ചുവരുന്നതായി കാണുന്നതായും, ഇക്കാരണത്താൽ ബസ് സ്റ്റാൻഡ് നിർമ്മാണത്തിന് മുനിസിപ്പാലിറ്റി മുടക്കിയ തുക പാഴായി കാണുന്നില്ല എന്നും കണ്ടെത്തി. കൂടാതെ പൊതു ആവശ്യങ്ങൾക്ക് ഭൂമി വാങ്ങുമ്പോൾ പത്രപ്പരസ്യം നൽകണമെന്ന കാര്യം മേലിൽ ശ്രദ്ധിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. വിശദമായ മേൽ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭ ബസ് സ്റ്റാൻഡിനായി മൂവാറ്റുപുഴ വില്ലേജിൽ സർവ്വേ നമ്പർ 158/2 എയിൽപ്പെട്ട 169 സെന്റ് സ്ഥലം വാങ്ങിയതിനും ബസ് സ്റ്റാൻഡ് നിർമ്മാണം നടത്തിയതിനും സ്വീകരിച്ച നടപടികൾക്ക് സാധൂകരണം നൽകി തദ്ദേശസ്വയംഭരണ (പി.എ.) വകുപ്പ് സെക്രട്ടറി 1-12-2006-ലെ ജി.ഒ.(ആർറ്റി.) നമ്പർ 3097/06-ലെ തദ്ദേശസ്വയംഭരണ വകുപ്പ് നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

(പകർപ്പ് അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.)

ഈ സാഹചര്യത്തിൽ വിജിലൻസ് അന്വേഷണം ഒഴിവാക്കാവുന്നതാണെന്ന് ബോധിപ്പിക്കുന്നു. ”

[തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 21-8-2008-ലെ 47905/എബി1/08/ ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭിച്ചത്.]

## നിഗമനങ്ങൾ/ശുപാർശകൾ

105. **മൂവാറ്റുപുഴ നഗരസഭ വക ബസ് സ്റ്റാൻഡിന്റെ നിർമ്മാണത്തിനായി സ്ഥലം വാങ്ങിയതിനും ബസ് സ്റ്റാൻഡ് നിർമ്മാണം നടത്തിയതിനും സ്വീകരിച്ച നടപടികൾക്ക് 1-12-2006-ലെ ജി. ഒ. (ആർറ്റി.) 3097/06 പ്രകാരം സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമായിട്ടുള്ളതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

### അങ്കമാലി നഗരസഭ

ഓഡിറ്റ് ഖണ്ഡിക

**പദ്ധതി നിർവ്വഹണ ചെലവ് പരിധിയിൽ കവിഞ്ഞത് അംഗീകരിക്കാത്തത്**

5-4-1999-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 20/99/പി.എൽ.ജി. പ്രകാരം നഗരസഭകളുടെ 1999-2000-ലെ പദ്ധതി നിർവ്വഹണ ചെലവുകൾ പദ്ധതി വിഹിതത്തിന്റെ 2 ശതമാനം തുകയോ 1,50,000 രൂപയോ ഏതാണ് കുറവ് ആ തുകയിൽ പരിമിതപ്പെടുത്തേണ്ടതാണ്. എന്നാൽ അങ്കമാലി നഗരസഭയിൽ 1999-2000-ൽ പദ്ധതി

നിർവ്വഹണ ചെലവുകൾ 1,50,000 എന്ന പരിധി കവിഞ്ഞതായി കാണുകയുണ്ടായി. തൻവർഷം ഈ ഇനത്തിൽ 1,85,729 രൂപ ചെലവഴിച്ചതായി കാണാൻ കഴിഞ്ഞു. 35,729 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-2005, ഖണ്ഡിക 4.II.4.1.]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി :—

106. "തൻവർഷം എഞ്ചിനീയറിംഗ് സെക്ഷനിലെ ജീവനക്കാരുടെ അഭാവം വളരെയധികമായിരുന്നതിനാൽ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രതിദിന വേതനത്തിൽ വിദഗ്ധ ജീവനക്കാരെ നിയമിച്ചതാണ് അധികചെലവിന് കാരണം. അധിക ചെലവ് നഗരസഭ ഫണ്ടിന് പകരം പ്ലാൻ ഫണ്ടിൽ നിന്നുമാണ് വഹിച്ചത്. ജനകീയാസൂത്രണത്തിന്റെ ആദ്യ കാലഘട്ടങ്ങളിൽ വ്യക്തമായ മാനദണ്ഡങ്ങൾ പാലിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഉദ്ദേശശുദ്ധിയോടുകൂടി മാത്രമാണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. അധികചെലവിന് സാധൂകരണം അഭ്യർത്ഥിച്ച് എ2-8487/07 തീയതി 5-8-2008 ആയി സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം നീക്കം ചെയ്യണമെന്ന് ബോധിപ്പിക്കുന്നു."

[തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 21-8-2008-ലെ 47905/എബി1/08/ ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭിച്ചത്.]

107. അധിക ചെലവ് ഉണ്ടാകുവാനുള്ള സാഹചര്യം സമിതി ആരാഞ്ഞതിന് തൻവർഷം എഞ്ചിനീയറിംഗ് സെക്ഷനിലെ ജീവനക്കാരുടെ അഭാവം വളരെയധികമായിരുന്നതിനാൽ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ദിവസ വേതനത്തിൽ വിദഗ്ധ ജീവനക്കാരെ നിയമിച്ചതാണ് അധിക ചെലവിന് കാരണമെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

108. **പദ്ധതി നിർവ്വഹണ ചെലവ് പരിധിയിൽ കവിഞ്ഞത് സംബന്ധിച്ച് അങ്കമാലി നഗരസഭാ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

### പാലക്കാട് മുനിസിപ്പാലിറ്റി

ഓഡിറ്റ് ഖണ്ഡിക

**വാർഷിക ധനകാര്യ പത്രികകളും D.C.B. പത്രികയും തയ്യാറാക്കിയതിന് സ്വകാര്യ ഏജൻസിക്ക് പ്രതിഫലം നൽകിയത്—അംഗീകരിക്കുന്നില്ല**

1996-1997, 1997-1998 വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രികകളും D.C.B. പത്രികയും തയ്യാറാക്കുന്നതിന് സ്വകാര്യ ഏജൻസിയെ ചുമതലപ്പെടുത്തുകയും ആയിനത്തിൽ 1,20,000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി ഏജൻസി തയ്യാറാക്കിയ പത്രികകളിൽ നിന്ന്, നഗരസഭയുടെ തനതുവരുമാനം, ഫണ്ടിന്റെ നീക്കിയിരിപ്പ് മിച്ചമാണോ കമ്മിയാണോ തുടങ്ങിയ വിവരങ്ങൾപോലും

കൃത്യമായി ലഭ്യമല്ല. ഇത്രയധികം രൂപ ചെലവാക്കി ഏർപ്പെടുത്തിയ സ്വകാര്യ ഏജൻസിയുടെ പ്രവർത്തനംകൊണ്ട് പ്രധാനപ്പെട്ട രജിസ്റ്ററുകൾപോലും പൂർണ്ണമാക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് എറ്റവും വലിയ പോരായ്മയാണ്. 75,000 രൂപ നിരക്കിൽ തയ്യാറാക്കിയ കണക്ക് പത്രികകൊണ്ട് നഗരസഭയുടെ ഫണ്ടു ബാലൻസു പോലും കണക്കാക്കാൻ സാധിച്ചില്ല എന്നുള്ളതും ആ ജോലിയുടെ നിരർത്ഥകത വെളിവാക്കുന്നു.

സ്വകാര്യ ഏജൻസി തയ്യാറാക്കി സമർപ്പിച്ച D.C.B. പത്രികയിൽ ഗ്രാന്റിനത്തിലെ വരവുകൾ, വരവിനങ്ങളെ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ, ഒത്തുനോക്കൽ പത്രിക എന്നിവയൊന്നും തന്നെയുണ്ടായിരുന്നില്ല. ഓഡിറ്റ് റിപ്പോർട്ട് കൃത്യതയോടെ പുറപ്പെടുവിക്കുന്നതിനും വരവിനങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ പൂർണ്ണമായും മനസ്സിലാക്കുന്നതിനുംവേണ്ടി തയ്യാറാക്കപ്പെട്ടതെന്ന് പറയുന്ന ടി പത്രികകൾ ആ ഉദ്ദേശങ്ങൾക്ക് പര്യാപ്തമായിരുന്നില്ല.

തനതു ഫണ്ടിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നായ വസ്തു നികുതിയുടെ ഡിമാന്റു പോലും കൃത്യമായി കണക്കാക്കാതെയാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരുന്നത്. കളക്ഷൻ തന്നെ ഡിമാന്റ് ആയി എടുക്കുന്നതിന് ഒരു സ്വകാര്യ ഏജൻസിക്ക് ഇത്രയധികം തുക നൽകിയത് തികച്ചും പാഴ്ച്ചെലവ് തന്നെയാണ്.

ഓഡിറ്റ് റിപ്പോർട്ട് കൃത്യമായി പുറപ്പെടുവിക്കുന്നതിനോ നഗരസഭയുടെ കൃത്യമായ സാമ്പത്തികനില കണക്കാക്കുന്നതിനോ ആസ്ഥി ബാദ്ധ്യതകൾ വിലയിരുത്തുന്നതിനോപോലും ഉപകാരപ്പെട്ടിട്ടില്ല എന്നതിനാൽ ഇത് പൊതു പണത്തിന്റെ ദുരുപയോഗമായി കണക്കാക്കുകയും, ടി തുക, 1,20,000 രൂപ ഓഡിറ്റിൽ നിരാകരിക്കുകയും ചെയ്യുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-2003, ഖണ്ഡിക VII.II-3(i)]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി:—

109. "1996-97, 1997-98 വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രികയും ഡി.സി.ബി.യും കരാർ അടിസ്ഥാനത്തിൽ ചെയ്യിക്കുന്നതിന് 8-5-1999-ലെ എ3/8902/99-ാം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുവാദം ലഭിച്ചിരുന്നു. ആയതുപ്രകാരം മെസ്സേഴ്സ് ജേക്കബ് ആന്റ് ബാലകൃഷ്ണൻ ചാർട്ടേർഡ് അക്കൗണ്ടന്റ്സ് എന്ന സ്ഥാപനത്തിന് പ്രതിവർഷം 75,000 രൂപ നിരക്കിൽ കരാർ നൽകി കരാറുകാരൻ 31-3-2000-ന് രണ്ടുവർഷങ്ങളിലെയും വാർഷിക കണക്കും ഡി.സി.ബി.യും തയ്യാറാക്കി സമർപ്പിക്കുകയും ആയത് 21-7-2000-ന് പാലക്കാട് നഗരസഭ കൗൺസിൽ 174-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. കരാർ പ്രകാരമുള്ള തുകയുടെ 80 ശതമാനമായ 1,20,000 രൂപ സ്ഥാപനത്തിന് നൽകുകയും ചെയ്തു.

110. ഇങ്ങനെ തയ്യാറാക്കി ലഭിച്ച വാർഷിക കണക്കും ഡി.സി.ബി.യും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് പരിശോധനക്കയയ്ക്കുകയും ആയതിലെ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഓഡിറ്റ് റിപ്പോർട്ട് ലഭിക്കുകയും ചെയ്തു."

[തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 21-8-2008-ലെ 47905/എബി1/08/ ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭിച്ചത്.]

111. വാർഷിക ധനകാര്യ പത്രികയും ഡി.സി.ബി.യും തയ്യാറാക്കുന്നതിന് സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നോ യെന്നും അവർ വർക്ക് പൂർത്തീകരിച്ചിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് സർക്കാർ അനുമതി നൽകിയിരുന്നുവെന്നും 1996-97 മുതൽ 1997-98 വരെയുള്ള വർഷങ്ങളിലെ ജോലികൾ മെസ്സേഴ്സ് ജേക്കബ് ആന്റ് ബാലകൃഷ്ണൻ ചാർട്ടേർഡ് അക്കൗണ്ടന്റ് എന്ന സ്ഥാപനത്തിന് പ്രതിവർഷം 75,000 രൂപ നിരക്കിൽ കരാർ നൽകുകയും പ്രസ്തുത സ്ഥാപനം രണ്ടുവർഷങ്ങളിലെയും വാർഷിക കണക്കും ഡി. സി.ബി.യും തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു.

112. സ്വകാര്യ ഏജൻസിയെ ഏല്പിച്ച പണി പൂർത്തിയാക്കാതെ അവർക്ക് പ്രതിഫലം നൽകിയെന്നുള്ള ഓഡിറ്റ് നിരീക്ഷണത്തിന്മേലുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് എഗ്രിമെന്റ് പ്രകാരം 30% വർക്ക് കഴിയുമ്പോൾ 25% തുക നൽകണ മെന്നായിരുന്നുവെന്നും ഡി.സി.ബി. സ്റ്റേറ്റ്മെന്റ് ഹാജരാക്കുന്ന സന്ദർഭത്തിൽ 80% വരെ തുക കൊടുക്കാമെന്നും ബാക്കി 20% ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ സർട്ടി ഫിക്കറ്റ് ലഭിച്ചതിനുശേഷം നൽകാമെന്നായിരുന്നു വ്യവസ്ഥയെന്നും അതുപ്രകാരം 80% വരെയുള്ള തുക മാത്രമേ നൽകിയിട്ടുള്ളൂവെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. എന്നാൽ ഇതിലുള്ള അപാകതകൾ മുഴുവൻ തീർത്തിട്ടില്ലെന്നും കണക്കു കളുടെ ക്ലോസിംഗ് ബാലൻസ് പൂർത്തിയാക്കിയിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

113. ബന്ധപ്പെട്ട റിക്കോർഡുകളിൽ ഒരു പ്രത്യേക തീയതിവരെയുള്ള വർക്ക് പൂർത്തിയാകുമ്പോൾ തുക നൽകാമെന്നാണ് പറയേണ്ടതെന്നും 30% വർക്ക് തീർന്നു വെന്ന നിഗമനത്തിൽ എത്തിയതെങ്ങനെയെന്ന് വ്യക്തമാക്കുവാൻ സമിതി ആവശ്യ പ്പെട്ടുവെങ്കിലും ആയതിന് വ്യക്തമായ മറുപടി നൽകുവാൻ സെക്രട്ടറിക്ക് കഴിഞ്ഞില്ല.

114. അപാകതകൾ കണ്ടുപിടിച്ചശേഷം ഓഫീസിൽ ചെയ്യാൻ വിട്ടുപോയ കാര്യങ്ങൾ ഓഫീസിലെ ഉദ്യോഗസ്ഥരെ വച്ചുതന്നെ ചെയ്തു തീർക്കുന്നുവെന്നും 2006-07 വരെയുള്ള ഡി.സി.ബി. സ്റ്റേറ്റ്മെന്റുകൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് സീനിയർ ഫിനാൻസ് ഓഫീസറും ചില സ്റ്റേറ്റ്മെന്റുകൾ ഇല്ലെങ്കിലും ഓപ്പണിംഗ് ബാലൻസും ക്ലോസിംഗ് ബാലൻസും ശരിയാക്കിയിട്ടുണ്ടെന്നും നഗരകാര്യ ഡയറക്ടറും സമിതിയെ അറിയിച്ചു.

115. നഗരസഭ സെക്രട്ടറിയുടെയും ഫിനാൻസ് ഓഫീസറുടെയും നഗരകാര്യ ഡയറക്ടറുടെയും വിശദീകരണം അംഗീകരിക്കാൻ സാധിക്കില്ലെന്നും പഴയ റെക്കോർഡുകൾ എഴുതി പൂർത്തിയാക്കാത്തതിനാലും ചില സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കി യിട്ടില്ലാത്തതിനാലും കണക്കുകൾ ശരിയാക്കിയിട്ടുണ്ടെന്ന വാദം ശരിയല്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

1994-95 മുതൽ ഓരോ വർഷവും കണക്കുകൾ തയ്യാറാക്കുന്നതിന് പുറത്തു നിന്നുള്ള ആൾക്കാരെ ഏൽപ്പിക്കുകവഴി നഗരസഭാ ജീവനക്കാർ ജോലി ചെയ്യാതെ

ശമ്പളം വാങ്ങുന്ന സാഹചര്യം ഉണ്ടാകുകയാണ് ചെയ്തതെന്ന് സമിതി ചൂണ്ടിക്കാണിച്ചു.

116. നഗരസഭയുടെ വാർഷിക ധനകാര്യ പത്രികകളും ഡിസിബി പത്രികകളും തയ്യാറാക്കുന്നതിന് ആവശ്യമായ വൗച്ചറുകളും റിക്കോഡുകളും സ്വകാര്യ ഏജൻസിക്ക് നൽകാതിരുന്നതുകൊണ്ടാണ് അവരെ ഏൽപ്പിച്ച വർക്കുകൾ പൂർത്തീകരിക്കാൻ കഴിയാതിരുന്നതെന്ന് സമിതി വിലയിരുത്തി. നഗരസഭയിൽ ഏകദേശം 4 കോടി രൂപയുടെ വൗച്ചറുകൾ കാണാനില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ വെളിപ്പെടുത്തിയതിന് വ്യക്തമായി മറുപടി നൽകാൻ നഗരസഭാ സെക്രട്ടറിക്ക് സാധിച്ചില്ല.

117. സ്വകാര്യ ഏജൻസിയെ ഏൽപ്പിച്ച ജോലി പൂർത്തിയാക്കാതെ പ്രതിഫലം നൽകിയിട്ടുള്ളതിനാൽ ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ ഒബ്ജക്ഷൻ നിലനിൽക്കുകയാണെന്നും നഗരസഭയുടെ വാദഗതികൾ അംഗീകരിക്കാൻ സാധിക്കില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. കൂടാതെ ഏകദേശം നാലുകോടി രൂപയുടെ വൗച്ചറുകൾ നഗരസഭയിൽ കാണാനില്ലെന്നുള്ള വസ്തുത വളരെ ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തി.

118. ഈ സാഹചര്യത്തിൽ, വാർഷിക ധനകാര്യ പത്രികയും ഡിസിബിയും തയ്യാറാക്കുന്നതിന് സ്വകാര്യ ഏജൻസിയെ ഏൽപ്പിച്ച ജോലി പൂർത്തിയാകാതെ പ്രതിഫലം നൽകിയെന്നുള്ള ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് ഫിനാൻസ് ഓഫീസർ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ഒരു മാസത്തിനകം നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

119. സമിതിയുടെ നിർദ്ദേശപ്രകാരം അന്വേഷണം നടത്തിയതിന്റെ റിപ്പോർട്ട് നഗരകാര്യ ഡയറക്ടറുടെ 11-11-2008-ലെ എഫ്2-15353/06 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് താഴെ ചേർക്കുന്നു.

"(1) പാലക്കാട് നഗരസഭയെ സംബന്ധിച്ച 2002-03 വർഷത്തെ ലോക്കൽ ഫണ്ട് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൽന്മേൽ ഖണ്ഡികയിൽ ഉന്നയിച്ചിട്ടുള്ള വീഴ്ചകൾ സംബന്ധിച്ച് 27-8-2008-ൽ നടന്ന നിയമസഭാ സമിതിയുടെ നിർദ്ദേശാനുസരണം അന്വേഷണം നടത്തുകയും താഴെയെഴുതിയിരിക്കുന്ന വസ്തുതകൾ വ്യക്തമാക്കുകയും ചെയ്യുന്നു.

(2) 24-3-1999-ലെ 814-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരമാണ് ജേക്കബ്ബ് ആന്റ് ബാലകൃഷ്ണൻ എന്ന ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനത്തിന് ഒരു വർഷത്തെ കണക്ക് ശരിയാക്കുന്നതിന് 75,000 രൂപ നിരക്കിൽ അനുവദിച്ചത്. 27-4-1999-ലെ ഉടമ്പടിപ്രകാരം ടി സ്ഥാപനവുമായി നഗരസഭ ഉടമ്പടിവച്ചു. ഉടമ്പടിയിൽ പ്രവൃത്തി പൂർത്തിയാക്കുന്നത് സംബന്ധിച്ച് സമയക്രമം നിശ്ചയിച്ചതായി കാണുന്നില്ല. എന്നാൽ കണക്കുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ ഫയലുകളും രജിസ്റ്ററുകളും നഗരസഭ നൽകണമെന്ന വ്യവസ്ഥയുണ്ടായിരുന്നു. നഗരസഭയുടെ ഈ നടപടിക്ക് 8-5-1999-ലെ എ3/8902/99 നമ്പർ ഉത്തരവ് പ്രകാരം നഗരകാര്യ ഡയറക്ടർ അനുമതി നൽകിയിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കണക്കുകൾ തയ്യാറാക്കുന്നതിന് 30-9-1999 അവസാന തീയതിയായി നിശ്ചയിച്ച് നഗരസഭാ സെക്രട്ടറി

ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി കാലാവധി 31-3-2000 വരെയായി പിന്നീട് ദീർഘിപ്പിച്ചിട്ടുണ്ട്.

(3) 31-3-2001 തീയതിയിലെ കത്തുപ്രകാരം സ്ഥാപനം 1994-95 മുതൽ 1998-99 വരെ തയ്യാറാക്കിയ കണക്കുകൾ നഗരസഭയിൽ ഏൽപ്പിച്ചതായി കത്ത് നൽകിയിട്ടുണ്ട്. അതനുസരിച്ച് ടിയാൾ പ്രതിഫലവും ആവശ്യപ്പെട്ടിട്ടുണ്ട്. 24-1-2000-ൽ പ്രതിഫലമായി 1994-95, 1995-96 വർഷങ്ങളിലേക്ക് 1,20,000 രൂപയും 21-6-2000-ൽ 1996-97, 1997-98 വർഷങ്ങളിലെ പ്രതിഫലമായി 1,20,000 രൂപയും കരാറുകാരന് നൽകിയിട്ടുണ്ട്. പിന്നീട് തയ്യാറാക്കിയ കണക്കുകളിലെ ന്യൂനതകൾ ചൂണ്ടിക്കാണിച്ചും അവ പരിഗണിക്കണമെന്ന് നിർദ്ദേശിച്ചും നഗരസഭാ സെക്രട്ടറി സ്ഥാപനത്തിന് 29-1-2002, 10-6-2002 എന്നീ തീയതികളിൽ നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസുകൾക്കുള്ള അന്തിമ മറുപടി സ്ഥാപനം 8-2-2002-ൽ നൽകിയതായി കാണുന്നു. ആയതനുസരിച്ച് ആവശ്യമായ എല്ലാ രേഖകളും സഹിതമാണ് ഡി.സി.ബി.യും അരിയർ ഡിമാന്റ് വർക്കുകളും ബന്ധപ്പെട്ട രേഖകളും റെക്കോർഡുകളും നൽകിയതെന്ന് ബോധിപ്പിക്കുന്നു. ആയതിനാൽ തന്റെ പേരിലുള്ള നോട്ടീസും പിൻവലിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

(4) ലോക്കൽ ഫണ്ട് ഓഡിറ്റ് പ്രധാനമായി ചൂണ്ടിക്കാണിച്ചിരിക്കുന്നത് ശരിയായ ഡിമാന്റും കുടിശ്ശിക ഡിമാന്റും നിർണ്ണയിച്ചിട്ടില്ലായെന്നും വരവിനങ്ങൾ പൂർണ്ണമായി ഡി.സി.ബി.യിലും കണക്കുകളിലും ചേർത്തിട്ടില്ലായെന്നും എല്ലാ വാർഡുകളിലേയും ഡിമാന്റ് രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ലായെന്നും അനുബന്ധ പത്രികകൾ തയ്യാറാക്കി നൽകിയിട്ടില്ലായെന്നുമാണ്.

(5) നഗരസഭയുടെ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകളും തയ്യാറാക്കുന്നതിന് ആദ്യം ഡിമാന്റുകൾ നിർണ്ണയിക്കപ്പെടണം. ആയതിന്റെ ഉത്തരവാദിത്വം നികുതിനിർണ്ണയ സ്ഥാപനമായ നഗരസഭയ്ക്കുതന്നെയാണ്. ഇപ്രകാരമുള്ള ഡിമാന്റ് അനുസരിച്ച് പിരിക്കുന്ന തുക ഡിമാന്റ് രജിസ്റ്ററുകളിൽ അതത് വർഷങ്ങളിൽ പോസ്റ്റ് ചെയ്യുകയും കുടിശ്ശിക വരുന്ന ഇനങ്ങളിൽ അടുത്ത വർഷത്തേക്ക് കൊണ്ടു വരുകയും ആണ് നികുതി കുടിശ്ശിക തയ്യാറാക്കുക എന്നതുകൊണ്ട് കരാറുകാരനിൽ നിന്നും പ്രതീക്ഷിക്കുന്നത്. ഡിമാന്റ് രജിസ്റ്ററുകളിലും കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകളിലും പോസ്റ്റിംഗ് നടന്നിട്ടുള്ളതായി കാണുന്നുണ്ട്. എന്നാൽ അവയിൽ പല ഭാഗങ്ങളിലും പൂർണ്ണ വിവരങ്ങളില്ല. വസ്തു നികുതി രജിസ്റ്ററുകളിൽ 1993-94 വർഷം മുതലുള്ള നീക്കിയിരിപ്പ് ബാക്കി 1994-95 വർഷത്തേക്കും 1995-96 വർഷത്തേക്കും ക്യാരി ഓവർ ചെയ്ത് കുടിശ്ശിക ഡി.സി.ബി. തയ്യാറാക്കിയതായി കാണുന്നു. അതേസമയം 1996-97, 1997-98 എന്നീ വർഷങ്ങളിൽ ഡിമാന്റുകൾ എഴുതപ്പെട്ടിട്ടുണ്ടെങ്കിലും പിരിവ് വിവരങ്ങൾ ചേർത്തിട്ടുള്ളതായി കാണുന്നില്ല. കരാർ ഏൽപ്പിക്കപ്പെട്ട സ്ഥാപനത്തിന് കൃത്യമായി രേഖകൾ സപ്ലൈ ചെയ്യുന്നതിനും കരാറുകാരൻ തയ്യാറാക്കി വരുന്ന രേഖകൾ അപ്പപ്പോൾതന്നെ സൂക്ഷ്മപരിശോധന നടത്തുന്നതിനും അപാകത ശ്രദ്ധയിൽപ്പെടുന്നപക്ഷം സെക്രട്ടറിയുൾപ്പെടെയുള്ളവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും കരാറുകാരുടെ പ്രവൃത്തി മോണിട്ടർ ചെയ്യുന്നതിനും ഒന്നോ അതിലധികമോ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിരുന്നുവെങ്കിൽ ഓഡിറ്റ് വിഭാഗം ചൂണ്ടിക്കാണിച്ച അപാകതകൾ ഒഴിവാക്കുവാൻ കഴിയുമായിരുന്നു.

(6) ഗ്രാന്റിനത്തിലേയും മറ്റു വരവിനങ്ങളേയും സംബന്ധിച്ച പൂർണ്ണ വിവരങ്ങളോ അക്കൗണ്ടുകളിൽ ചേർത്തിട്ടില്ലായെന്ന ആക്ഷേപം പൂർണ്ണമായും ശരിയല്ല. നഗരസഭയ്ക്ക് ലഭിക്കുന്ന സർക്കാർ വക/വരവുകൾ, സ്റ്റാമ്പ് ഡ്യൂട്ടി, സർച്ചാർജ്ജ്, വി.റ്റി.സി., പ്രത്യേക ആവശ്യങ്ങൾക്കുള്ള ഗ്രാന്റ്, പ്ലാൻ ഫണ്ട്, മറ്റെന്തെങ്കിലും ഗ്രാന്റുകൾ എന്നിങ്ങനെയാണ്. നഗരസഭയ്ക്ക് 1994–95, 1996–97 എന്നീ വർഷങ്ങളിൽ വി.റ്റി.സി. ലഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. വി.റ്റി.സി. എല്ലാ വർഷവും നഗരസഭകൾക്ക് സർക്കാർ നൽകുന്ന വരവിനമാണ്. ആയതിനാൽ വി. റ്റി. സി. കണക്കിൽ ഉൾപ്പെടുത്താതിരുന്നത് വീഴ്ചതന്നെയാണ്. ഇതേപ്രകാരംതന്നെ 1997–98 മുതൽ 1999–2000 വരെ പ്ലാൻ ഫണ്ടിനത്തിൽ ലഭിച്ചിട്ടുള്ള തുകകൾ ഒന്നും ഡി.സി.ബി. യിലും കണക്കുകളിലും ചേർത്തിട്ടില്ല. ഇത് ഗൗരവപൂർവ്വം കാണേണ്ട വീഴ്ച തന്നെയാണ്. കോടിക്കണക്കിന് രൂപയുടെ വരവുകളാണ് ഡി.സി.ബി.യിലും കണക്കുകളിലും ചേർക്കാതെ ഒഴിവായിട്ടുള്ളത്.

(7) അനുബന്ധ പത്രികകൾ ഒന്നുംതന്നെ തയ്യാറാക്കി നൽകിയിട്ടില്ലായെന്ന ആക്ഷേപം പൂർണ്ണമായും ശരിയാണ്. നഗരസഭയുടെ ധനസ്ഥിതി വ്യക്തമാക്കുന്നതിന് ലോൺ അക്കൗണ്ട് പത്രിക, ലോൺ തിരിച്ചടവ് പത്രിക, നിക്ഷേപ പത്രിക, ആസ്തികളും ബാധ്യതകളും തിട്ടപ്പെടുത്തിയ പത്രിക എന്നിവ അത്യാവശ്യം വേണ്ട രേഖകളാണ്. വാർഷിക സാമ്പത്തിക കണക്കുകളുടെ അടിസ്ഥാനത്തിൽ നഗരസഭയുടെ ധനസ്ഥിതി തിട്ടപ്പെടുത്തുന്നതിന് ഏറ്റക്കുറച്ചിലുകൾ വരുത്തി നഗരസഭയുടെ യഥാർത്ഥ ധനസ്ഥിതി നിശ്ചയിക്കുന്നതിന് ഈ അനുബന്ധ രേഖകൾ ഒഴിച്ചുകൂടാനാവാത്തതാണ്.

(8) കളക്ഷൻതന്നെ ഡിമാന്റായി എടുത്തിരിക്കുന്നുവെന്ന ആക്ഷേപം ശരിയാണെന്ന് പരിശോധനയിൽ കണ്ടില്ല. നികുതി നിശ്ചയിച്ച് ഡിമാന്റ് നിർണ്ണയിച്ച് പിരിവ് നടത്തുന്ന പ്രധാന ഇനങ്ങളായ വസ്തു നികുതി, ഭൂനികുതി, തൊഴിൽ നികുതി, വസ്തുക്കളിൽ നിന്നുള്ള വരുമാനം എന്നിവകൾക്ക് ഡിമാന്റുകൾ ഉള്ളതായും കളക്ഷൻ വന്നിട്ടുളളത് കണക്കാക്കി നീക്കി ബാക്കി കണക്കാക്കിയിട്ടുളളതായും കരാറുകാരൻ തയ്യാറാക്കിയ ഡി.സി.ബി. പ്രകാരം കാണുന്നു.

(9) പൊതുവെ വിലയിരുത്തപ്പെടുമ്പോൾ പ്രതിവർഷം 75,000 രൂപ പ്രതിഫലത്തുക നിശ്ചയിച്ച് ചാർട്ടേർഡ് അക്കൗണ്ടന്റ് പോലെ ഒരു പ്രൊഫഷണൽ സ്ഥാപനത്തെ ജോലി ഏൽപ്പിക്കുമ്പോൾ ലഭിക്കേണ്ട പൂർണ്ണത ലഭിച്ചിട്ടില്ലായെന്നത് സ്പഷ്ടമാണ്. ആയത് ലഭിക്കുന്നതിന് ആവശ്യമായ രേഖകളും ഉദ്യോഗസ്ഥ തലത്തിൽ നിർദ്ദേശങ്ങളും നഗരസഭയിൽ നിന്നും നൽകിയിരുന്നോ എന്നതും സംശയകരമാണ്. പൂർണ്ണതയില്ലാതെ ലഭിച്ച കണക്കുകൾക്ക് 80% പ്രതിഫലം നൽകിയതിൽ നിന്നും, നഗരസഭയുടെ ഭാഗത്ത് മേൽപ്പറഞ്ഞ വീഴ്ചയുണ്ടായി എന്നത് കാണുന്നു.

(10) സമാഹൃത റിപ്പോർട്ടിൽ പരാമർശിച്ചിട്ടുളളത് കൂടാതെ നഗരസഭയിലെ കണക്കുകൾ സൂക്ഷിക്കുന്നത് സംബന്ധിച്ചും കണക്കുകളുടെ നിജസ്ഥിതി സംബന്ധിച്ചും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നിയമസഭാ സമിതി മുൻപാകെ ഉന്നയിച്ച ആക്ഷേപവും പരിശോധനയ്ക്ക് വിധേയമാക്കി. പ്രധാനമായി ഉന്നയിച്ചിരിക്കുന്ന ആക്ഷേപം 4 കോടി രൂപയോളം വരുന്ന ചെലവുകൾക്ക് വൗച്ചറുകളും ഫയലുകളും ഇല്ലായെന്നതാണ്. 2003–04 വർഷത്തെ റിപ്പോർട്ടിൽ വൗച്ചറുകൾ ഹാജരാക്കാത്ത തുക തനത് ഫണ്ടിൽ 186.29 ലക്ഷവും പ്ലാൻ ഫണ്ടിൽ 38.27 ലക്ഷവുമാണ്.

2004-05 വർഷത്തെ റിപ്പോർട്ടിൽ വൗച്ചറുകൾ ഇല്ലാത്ത കണക്ക് 166.97 ലക്ഷം രൂപയുടെയും ഫയലുകൾ ലഭ്യമല്ലാത്തത് 2006.38 ലക്ഷം രൂപയുടേതുമാണ്. പരിശോധന സമയത്തും ടി ഫയലുകൾ കണ്ടെത്തി ഹാജരാക്കുന്നതിന് കഴിഞ്ഞിട്ടില്ല. അതേ പ്രകാരംതന്നെ 2005-06, 2006-07 വർഷങ്ങളിലെ നീക്കിയിരിപ്പ് പ്രാരംഭ ബാക്കി എന്നിവ ഒരേ തുകയായിരിക്കേണ്ടതിന് പകരം വ്യത്യസ്ത തുകകളാണ് കാണുന്നത്. ഇതേ പ്രകാരം തന്നെയുള്ള വ്യത്യാസം ഡി.സി.ബി.യിലെ നീക്കിയിരുപ്പിലും കാണുന്നു. ഇവയ്ക്കൊന്നും തന്നെ വ്യക്തമായ വിശദീകരണം നഗരസഭാ അധികൃതർ പരിശോധന വേളകളിലും നൽകിയിട്ടില്ല. ലോക്കൽ ഫണ്ട് ഓഡിറ്റ് ഉന്നയിച്ചിരിക്കുന്ന മറ്റൊരു ആക്ഷേപം ആധികാരികതയില്ലാത്ത രജിസ്റ്ററുകളെ സംബന്ധിച്ചാണ്. രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ലായെന്ന് ഉന്നയിച്ചിരിക്കുന്നത് ശരിയാണ്.

(11) മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരസഭയിലെ കണക്കുകൾ തയ്യാറാക്കുന്നതിലും സൂക്ഷിക്കുന്നതിലും സംഭവിച്ചിട്ടുള്ള വീഴ്ചകൾ ഗൗരവമായിതന്നെ കാണേണ്ടിയിരിക്കുന്നു. പരിശോധനാസമയത്ത്, സെക്രട്ടറി, ചീഫ് അക്കൗണ്ടന്റ്, റവന്യൂ ഓഫീസർ എന്നിവരെ ഈ വീഴ്ചകളുടെ ഗൗരവം ബോധ്യപ്പെടുത്തിയിട്ടുള്ളതും ചട്ടപ്രകാരവും കണക്കുകൾ പൂർത്തീകരിച്ച്, വൗച്ചറുകൾ സഹിതം ഓഡിറ്റിന് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്."

### നിഗമനങ്ങൾ/ശുപാർശകൾ

120. **നഗരസഭയിലെ വാർഷിക ധനകാര്യ പത്രികയും ഡി.സി.ബി.യും തയ്യാറാക്കുന്നതിന് സ്വകാര്യ ഏജൻസിയെ ഏൽപ്പിച്ച ജോലി പൂർത്തിയാക്കാതെ പ്രതിഫലം നൽകിയതു സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി നിർദ്ദേശപ്രകാരം നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ടിൽ നിന്നും കരാർ ഏൽപ്പിക്കപ്പെട്ട സ്ഥാപനത്തിന് കൃത്യമായി രേഖകൾ സപ്ലൈ ചെയ്യുന്നതിലും കരാറുകാരുടെ പ്രവൃത്തി മോണിട്ടർ ചെയ്യുന്നതിലും തയ്യാറാക്കിവരുന്ന രേഖകൾ സൂക്ഷ്മപരിശോധന നടത്തി അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നതിലും നഗര സഭാ അധികൃതർ പരാജയപ്പെട്ടതായി സമിതി മനസ്സിലാക്കുന്നു. കൂടാതെ കോടിക്കണക്കിന് രൂപയുടെ വരവുകൾ ഡി.സി.ബി.യിലും കണക്കുകളിലും ചേർക്കാതെ ഒഴിവായിട്ടുള്ളതായും എല്ലാ വർഷവും നഗരസഭയ്ക്കു ലഭിക്കുന്ന വരവിനമായി വി. റ്റി. സി. യും കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നതും, നഗരസഭയുടെ യഥാർത്ഥ ധനസ്ഥിതി നിശ്ചയിക്കുന്നതിന് ആശ്യമായ അനുബന്ധ പത്രികകൾ തയ്യാറാക്കി നൽകിയിട്ടില്ലെന്നതും നഗരസഭയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി സമിതി വിലയിരുത്തുന്നു. കൂടാതെ ഏകദേശം നാലു കോടി രൂപയുടെ ചെലവുകൾക്കുള്ള വൗച്ചറുകൾ ഇല്ലെന്നുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരാമർശവും ശരിയാണെന്ന് അന്വേഷണത്തിൽ നിന്നും ബോധ്യപ്പെട്ടിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. നഗരസഭയിലെ രജിസ്റ്ററുകൾ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ലെന്ന വിവരവും സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നു.**

121. **ഈ സാഹചര്യത്തിൽ വാർഷിക ധനകാര്യ പത്രികയും ഡി.സി.ബി. പത്രികയും തയ്യാറാക്കി നൽകുന്നതിന് സ്വകാര്യ ഏജൻസിക്ക് നൽകിയ 1,20,000 രൂപ പ്രസ്തുത കാലയളവിലെ നഗരസഭാ സെക്രട്ടറി, ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട നഗരസഭയിലെ മറ്റ് ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും ഈടാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല—55,000 രൂപയുടെ നഷ്ടം**

തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതെ ഒഴിവാക്കിയതിനാൽ 55,000 രൂപയുടെ നഷ്ടം. കേരള മുനിസിപ്പാലിറ്റീസ് ആക്ട് (94), വകുപ്പ് 245 പ്രകാരം തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ വ്യാപാര വ്യവസായ സ്ഥാപനങ്ങളെയാണ് ഒഴിവാക്കിയത്. അന്വേഷണം നടത്തി നഷ്ടം ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, 2003-04, ഖണ്ഡിക 6.8.1.]

ആഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

122. "ഓഡിറ്റ് റിപ്പോർട്ടിൽ തൊഴിൽ നികുതി ഈടാക്കിയില്ല എന്നു പറയുന്ന സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, തൊഴിൽ നികുതി എന്നിവ പിരിച്ചെടുത്തതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഡിമാന്റ് | പിരിവ് | പിരിവിന്റെ വിശദാംശം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | (എ) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മേഴ്സി കോളേജ് ബ്രാഞ്ച് (വാർഡ് 23) | ₹ 1,250.00<br>₹ 1,250.00 | ₹ 1,250.00<br>₹ 1,250.00 | Cheque No. 045277 17-9-1999<br>Cheque No. 493645 19-5-2008 |
| | (ബി) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പി. വി. ടവേഴ്സ് | 1999-2000 | കാലയളവിൽ ടി സ്ഥാപനം നിലവിലുണ്ടായിരുന്നില്ല. | |
| | (സി) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഈവനിംഗ് ബ്രാഞ്ച് (വാർഡ് 31) | ₹ 1,250.00<br>₹ 1,250.00 | ₹ 1,250.00<br>₹ 1,250.00 | Cheque No. 045277 17-9-1999<br>Cheque No. 045827 dated 24-2-2000 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 2 | ലക്ഷ്മി വിലാസ് ബാങ്ക്, ബിഗ് ബസാർ, പാലക്കാട് (വാർഡ് 25) | ₹ 1,250.00<br>₹ 1,250.00 | ₹ 2,500.00 | Cheque No. 34929 dated 19-5-2008 |
| 3 | സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, നൂറണി ബ്രാഞ്ച് (വാർഡ് 25) | ₹ 750.00<br>₹ 750.00 | ₹ 1,500.00 | Cheque No. 00040 dated 24-5-2008 |
| 4 | ഫെഡറൽ ബാങ്ക് നൂറണി ബ്രാഞ്ച് (വാർഡ് 25) | ₹ 1,250.00<br>₹ 1,250.00 | ₹ 2,500.00 | Cheque No. 119655 dated 22-4-2008 |
| 5 | കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക്, പാലക്കാട്, പിരായിരി ബ്രാഞ്ച് (വാർഡ് 27) | ₹ 250.00<br>₹ 250.00 | ₹ 500.00 | Cheque No. 14230 dated 22-4-2008 |
| 6 | കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക്, ബിഗ് ബസാർ, പാലക്കാട് (വാർഡ് 30) | ₹ 250.00<br>₹ 250.00 | ₹ 500.00 | Cheque No. 14231 dated 22-4-2008 |
| 7 | ധനലക്ഷ്മി ബാങ്ക്, ബിഗ് ബസാർ, പാലക്കാട് (വാർഡ് 30) | ₹ 1,250.00<br>₹ 1,250.00 | ₹ 2,500.00 | Cheque No. 3021194 dated 16-8-1999 & 3484959 dated: 1-3-2000 |
| 8 | സിൻഡിക്കേറ്റ് ബാങ്ക് മേലാമുറി, പാലക്കാട് (വാർഡ് 30) | ₹ 1,250.00<br>₹ 1,000.00 | ₹ 2,250.00 | Cheque No. 668288 dated: 12-9-1999 & 668662 dated: 3-3-2000 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 9 | കനറാ ബാങ്ക്, ബി.ഒ.സി. റോഡ്, പാലക്കാട് (വാർഡ് 31) ലീഡ് ബാങ്ക് | ₹ 1,250.00<br>₹ 1,250.00 | ₹ 2500.00 | Cheque No. 1425969 ADu. dated 27-9-1999 & 8234752 dated 24-4-2008 |
| 10 | കനറാ ബാങ്ക്, ബി.ഒ.സി. റോഡ്, പാലക്കാട് (വാർഡ് 31) ലീഡ് ബാങ്ക് | ₹ 1,250.00<br>₹ 1,250.00 | ₹ 2,500.00 | Cheque No. 34929 dated 19-5-2008 |
| 11 | ആന്ധ്രാ ബാങ്ക്, ബിഗ് ബസാർ ബ്രാഞ്ച്, പാലക്കാട് (വാർഡ് 31) | ₹ 1,250.00<br>₹ 1,250.00 | ₹ 2,500.00 | Cheque No. 700978 dated 17-5-2008 |
| 12 | വിജയ ബാങ്ക്, ഒലവക്കോട് ബ്രാഞ്ച് (വാർഡ് 35) | 99 00 IInd half ₹ 1,250.00 | ₹ 1,250.00 | Pay Order No. 712021822 dated 12-8-2008 |
| 13 | കാത്തലിക് സിറിയൻ ബാങ്ക്, ഒലവക്കോട് ബ്രാഞ്ച് (വാർഡ് 36) | 99 00 IInd half ₹ 1,250.00 | ₹ 1,250.00 | Pay Order No. 282906 dated 12-8-2008 |
| 14 | പാലക്കാട് കോ-ഓപ്പറേറ്റീവ് അർബ്ബൻ ബാങ്ക്, നൂറണി (7 ശാഖകൾ) (വാർഡ് 25) | ₹ 250.00<br>₹ 250.00 | ₹ 500.00 x 7=3500 | Cheque No.14230 &14231 dated 22-4-2005 |
| | മൊത്തം ഡിമാന്റ് | ₹ 30750 | | |

123. ഓഡിറ്റ് റിപ്പോർട്ടിൽ 55,000 രൂപ ഡിമാന്റ് എന്ന് കാണിച്ചിരിക്കുന്നു. എന്നാൽ ഓഡിറ്റ് റിപ്പോർട്ടിൽ പറയുന്ന 23 സ്ഥാപനങ്ങളിൽ നിന്നുള്ള മൊത്തം ഡിമാന്റ് 30,750 രൂപയാണ്. കോ-ഓപ്പറേറ്റീവ് അർബ്ബൻ ബാങ്ക്, പിരായിരി ബ്രാഞ്ച്, ബിഗ് ബസാർ ബ്രാഞ്ച് എന്നിവയുടെ അർദ്ധവാർഷിക ഡിമാന്റ് 250 രൂപ വീതമാണ്. അതുപോലെ കോ-ഓപ്പറേറ്റീവ് അർബ്ബൻ ബാങ്കിന്റെ മറ്റ് ഏഴു ബ്രാഞ്ചുകളുടെ അർദ്ധവാർഷിക ഡിമാന്റ് 250 രൂപ വീതമാണ്. ആയതിനാൽ മൊത്തം ഡിമാന്റ് തുകയായ 30,750 രൂപയിൽ 30,750 രൂപയും പിരിച്ചെടുത്തിട്ടുണ്ട്."

[തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 21-8-2008-ലെ 47905/ഇബി1/08/ തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭിച്ചത്.]

124. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പി.വി. ടവേഴ്സിനെ ഡിമാന്റിൽ നിന്ന് ഒഴിവാക്കാനുള്ള കാരണം സമിതി ആരാഞ്ഞതിന് 1999-2000 കാലയളവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ റീജിയണൽ ഓഫീസ് പി.വി. ടവേഴ്സിൽ നിലവിലില്ലായിരുന്നുവെന്ന് സ്റ്റേറ്റ് ബാങ്ക് രേഖാമൂലം നഗരസഭയെ അറിയിച്ചിട്ടുണ്ടെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു.

125. ബാങ്കുകളുടെ തൊഴിൽ നികുതി ഡിമാന്റ് ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 55,000 രൂപയും നഗരസഭയുടെ കണക്ക് അനുസരിച്ച് 30,750 രൂപയും ആണെന്ന് കാണുന്നുവെന്നും ഇത്രയും വ്യത്യാസം ഉണ്ടാകുവാനുള്ള കാരണം എന്താണെന്നും സമിതി ആരാഞ്ഞു. അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിന് അർദ്ധവാർഷികമായി 250 രൂപയും മറ്റുള്ള ബാങ്കുകൾക്ക് 1,250 രൂപയും വച്ച് ഡിമാന്റ് ചെയ്തതുകൊണ്ടാണ് ഇങ്ങനെ വ്യത്യാസമുണ്ടായതെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു.

126. ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ അസസ്മെന്റ് നടത്തി ഡിമാന്റു ചെയ്യണമെന്നിരിക്കെ കോ-ഓപ്പറേറ്റീവ് ബാങ്കിനുമാത്രം ഡിമാന്റ് കുറച്ചുകൊടുത്തത് ശരിയല്ലെന്നും ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ എല്ലാ ബാങ്കുകൾക്കും തൊഴിൽ നികുതി ഏർപ്പെടുത്തുന്നതിന് നഗരസഭ ശ്രദ്ധിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

## നിഗമനങ്ങൾ/ശുപാർശകൾ

127. **ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ അസസ്മെന്റ് നടത്തി ഡിമാന്റ് ചെയ്യണമെന്നിരിക്കെ കോ-ഓപ്പറേറ്റീവ് ബാങ്കിനുമാത്രം ഡിമാന്റ് കുറച്ചുകൊടുത്തത് ശരിയല്ലെന്നും ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ എല്ലാ ബാങ്കുകൾക്കും തൊഴിൽ നികുതി ഏർപ്പെടുത്തുന്നതിന് നഗരസഭ ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. തൊഴിൽ നികുതി പിരിച്ചെടുത്തിട്ടുണ്ട് എന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്കൂൾ അറ്റകുറ്റപണി—മൂല്യനിർണ്ണയം നടത്തിയിട്ടില്ല**

പി.എം.ജി. സ്കൂളിന്റെ അറ്റകുറ്റപ്പണിക്കുവേണ്ടി 1999-2000-ൽ മുൻകൂർ നൽകിയ 1,25,000 രൂപയിൽ 99,623 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മൂല്യനിർണ്ണയം നടത്തി ചെലവ് സാധൂകരിച്ചിട്ടില്ല. മാത്രമല്ല ചെലവഴിക്കാത്ത 25,377 രൂപ തിരിച്ച് ഈടാക്കിയിട്ടുമില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, 2003-04, ഖണ്ഡിക 6.8.2.]

ആഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി:—

128. "ചെയ്ത പ്രവർത്തിയുടെ മൂല്യനിർണ്ണയം നടത്തി ചിലവ് സാധൂകരണം നടത്തിയത് സംബന്ധിച്ചും ചിലവഴിക്കാത്ത തുക തിരിച്ചടച്ചത് സംബന്ധിച്ചും വിശദാംശങ്ങൾ ഹാജരാക്കാൻ പി.എം.ജി. ഹയർ സെക്കണ്ടറി സ്കൂൾ ഹെഡ്മാസ്റ്റർക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. ഈ പ്രവർത്തിയുടെ മൂല്യനിർണ്ണയം നടത്തി ചിലവ് സാധൂകരണം നടത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥയായ പി.എം.ജി.എച്ച്.എസ്സ് ഹെഡ്മിസ്ട്രസ്സാണ്. ഈ പദ്ധതിക്ക് ഡി.പി.സി അംഗീകാരം ലഭിച്ചശേഷം 1,25,000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് മുൻകൂർ നൽകിയിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥ ഹെഡ്മിസ്ട്രസ്സ് ആയിരുന്നു എങ്കിലും രക്ഷാകർത്തൃ സമിതിയാണ് യഥാർത്ഥത്തിൽ പണി നടത്തിയത്. 99,623 രൂപ ചിലവഴിച്ചതായാണ് റിപ്പോർട്ട് ലഭിച്ചത്. ആഡിറ്റ് മുൻപാകെ രേഖകൾ ഹാജരാക്കേണ്ട ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥ പാലിച്ചതായി കാണുന്നില്ല. കൂടാതെ ബാക്കി തുക 25,377 രൂപ തിരിച്ചടച്ചിട്ടുമില്ല. ഈ സാഹചര്യത്തിൽ ബന്ധപ്പെട്ട രേഖകൾ ഓഫീസിൽ ഹാജരാക്കാൻ നിലവിലുള്ള സ്കൂൾ അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്."

[തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 21-8-2008-ലെ 47905/ഇബി1/08/ തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭിച്ചത്.]

129. പി.എം.ജി. സ്കൂളിന്റെ അറ്റകുറ്റപ്പണികൾക്ക് നൽകിയ 1,25,000 രൂപയിൽ എത്ര രൂപ ചെലവഴിച്ചുവെന്നുള്ള സമിതിയുടെ ചോദ്യത്തിന് പ്രസ്തുത പ്രവൃത്തി യുടെ നിർവ്വഹണ ഉദ്യോഗസ്ഥ പി.എം.ജി.എച്ച്.എസ്സ്. ഹെഡ്മിസ്ട്രസ്സാണെങ്കിലും രക്ഷാകർത്തൃ സമിതിയാണ് പണികൾ നടത്തിയതെന്നും നൽകിയ തുകയിൽ 99,000 രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് മറുപടി തന്നിട്ടുള്ളതായും സെക്രട്ടറി സമിതിയെ അറിയിച്ചു. ഒരുലക്ഷം രൂപ അറ്റകുറ്റപ്പണികൾക്കും 25,000 രൂപ കുടിവെള്ളത്തിനും ചെലവഴിച്ചുവെ ന്നാണ് എഴുതി തന്നിരിക്കുന്നതെന്നും പി.ടി.എ. അംഗീകരിച്ച മിനിട്സില്ല എന്നുള്ള കാരണത്താൽ ഓഡിറ്റിന് ഹാജരാക്കിയ 99,000 രൂപയുടെ വൗച്ചർ ഓഡിറ്റ് അംഗീകരി ച്ചിട്ടില്ലെന്ന് പാലക്കാട് നഗരസഭാ ചീഫ് അക്കൗണ്ടന്റും സമിതിയെ അറിയിച്ചു.

130. സ്കൂളിന്റെ അറ്റകുറ്റപ്പണികൾക്കായി നൽകിയ 1,25,000 രൂപയിൽ നിന്ന് കുടിവെള്ളത്തിനായി വകമാറ്റി ചെലവഴിക്കാൻ രക്ഷാകർത്തൃ സമിതിക്ക് അധികാര മില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. കുടിവെള്ളത്തിനായി ചെലവാക്കിയതിന് രേഖകൾ ഹാജരാക്കിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് രേഖയൊന്നും ഹാജരാക്കി യിട്ടില്ലെന്ന് പാലക്കാട് നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

131. കുടിവെള്ളത്തിന് തുക ചെലവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്നും അനുവദിച്ച തുകയിൽ നിന്ന് കുടിവെള്ളത്തിന് ചെലവാക്കാൻ നഗരസഭ അനുവാദം നൽകിയാൽ മതിയെന്നും സമിതി അഭിപ്രായപ്പെട്ടു. ചെലവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ലെങ്കിൽ പ്രസ്തുത തുക നഗരസഭ ഈടാക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

132. സ്കൂൾ അറ്റകുറ്റപ്പണികൾക്കുവേണ്ടി ചെലവായ തുകകൾ സംബന്ധിച്ച രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

133. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 18-6-2010-ലെ 47905/എബി1/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് താഴെ ചേർക്കുന്നു :

134. "പി.എം.ജി. ഹൈസ്കൂളിൽ നടത്തിയ അറ്റകുറ്റപ്പണികൾ മുതലായവ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് മുനിസിപ്പൽ എഞ്ചിനീയറെ അധികാരപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ റിപ്പയർ പ്രവർത്തികളുടെ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി അന്നത്തെ ഹെഡ്മാസ്റ്റർ/അദ്ധ്യാപകർ/പി.ടി.എ. ഭാരവാഹികൾ എന്നിവരെ 14-10-2008-ന് പി.എം.ജി. ഹൈസ്കൂളിൽ ഹാജരാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് ഇപ്പോഴത്തെ ഹെഡ്മാസ്റ്റർക്ക് കത്ത് നൽകിയിരുന്നു. എന്നാൽ 14-10-2008-ന് ബന്ധപ്പെട്ട ആരുംതന്നെ ഹാജരുണ്ടായില്ല. കൂടാതെ ഈ വിഷയം സംബന്ധിച്ച് ഇപ്പോഴത്തെ ഹെഡ്മാസ്റ്റർക്ക് യാതൊന്നുംതന്നെ അറിയില്ലെന്നും മൊഴി നൽകിയിരുന്നു. ആയതിനാൽ മേൽപ്പറഞ്ഞ റിപ്പയർ പ്രവർത്തികളോ മറ്റോ പരിശോധിക്കുന്നതിനോ ആയതിന്റെ ഇപ്പോഴത്തെ അവസ്ഥ റിപ്പോർട്ട് ചെയ്യുന്നതിനോ സാധിച്ചിട്ടില്ല.

ഇക്കാര്യത്തിൽ മേൽപ്പറഞ്ഞ മരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട പി.ടി.എ. കമ്മിറ്റി മെമ്പർമാർ, ഹെഡ്മാസ്റ്റർ എന്നിവരുടെ പേരും അഡ്രസ്സും അറിയിക്കുന്നതിന് PW2-41946/08 നമ്പർ ഫയൽപ്രകാരം ഇപ്പോഴത്ത ഹെഡ്മാസ്റ്റർക്ക് കത്ത് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് പ്രോജക്ട് നിർവ്വഹണ സമയത്തെ ഹെഡ്മാസ്റ്റർ, പി.ടി.എ. ഭാരവാഹികൾ എന്നിവരിൽ നിന്നും തെളിവുകൾ ശേഖരിച്ച് ഉടനെ സമർപ്പിക്കുന്നതാണ്."

135. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് 28-6-2010-ലെ എൽ.എഫ്. 12311/സ്പെ.സെൽ(ജി1)08 നമ്പർ കത്തുപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് താഴെ ചേർക്കുന്നു :

136. "ഈ പദ്ധതിക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചതിൻപ്രകാരം 1,25,000 രൂപ നൽകിയതിൽ 1,22,981 രൂപയ്ക്ക് സ്ക്കൂൾ അറ്റകുറ്റപ്പണി നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. കൂടാതെ ബാക്കി തുക 2,019 രൂപ രശീതി നമ്പർ 132055 തീയതി 17-9-2009 പ്രകാരം തിരിച്ചടച്ചിട്ടുണ്ട്. "

## നിഗമനങ്ങൾ/ശുപാർശകൾ

137. **പാലക്കാട് നഗരസഭയിൽ പി.എം.ജി.സ്കൂളിന്റെ അറ്റകുറ്റപ്പണികൾക്കായി നൽകിയ 1,25,000 രൂപയിൽ 1,22,981 രൂപയ്ക്ക് അറ്റകുറ്റപ്പണി നടത്തിയ**

**തിന്റെ രേഖകളും ബാക്കി 2,019 രൂപ തിരിച്ചടച്ചതിന്റെ രേഖകളും ഹാജരാക്കിയിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഗാലസ പദ്ധതി വിജയിച്ചില്ല**

നെൽക്കൃഷിയിൽ സുസ്ഥിര വികസനം ലക്ഷ്യമിട്ട 'ഗാലസ' പദ്ധതി വിജയിച്ചില്ല. 5 ലക്ഷം രൂപ വകയിരുത്തിയ പദ്ധതിയിൽ ജൈവവള പ്രയോഗം മാത്രമാണ് നടപ്പായത്. ജൈവവളം വാങ്ങാൻ 1,000 രൂപ വീതം കർഷകർക്ക് മുൻകൂർ നൽകിയ ഇനത്തിൽ 1,00,109 രൂപ മാത്രമാണ് പദ്ധതി ചെലവ്. രണ്ടാംവിളക്കുശേഷം മുൻകൂർ നൽകിയ തുക കർഷകരിൽ നിന്ന് തിരിച്ച് ഈടാക്കാൻ പദ്ധതിരേഖ നിർദ്ദേശിച്ചിരുന്നു. എന്നാൽ തുക ഈടാക്കിയില്ല. തുക ഈടാക്കേണ്ടതും പദ്ധതി നിർവ്വഹണം അന്വേഷിക്കേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, 2003-04, ഖണ്ഡിക 6.8.3.]

ആഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി:—

138. "2000-2001 വർഷത്തിൽ ഗാലസ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ജനകീയാസൂത്രണ പദ്ധതിപ്രകാരം 1,00,109 രൂപ നഗരസഭയിൽ നിന്ന് കൃഷി ഫീൽഡ് ഓഫീസർക്ക് നൽകിയിരുന്നു. മേൽ തുകയ്ക്കുള്ള വേപ്പിൻപിണ്ണാക്ക് കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും വാങ്ങി കറുകോടി, കല്ലേക്കാട്, തോട്ടിങ്കൽ പാടശേഖര സമിതികൾക്ക് നൽകിയിട്ടുള്ളതുമാണ്. പാടശേഖര സമിതിയിലെ അംഗ കർഷകർക്ക് വേപ്പിൻപിണ്ണാക്ക് വിതരണം നടത്തുന്നതിനും വിളവെടുപ്പിനുശേഷം കർഷകരിൽ നിന്നും ആയതിന്റെ വില പാടശേഖരസമിതി സെക്രട്ടറിമാർ ശേഖരിച്ച് കൃഷി ഫീൽഡ് ഓഫീസർക്ക് തിരിച്ചുനൽകേണ്ടതുമാണെന്ന വ്യവസ്ഥയിലുമാണ് നൽകിയിട്ടുള്ളത്. മൊത്തം ലഭിച്ച 1,00,109 രൂപയിലേക്ക് 14,500 രൂപ മുൻസിപ്പാലിറ്റിയിൽ തിരിച്ച് അടച്ചിട്ടുണ്ടെന്നും ബാക്കി 85,609 രൂപ മൂന്ന് പാടശേഖര സമിതിയിൽ നിന്നും ഈടാക്കുന്നതിന് ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് നോട്ടീസുകൾ നൽകിയിട്ടുള്ളതുമാണ്. നോട്ടീസുകൾക്ക് മറുപടിയായി കൃഷിനാശംമൂലം കർഷകരിൽ നിന്നും മുഴുവൻ തുകയും പിരിച്ചെടുക്കുവാൻ സാധിച്ചിട്ടില്ലെന്നു, വേപ്പിൻപിണ്ണാക്ക് കൈപ്പറ്റിയ കർഷകരിൽ പലരും നെൽക്കൃഷി ഉപേക്ഷിച്ചു പോയിട്ടുള്ളതിനാൽ മേൽപ്പടി തുക ഈടാക്കുവാൻ സാധിക്കുന്നില്ല എന്നും ആയതിനാൽ പാടശേഖര സമിതിക്ക് തുക തിരിച്ചടയ്ക്കുന്നതിന് കഴിയില്ല എന്നും അറിയിച്ചിരിക്കുന്നു.

139. തുക കൈപ്പറ്റിയ പാടശേഖരസമിതി സെക്രട്ടറിമാർക്ക് പലതവണ നോട്ടീസ് അയച്ചെങ്കിലും മുകളിൽ പറഞ്ഞ പ്രകാരമുള്ള മറുപടിയാണ് ലഭിച്ചിട്ടുള്ളത്. മൂന്ന് പാടശേഖരസമിതികളിലേയും സെക്രട്ടറിമാർ പുതിയ ആൾക്കാരാണ്. ഇവരോടും പലപ്രാവശ്യം നേരിട്ട് ഈ വിഷയം ചർച്ച ചെയ്യുകയും തുക തിരിച്ചടയ്ക്കുവാൻ പാടശേഖരസമിതികൾക്ക് കഴിയില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ആയതിനാൽ പാടശേഖരസമിതികൾക്കെതിരെ നടപടികൾ ഒന്നുംതന്നെ എടുക്കരുതെന്ന് പാടശേഖരസമിതി സെക്രട്ടറിമാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

140. തുക ഈടാക്കുന്നതിന് സമിതികൾക്ക് ആസ്തികൾ ഇല്ലാത്തതിനാൽ തുക ഈടാക്കുവാൻ കഴിഞ്ഞിട്ടില്ല.

[തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 21-8-2008-ലെ 47905/എബി1/08/ ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭിച്ചത്.]

141. ഇതു സംബന്ധിച്ച് ഭരണവകുപ്പായ നഗരകാര്യ വകുപ്പ് സമിതിക്ക് നൽകിയ പ്രത്യേക റിപ്പോർട്ട് താഴെപ്പറയും പ്രകാരമാണ്.

142. "2000-01 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 8 പ്രകാരമുള്ള പരാമർശം 'ഗാലസ' പ്രകാരം 5 ലക്ഷം രൂപ വകയിരുത്തിയതിൽ 1,00,109 രൂപ ജൈവവളം വാങ്ങാൻ നൽകിയെന്നും തുക പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയെന്നതുമാണ്.

143. ഗാലസ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട കൃത്യമായ രേഖകൾ ഓഫീസിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നാണ് അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ ശ്രീ. എ. കെ. സുധാകരൻ നേരിട്ട് ഹാജരായി അറിയിച്ചത്. ഇതു സംബന്ധിച്ച രേഖകളൊന്നുംതന്നെ തനിക്ക് കൈമാറി ലഭിച്ചിട്ടില്ലെന്നും ടിയാൻ അറിയിച്ചു.

144. പാലക്കാട് കൃഷി ഓഫീസറുടെ ടി.എ. (5)13195/02 നമ്പർ കത്ത് (കൃഷി ഫീൽഡ് ഓഫീസറായിരുന്ന ശ്രീ. ശിവദാസന് 2005 മാർച്ച് മാസത്തിൽ അയച്ചത്) അപ്രകാരം 'ഗാലസ' പദ്ധതിയുടെ ഭാഗമായി പാടശേഖര സമിതികളിൽ നിന്നും പിരിഞ്ഞുകിട്ടാനുള്ള 1,00,109 രൂപയിൽ പിരിച്ചെടുത്ത 14,500 രൂപ നഗരസഭയിൽവച്ച് രശീതി സമർപ്പിച്ചിരിക്കുന്നുവെന്നും ബാക്കി 85,609 രൂപ പിരിച്ച് ഒടുക്കി രസീത് ലഭ്യമാക്കണമെന്നും അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 3 പാടശേഖര സമിതികൾക്ക് കത്തയച്ചിട്ടുള്ളതിന്റെ രേഖകൾ മാത്രമാണ് അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ ലഭ്യമാക്കിയത്.

145. പാടശേഖര സമിതി സെക്രട്ടറിമാരായ വി. മണിദാസ് (കറുകോടി), എ. സേതുമാധവൻ (കല്ലേക്കാട്), ടി. ആർ. ചെന്താമരാക്ഷൻ (തോട്ടുങ്കൽ) എന്നിവർക്കാണ് 9-5-2005-ന് കത്തയച്ചു കാണുന്നത്. ഇതിൽ ആദ്യത്തേയാൾ 13,500 രൂപ ഒടുക്കിയിട്ടുണ്ടെന്നും ബാക്കി ലഭിച്ചിട്ടില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറ്റ് 2 സമിതികളിൽ നിന്നും തുക പിരിഞ്ഞ് കിട്ടിയിട്ടില്ല എന്ന മറുപടിയും എ.എഫ്.ഒ. പ്രിൻസിപ്പൽ കൃഷി ഓഫീസർക്കയച്ച് കാണുന്നു.

146. നിയമസഭാ സമിതി ന്യൂനത പരിഹാര നടപടി പത്രിക സമർപ്പിക്കുന്നത് സംബന്ധിച്ച (2003-04) നഗരകാര്യ ഡയറക്ടറുടെ 5-2-2007-ലെ സി4-657/07 നമ്പർ കത്ത് പ്രകാരം 'ഗാലസ പദ്ധതി വിജയിച്ചിട്ടില്ല' എന്ന പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരണം ആവശ്യപ്പെട്ടതുപ്രകാരം നഗരസഭയിൽ നിന്നും 28-3-2007-ന് എ4-5031/04 നമ്പർ കത്ത് പ്രകാരം വിവരങ്ങൾക്കായി എ.എഫ്.ഒ.യ്ക്ക് കത്തയച്ചതിന്റെ പകർപ്പ് നഗരസഭയിലെ ഫയലിൽ കാണുന്നുണ്ടെങ്കിലും ആയതിന് മറുപടി ലഭ്യമായതായി കാണുന്നില്ല. എന്നാൽ മറുപടി നൽകിയിട്ടുള്ളതായിട്ടാണ് ഇപ്പോഴുള്ള കൃഷി ഫീൽഡ് ഓഫീസർ അറിയിച്ചത്.

147. ഉദ്യോഗസ്ഥന്മാർ കൃത്യമായി രേഖകൾ സൂക്ഷിക്കാതിരുന്നതുകൊണ്ടാണ് ഇപ്പോഴുള്ള ഫീൽഡ് ഓഫീസർക്ക് വ്യക്തമായ വിവരങ്ങൾ നൽകുവാൻ കഴിയാത്തത് എന്ന് കരുതുന്നു."

148. ഗാലസ പദ്ധതിയെ സംബന്ധിച്ച സമിതിയുടെ ചോദ്യങ്ങൾക്ക് പദ്ധതി പ്രകാരം 1,00,109 രൂപ നഗരസഭയിൽ നിന്ന് കൃഷി ഫീൽഡ് ഓഫീസർക്ക് നൽകുകയും 1,00,109 രൂപയ്ക്ക് ജൈവവളമായി വേപ്പിൻപിണ്ണാക്ക് കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നുവാങ്ങി കറുകോടി, കല്ലേക്കാട്, തോട്ടുങ്കൽ എന്നീ പാടശേഖര സമിതികൾക്ക് നൽകിയിട്ടുളളതുമാണെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു.

149. ജൈവവളം വാങ്ങുന്നതിനായി ആയിരം രൂപ വീതം കർഷകർക്ക് മുൻകൂർ നൽകിയോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് തുക മുൻകൂർ നൽകിയിട്ടില്ലെന്നും കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻവഴി വാങ്ങിയ വേപ്പിൻപിണ്ണാക്ക് പാടശേഖരസമിതി അംഗങ്ങൾക്ക് വിതരണം നടത്തി, വിളവെടുപ്പിനു ശേഷം കർഷകരിൽ നിന്ന് വിലയീടാക്കി പാടശേഖരസമിതി സെക്രട്ടറിമാർ മുഖേന കൃഷി ഫീൽഡ് ഓഫീസർക്ക് തിരിച്ചുനൽകണമെന്നതായിരുന്നു വ്യവസ്ഥയെന്നും എന്നാൽ രണ്ടാം വിള അവസാനിച്ചപ്പോൾ കൃഷിനാശം സംഭവിച്ചതിനാൽ കൃഷിക്കാരുടെ കയ്യിൽനിന്ന് തുക പിരിച്ചെടുക്കുവാൻ സാധിച്ചില്ലെന്നും ചീഫ് അക്കൗണ്ടന്റ് സമിതിയെ അറിയിച്ചു. പിരിച്ചെടുക്കാൻ കഴിഞ്ഞ 14,500 രൂപ നഗരസഭയിൽ തിരിച്ചടച്ചിട്ടുണ്ടെന്നും ചീഫ് അക്കൗണ്ടന്റ് കൂട്ടിച്ചേർത്തു.

150. കൃഷിനാശം സംഭവിച്ചതായി കൗൺസിൽ അംഗീകരിച്ചിട്ടുണ്ടോയെന്നും കൃഷിക്കാരിൽ നിന്നും പിരിച്ചെടുത്ത 14,500 രൂപ നഗരസഭയിൽ തിരിച്ചടച്ചുവെന്നതിന് രേഖകളുണ്ടോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് കൗൺസിൽ തീരുമാനമുണ്ടെന്നാണ് അറിയാൻ കഴിഞ്ഞതെന്നും തുക തിരിച്ചടച്ചതിന്റെ രസീത് ഇപ്പോൾ ഫയലിൽ ഇല്ലെന്നും കൃഷി ഓഫീസർ സമിതിയെ അറിയിച്ചു.

151. തുക കൈപ്പറ്റിയിട്ടുള്ളത് പാടശേഖര സമിതികളാണെന്നും കൃഷിക്കാർക്ക് പൈസ കിട്ടിയിട്ടില്ലെന്നും 1,00,109 രൂപ ചെലവഴിച്ചത് എഴുതിത്തള്ളാൻ കൗൺസിലിന് തീരുമാനമെടുക്കാവുന്നതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

152. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 18-5-2010-ലെ 47905/ഇബി1/08/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് താഴെ ചേർക്കുന്നു :

(1) 14,500 രൂപ തിരിച്ചടച്ചതിനുള്ള രശീത് ഓഡിറ്റ് ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ഹാജരാക്കുന്നു. (രശീത് നമ്പർ 9397, 9398 തീയതി 9-2-2005)

(2) കൗൺസിൽ 26-9-2008-ന് 350-ാം നമ്പർ തീരുമാനപ്രകാരം ബന്ധപ്പെട്ട തുക സർക്കാർ അനുമതിയോടെ എഴുതിത്തള്ളാൻ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ അനുമതിക്കായി അയച്ചിട്ടുണ്ട്. ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

നിഗമനങ്ങൾ/ശുപാർശകൾ

153. **ഗാലസ പദ്ധതിക്കായി ചെലവഴിച്ച 1,00,109 രൂപയിൽ നഗരസഭയിൽ അടവുവന്നിട്ടുള്ള 14,500 രൂപ ഒഴികെ ബാക്കിയുള്ള 85,609 രൂപ തിരിച്ചടയ്ക്കാൻ നിർവ്വാഹമില്ലെന്ന് പാടശേഖരസമിതികൾ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി തുക സർക്കാർ അനുമതിയോടെ എഴുതിത്തള്ളാൻ കൗൺസിൽ തീരുമാനമെടുത്ത് സർക്കാരിലേക്ക് അയച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അറവുശാല നവീകരണം ലക്ഷ്യം കണ്ടില്ല—1 കോടി പാഴ്ചെലവ്**

സ്ഥലത്തിന്റെ ഉടമസ്ഥതപോലും ഉറപ്പാക്കാതെ നിർവ്വഹിച്ച അറവുശാല നവീകരണം ലക്ഷ്യം കണ്ടില്ല. കേന്ദ്ര സഹായത്തോടെയുള്ള 1998-99-ലെ പദ്ധതിക്ക് 3/2000 വരെ 1,00,86,896 രൂപ ചെലവായിട്ടുണ്ട്. ഇതിൽ 88.94 ലക്ഷം രൂപ നിർവ്വഹണ ഏജൻസിയായ സിൽക്കിൽ നിക്ഷേപിച്ചതാണ്.

നിലവിലുള്ള അറവുശാല സ്ഥിതി ചെയ്യുന്ന 4 ഏക്കർ 66 സെന്റ് സ്ഥലത്താണ് നവീകരണ പദ്ധതി ആവിഷ്ക്കരിച്ചത്. അറവുശാല പരിഷ്ക്കരണവും ഉപകരണങ്ങൾ വാങ്ങലും നിക്ഷേപ വ്യവസ്ഥയിൽ 'സിൽക്കി'നെകൊണ്ടും സ്ഥലവികസനം, ചുറ്റുമതിൽ-റോഡ് നിർമ്മാണം ടെണ്ടർ വിളിച്ചും നിർമ്മിക്കാനായിരുന്നു അനുമതി.

റോഡ് പണിത് സ്ഥലം വികസിപ്പിക്കുന്നതിന് 4,10,752 രൂപയും ചുറ്റുമതിൽ നിർമ്മാണത്തിന് 6,13,984 രൂപയും ചെലവഴിച്ച് കഴിഞ്ഞപ്പോഴാണ് സ്ഥലത്തിന്റെ ഉടമസ്ഥതയെപ്പറ്റി തർക്കം ഉയർന്നത്. സർക്കാർ ഉത്തരവുകളിലൂടെ സ്ഥലത്തിൽ 3 ഏക്കർ 66 സെന്റിന്റെ ഉടമസ്ഥത സൈനികക്ഷേമ, ജയിൽ വകുപ്പുകൾക്ക് കൈമാറിയിരുന്നു. നഗരസഭയുടെ അധീനതയിലുള്ള ഭൂമിയുടെ വിശദാംശങ്ങൾപോലും നിശ്ചയമില്ലാതെയാണ് പദ്ധതി തയ്യാറാക്കിയതെന്ന് വ്യക്തമാകുന്നു.

തർക്കം നിലനില്ക്കെയാണ് നേരത്തെ നിക്ഷേപിച്ച 27,09,200 രൂപയ്ക്കുപുറമെ 61,85,186 രൂപകൂടി സിൽക്കിൽ നിക്ഷേപിച്ചത്. നിക്ഷേപത്തിൽ 31,85,186 രൂപയുടെ രസീത് ഹാജരാക്കിയിട്ടില്ല. പദ്ധതി തടസ്സപ്പെടുമെന്ന് അറിഞ്ഞിട്ടും നിക്ഷേപം നടത്തിയത് ദുരൂഹമാണ്.

കരാർപ്രകാരം സിൽക്ക് 11/2000-നകം പണി പൂർത്തിയാക്കേണ്ടതായിരുന്നു. പദ്ധതി മുടങ്ങിയതിനാൽ സിൽക്കിൽ നിക്ഷേപിച്ച 88.94 ലക്ഷം രൂപ മടക്കി വാങ്ങേണ്ടതാണ്.

പദ്ധതിയിൽ 1,50,000 രൂപയ്ക്ക് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇതിന്റെ ബില്ല്, സ്റ്റോക്ക് രേഖകൾ ഹാജരാക്കിയിട്ടില്ല. പണിതീരും മുമ്പേ ഉപകരണങ്ങൾ വാങ്ങിയതെന്തിനെന്ന് വ്യക്തമല്ല. ഒരു ഏക്കർ സ്ഥലത്ത് പദ്ധതി നടപ്പാക്കാൻ സാധ്യതയില്ലാത്തതിനാൽ ഉപകരണങ്ങൾ ഉപയോഗശൂന്യമാണ്. പദ്ധതി നിർവ്വഹണം അന്വേഷണ വിധേയമാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2003-2004, ഖണ്ഡിക 6.8.4.]

ആഡിറ്റ് പരാമർശത്തിൻമേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി:—

154. "അറവുശാല നിർമ്മാണത്തിനുള്ള സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് നഗരസഭയും റവന്യൂ വകുപ്പും തമ്മിലുള്ള തർക്കം സംബന്ധിച്ച് അന്തിമ തീരുമാനം ഉണ്ടായിട്ടില്ല. ടൗൺ സർവ്വെ റിക്കാർഡുപ്രകാരം പ്രസ്തുത ഭൂമി സർക്കാർ പുറമ്പോക്ക് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എങ്കിലും 100-ൽ അധികം വർഷക്കാലം പ്രസ്തുത ഭൂമി നഗരസഭയുടെ കൈവശത്തിലും ഉപയോഗത്തിലും ഉള്ളതാണ്. 31-3-1999-ലെ തദ്ദേശസ്വയംഭരണ (ബി) വകുപ്പിന്റെ (സാധാരണ) നമ്പർ 1180/99/ത.സ്വ.ഭ. വകുപ്പ് ഉത്തരവുപ്രകാരം പാലക്കാട് നഗരസഭയുടെ ജനകീയആസൂത്രണ പദ്ധതിയിൻകീഴിൽ നിലവിലുള്ള അറവുശാല ആധുനികവൽക്കരിക്കുന്നതിനുള്ള പ്രവൃത്തി കേരള സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് (സിൽക്ക്) എന്ന സ്ഥാപനം മുഖേന ഡിപ്പോസിറ്റ് വർക്കായി ചെയ്യിക്കുന്നതിന് അനുമതി ലഭിച്ചിരുന്നു. ആയതു പ്രകാരം സിൽക്കിനെ ടി പ്രവൃത്തി ഏൽപ്പിക്കുകയും സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മൂന്നുഘട്ടങ്ങളിലായി സിൽക്കിന് മുൻകൂറായി മൊത്തം 88,94,386 രൂപ നൽകിയിട്ടുള്ളതുമാണ്. എന്നാൽ 1999-ൽ ഏറ്റെടുത്തിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ സിൽക്കിന് പലതവണ നോട്ടീസ് മുഖേന അറിയിപ്പ് നൽകുകയും സർക്കാരിലേക്ക് (വ്യവസായ വകുപ്പ്) പണി പൂർത്തീകരിക്കുന്നതിന് സിൽക്കിന് നിർദ്ദേശം നൽകാൻ അപേക്ഷിക്കുകയും ചെയ്തിട്ടുള്ളതാണ്. ആയതിന് മറുപടിയായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സിൽക്കിന് നിർദ്ദേശം നൽകിയിട്ടുള്ളതായി വ്യവസായ വകുപ്പ് നഗരസഭയെ അറിയിച്ചിട്ടുണ്ട്. ഏറ്റെടുത്ത പ്രവൃത്തിയുടെ ഏതാണ്ട് 30% മാത്രമേ സിൽക്ക് ചെയ്തിട്ടുള്ളു. എന്നാൽ സിൽക്ക് പിന്നീട് ഏറ്റെടുത്ത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റേറ്റ് പുതുക്കി നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ 20.77 ലക്ഷം രൂപ അധികമായി ലഭിച്ചാൽ പ്രവൃത്തി പൂർത്തീകരിക്കാമെന്ന് സമ്മതിക്കുകയും ഈ കാര്യം നഗരസഭ കൗൺസിൽ ചർച്ച ചെയ്യുകയും സർക്കാരിലേക്ക് അനുമതിക്കായി അപേക്ഷിക്കുകയും ചെയ്തു. ഇതിന് മറുപടിയായി 22-5-2008-ലെ 69021/ഡി.സി2/07/ത.സ്വ.ഭ.വ. നമ്പർ സർക്കാർ കത്തിൽ സിൽക്ക് പണി പൂർത്തീകരിക്കാത്ത സ്ഥിതിക്ക് അവരുടെ നഷ്ടോത്തരവാദിത്വത്തിൽ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ചെയ്യേണ്ടതാണെന്നും ഈ കാര്യത്തിൽ നഗരസഭയുടെ അഭിപ്രായം അറിയിക്കണമെന്നും സിൽക്കിനു നൽകിയ പണം ഏതുപ്രകാരം തിരികെ വാങ്ങാൻ കഴിയും എന്നും നഷ്ടത്തിനുത്തരവാദി ആരാണെന്നുള്ള കാര്യങ്ങൾ അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നു. ഈ വിഷയം 21-7-2008-ലെ കൗൺസിൽ യോഗത്തിൽ അജണ്ടയായി വയ്ക്കുകയും, നഗരസഭ ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയോട് ഈ വിഷയത്തിൽ പരിശോധന നടത്തി കൗൺസിലിലേക്ക് റിപ്പോർട്ട് സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയിലാണ്. ഭരണ വകുപ്പിന്റെ പ്രത്യേക റിപ്പോർട്ട് അടക്കം ചെയ്തിട്ടുണ്ട്."

[തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 21-8-2008-ലെ 47905/എബി1/08/ ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭിച്ചത്.]

**നഗരകാര്യ വകുപ്പിന്റെ പ്രത്യേക റിപ്പോർട്ട്**

155. ഒമ്പതാം പദ്ധതിയിൽ ഉൾപ്പെടുന്നതും തദ്ദേശ സ്ഥാപനങ്ങൾ നടപ്പിലാക്കുന്നതുമായ അറവുശാല നിർമ്മാണ പരിഷ്ക്കരണ പദ്ധതികളുടെ പകുതി ചെലവ് കേന്ദ്രധനസഹായമായി ലഭ്യമാക്കുമെന്നതിനാൽ ഈ ആനുകൂല്യം പ്രയോജനപ്പെടുത്തി നഗരസഭയുടെ അധീനതയിലുള്ള അറവുശാല വിപുലീകരിക്കുന്നതിനും ശാസ്ത്രീയമായി പരിഷ്ക്കരിക്കുന്നതിനുമാണ് 1998-99-ൽ 38 ലക്ഷം അടങ്കൽ വരുന്ന പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നത്. നിലവിലുള്ള അറവുശാല സ്ഥിതിചെയ്യുന്ന 4 ഏക്കർ 66 സെന്റ് സ്ഥലം ഇതിനായി പ്രയോജനപ്പെടുത്താനും 2 ഘട്ടങ്ങളിലായി പദ്ധതി നടപ്പിലാക്കാനും അറവുശാല പരിഷ്ക്കരണവും ഉപകരണങ്ങൾ വാങ്ങലും 'സിൽക്കി' നെക്കൊണ്ട് നിക്ഷേപ വ്യവസ്ഥയിൽ ചെയ്യിക്കുന്നതിനും ചുറ്റുമതിൽ റോഡ് നിർമ്മാണവും സൈറ്റ് ഡവലപ്മെന്റും ടെണ്ടർ വിളിച്ച് പ്രവൃത്തി ഏൽപ്പിക്കാനും തീരുമാനിച്ചു. ആദ്യഘട്ടത്തിലെ നിർമ്മാണ പ്രവൃത്തികൾ 30-9-1999-നകവും രണ്ടാം ഘട്ടം 2000 നവംബർ മാസത്തിനകവും പൂർത്തീകരിക്കേണ്ടതായിരുന്നു. മേൽ വിവരിച്ച പ്രവൃത്തികൾക്കായി 31-3-2003 വരെ 100,86,896 രൂപ ചെലവഴിച്ചതായാണ് ഓഡിറ്റ് പരാമർശം.

156. പദ്ധതിയുടെ ഒന്നാം ഘട്ടത്തിലെ, ചുറ്റുമതിൽ, റോഡ്, ഓവർഹെഡ്ടാങ്ക് എന്നിവയുടെ നിർമ്മാണ പ്രവർത്തനം നടന്നുവരവെ 2000 ഫെബ്രുവരി മാസത്തിൽ ജയിൽ വകുപ്പും ജില്ലാ സൈനിക് ബോർഡും വസ്തു കൈയ്യേറ്റം ആരോപിക്കുകയും 3.66 ഏക്കർ വസ്തുവിന്റെ ഉടമസ്ഥാവകാശം ഉന്നയിക്കുകയും ചെയ്തതിനാൽ പണി നിറുത്തിവച്ചിരിക്കുകയാണ്.

157. യാക്കര വില്ലേജിലെ സർവ്വേ നമ്പർ 2155-ൽപ്പെട്ട സ്ഥലത്താണ് നഗരസഭയുടെ മേൽപ്പറഞ്ഞ അറവുശാല നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. നിലവിലുള്ള അറവുശാല (പ്രവർത്തനരഹിതമായത്) സ്ഥിതി ചെയ്യുന്നതുൾപ്പെടെയുള്ള 4.66 ഏക്കർ സ്ഥലം നഗരസഭയുടേതാണെന്ന വിലയിരുത്തലിലാണ് പദ്ധതി നടപ്പിലാക്കൽ ആരംഭിച്ചത്. സ്ഥലത്തിന്റെ ഭൂരിഭാഗവും റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള പുറംപോക്കും, 10 സെന്റ് സ്ഥലം സൈനിക ക്ഷേമ ബോർഡിന് കൈമാറുന്നതിന് സർക്കാർ അനുമതിയായിട്ടുള്ളതുമാണെന്ന തടസ്സവാദം ഉന്നയിക്കപ്പെട്ടപ്പോഴാണ് സ്ഥലത്തിന്റെ ഉടമസ്ഥാവകാശത്തെക്കുറിച്ച് നഗരസഭയുടെ ശ്രദ്ധയിൽ പെടുന്നത്.

158. യഥാർത്ഥത്തിൽ നഗരസഭയുടെ അധീനതയിലുള്ള ഭൂമിയാണ് എന്ന നിഗമനത്തിലാണ് പദ്ധതി തയ്യാറാക്കിയത്. നഗരകാര്യ ഡയറക്ടറുടെ 11-12-1997-ലെ എ1-7465/97 നമ്പർ കത്ത് പ്രകാരം അറവുശാല നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണവും പൊസിഷനും സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നെങ്കിലും സർവ്വെ രേഖകൾ പരിശോധിച്ച് ആയതിന് മറുപടി നൽകുന്നതിന് നഗരസഭാ അധികൃതരുടെ ഭാഗത്തുനിന്നും യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല.

159. 10 സെന്റ് സ്ഥലം ജില്ലാ സൈനിക ക്ഷേമ ഓഫീസിനും 3.56 ഏക്കർ സ്ഥലം ജയിൽ വകുപ്പിനും കൈമാറണമെന്ന് ആവശ്യപ്പെട്ടതിനെതിരെ സർക്കാരിൽ

അപ്പീൽ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിന്റെ 22-3-2000-ലെ 17489/എൽ/00/ഗവൺമെന്റ് നമ്പർ കത്തുപ്രകാരം സ്ഥലം ജയിൽ വകുപ്പിന് കൈമാറുന്ന നടപടി നിർത്തിവയ്ക്കാൻ ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ജില്ലാ സൈനിക ഓഫീസ് നിർമ്മാണത്തിന് അറവുശാലയുടെ നിർമ്മാണത്തിനുള്ള സ്ഥലത്തിൽ നിന്നും റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്തിനു പകരമായി നഗരസഭയുടെ മാട്ടുമന്തയിലെ സ്ഥലത്തിൽ നിന്നും പത്ത് സെന്റ് അനുവദിക്കാൻ 18-2-2005-ന് 715-ാം നമ്പരായി കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട് എന്ന് കാണുന്നു.

160. മേൽ രേഖപ്പെടുത്തലുകൾപ്രകാരം 1.8854 ഹെക്ടർ (4.66 ഏക്കർ) സ്ഥലം നഗരസഭയുടെ ആസ്തിയായി കാണിച്ചിട്ടുണ്ട്. എന്നാൽ ഇതിന് ഉപോൽബലകമായ തെളിവുകൾ നഗരസഭയുടെ പക്കൽ ഇല്ല. സ്ഥലത്തിന്റെ ഉടമസ്ഥത ഉറപ്പുവരുത്താതെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത് വീഴ്ചയാണെന്ന ഓഡിറ്റ് പരാമർശം നിലനിൽക്കുന്നതാണ്.

161. 3 ഘട്ടങ്ങളിലായി 88,94,386 രൂപയാണ് 'സിൽക്കിന്' ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി കൈക്കൊള്ളുകയോ തടസ്സങ്ങൾ നഗരസഭയെ അറിയിക്കുകയോ തുക തിരിച്ചടയ്ക്കുകയോ ചെയ്യുന്നതിനായി നഗരസഭ, സിൽക്ക് ഡെപ്യൂട്ടി ജനറൽ മാനേജർക്ക് കത്തെഴുതിയിട്ടുള്ളതല്ലാതെ ഫലപ്രദമായ മറ്റ് നടപടികളൊന്നും സ്വീകരിച്ചു കാണുന്നില്ല. ഫലത്തിൽ നടത്തിയിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾക്ക് വന്നിട്ടുള്ള ചെലവ് പാഴായിട്ടുള്ളതാണ് എന്ന് കരുതേണ്ടിയിരിക്കുന്നു.

162. അറവുശാല നവീകരണം സംബന്ധിച്ചുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനായുള്ള യാതൊരു നടപടിയും നഗരസഭ സ്വീകരിച്ചിട്ടില്ല. ഇക്കാര്യം പരിശോധനാവേളയിൽ നഗരസഭാ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ആവശ്യമായ നടപടികൾ ഉടൻതന്നെ കൈക്കൊള്ളുന്നതാണെന്ന് സെക്രട്ടറി അറിയിക്കുകയും ചെയ്തിട്ടുണ്ട്."

163. അറവുശാലയുടെ നവീകരണത്തിൽ ഒരുകോടി രൂപയുടെ പാഴ്ചെലവ് വന്നുവെന്ന ഓഡിറ്റ് പരാമർശത്തിൻമേൽ നഗരസഭയുടെ വിശദീകരണം സമിതി ആരാഞ്ഞതിന് നിലവിലുള്ള അറവുശാല സ്ഥിതി ചെയ്യുന്ന 4.66 ഏക്കർ സ്ഥലത്താണ് നവീകരണ പദ്ധതി ആവിഷ്ക്കരിച്ചതെന്നും പ്രസ്തുത ഭൂമി നൂറ് വർഷത്തിലധികമായി മുനിസിപ്പാലിറ്റിയുടെ കൈവശത്തിലാണെന്നും പാലക്കാട് നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. 1999 ജനുവരിയിൽ ഈ പ്രൊപ്പോസൽ സിൽക്കിനെ ഏൽപ്പിക്കാൻ കൗൺസിൽ തീരുമാനിച്ചപ്രകാരം മാർച്ച് മാസത്തിൽ സിൽക്കിനെ ഏൽപ്പിക്കുകയും ചെയ്തു. എന്നാൽ 1999 നവംബറിൽ റവന്യൂ അധികാരികൾ സ്ഥലം സൈനിക വകുപ്പിനും ജയിൽ വകുപ്പിനും കൈമാറിയതായുള്ള ഉത്തരവ് ഉള്ളതായി അറിയാൻ കഴിഞ്ഞുവെന്നും നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

164. അറവുശാലയുടെ നവീകരണ പ്രവർത്തനങ്ങൾക്ക് ബൃഹത്തായ പദ്ധതി തയ്യാറാക്കിവരുമ്പോഴാണ് പ്രസ്തുത സ്ഥലം സൈനിക, ജയിൽ വകുപ്പുകൾക്ക് അനുവദിച്ചു നൽകിയിരിക്കുന്നതെന്നും നഗരസഭയുടെ അധീനതയിലുള്ള ഭൂമിയുടെ

വിശദാംശങ്ങൾ നിശ്ചയമില്ലാതെ പദ്ധതി തയ്യാറാക്കിയതാണ് ഇതിന്റെ പരാജയകാരണ മെന്നും സമിതി വിലയിരുത്തി. സ്ഥലം കൈമാറുന്നതിനായി റവന്യൂ വകുപ്പിന് നഗര സഭ 'നോ ഒബ്ജക്ഷൻ' സർട്ടിഫിക്കറ്റ് നൽകിയിരുന്നോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് അങ്ങനെ ഉണ്ടായിട്ടില്ലെന്നാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞ തെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു.

165. മുനിസിപ്പാലിറ്റിയുടെ സ്ഥലം സൈനിക വകുപ്പിനും ജയിൽ വകുപ്പിനും റവന്യൂ വകുപ്പ് കൈമാറിയതെങ്ങനെയാണെന്ന് സമിതി ആരാഞ്ഞതിന് സർവ്വെ റെക്കോർഡ് പ്രകാരം പ്രസ്തുത സ്ഥലം സർക്കാർ പുറമ്പോക്കാണെന്നും അവിടെ യുള്ള സ്ഥലങ്ങൾ പൊതുവെ മുനിസിപ്പാലിറ്റിയുടേതാണോ റവന്യൂ വകുപ്പിന്റേതാണോ എന്നത് സംബന്ധിച്ച തർക്കത്തിന് അന്തിമ തീരുമാനം ഉണ്ടായിട്ടില്ലെന്നും തീരുമാനം കൈക്കൊള്ളുന്നതിനായി കളക്ടറും മുനിസിപ്പൽ സെക്രട്ടറിയും അടങ്ങിയ കമ്മിറ്റി യുണ്ടാക്കിയിട്ടുണ്ടെന്നും പാലക്കാട് നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. ആകെ 4.66 ഏക്കർ സ്ഥലത്താണ് അറവുശാല നവീകരണ പദ്ധതി ആവിഷ്ക്കരിച്ചത്. അതിൽ 3.56 ഏക്കർ ജയിൽ വകുപ്പിനും 10 സെന്റ് സൈനിക ക്ഷേമ വകുപ്പിനും കൊടുത്തിട്ടുള്ളതായും ബാക്കിയുള്ള ഒരു ഏക്കർ ഭൂമി മാത്രമാണ് നഗരസഭയുടെ കൈവശം ഇപ്പോൾ ഉള്ളതെന്നും സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

166. ശേഷിക്കുന്ന ഒരു ഏക്കർ സ്ഥലത്ത് നിർദ്ദിഷ്ട പദ്ധതി പൂർത്തീകരിക്കു വാൻ സാധിക്കുമോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് പ്രസ്തുത ഒരു ഏക്കറിലാണ് അറവുശാല പണിതിരിക്കുന്നതെന്നും സെക്രട്ടറി വെളിപ്പെടുത്തി.

167. നിർവ്വഹണ ഏജൻസിയായ സിൽക്കിൽ നിക്ഷേപിച്ച 88.94 ലക്ഷം രൂപ യിൽ എത്ര രൂപയുടെ ജോലി അവർ ചെയ്തുവെന്ന് കണക്കാക്കിയിട്ടുണ്ടോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് സിൽക്കിനെ ഏൽപ്പിച്ചതിൽ 1/3 ജോലി മാത്രമേ പൂർത്തി യാക്കിയിട്ടുള്ളുവെന്നും മുനിസിപ്പൽ എഞ്ചിനീയർ വർക്ക് അസ്സെസ്സ് ചെയ്തിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. മുനിസിപ്പാലിറ്റിയുടെ നല്ലൊരു പദ്ധതിയാണിതെന്നും സിൽക്കിന് നൽകിയ തുകയിൽ നല്ലൊരു ശതമാനം ചെലവാകാതെ ബാക്കി നിൽക്കു ന്നതിനാൽ സർക്കാർ ഇടപെട്ട് പ്രശ്നത്തിന് പരിഹാരം കാണുന്നതായിരിക്കും ഉചിത മെന്നും സമിതി അഭിപ്രായപ്പെട്ടു.

168. സിൽക്കിൽ നിക്ഷേപിച്ച തുക തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളെക്കുറിച്ച് സമിതി ആരാഞ്ഞതിന് 1999-ൽ ഏറ്റെടുത്ത വർക്ക് പൂർത്തീകരി ക്കാത്തതിനാൽ സിൽക്കിന് പലതവണ നോട്ടീസ് മുഖേന അറിയിപ്പ് നൽകുകയും പണി പൂർത്തീകരിക്കുന്നതിന് സിൽക്കിന് നിർദ്ദേശം നൽകണമെന്ന് വ്യവസായ വകുപ്പിനോട് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. സിൽക്ക് ഏറ്റെടുത്ത പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 20.77 ലക്ഷം രൂപ അധികമായി നൽകിയാൽ പ്രവൃത്തി പൂർത്തീ കരിക്കാമെന്ന് സമ്മതിക്കുകയും ചെയ്തു. പുതുക്കിയ എസ്റ്റിമേറ്റ് കൗൺസിൽ അംഗീ കരിച്ച് സർക്കാരിന്റെ അനുമതിക്കായി അയച്ചപ്പോൾ സിൽക്ക് പണി പൂർത്തീകരി ക്കാത്ത സ്ഥിതിക്ക് പ്രസ്തുത പ്രോജക്ട് അംഗീകരിക്കാൻ സാധിക്കില്ലെന്നും സിൽക്കിന്റെ നഷ്ടോത്തരവാദിത്വത്തിൽ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ചെയ്യേണ്ടതാണെന്നും നഗരസഭയെ സർക്കാർ അറിയിച്ചിട്ടുള്ളതായും സെക്രട്ടറി വെളിപ്പെടുത്തി.

169. ഈ വിഷയത്തിൽ കൗൺസിലിന്റെ അഭിപ്രായം സർക്കാരിനെ അറിയിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ 21-7-2008-ൽ ആയത് കൗൺസിൽ യോഗത്തിൽ വയ്ക്കുകയും സ്റ്റാൻഡിംഗ് കമ്മിറ്റിയെ ഇക്കാര്യം സംബന്ധിച്ച് പഠിക്കാൻ നിയോഗിക്കുകയും ചെയ്തുവെന്നും കൗൺസിലിന്റെ അഭിപ്രായം രേഖാമൂലം സർക്കാരിനെ അറിയിക്കുമെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

170. സിൽക്ക് ഇതുവരെ ചെയ്ത ജോലി കഴിച്ച് ബാക്കി തുക സിൽക്കിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന സമിതിയുടെ തീരുമാനം കൗൺസിലിനെ അറിയിക്കാൻ സെക്രട്ടറിയെ സമിതി ചുമതലപ്പെടുത്തുകയും പ്രോജക്ട് നടപ്പിലാക്കണമോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടത് കൗൺസിലാണെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു. സിൽക്ക് കൈപ്പറ്റിയ തുക തിരിച്ച് അടയ്ക്കുന്നതിനുവേണ്ട നടപടികളെടുക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

171. അറവുശാല നവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് സിൽക്ക് ഇതുവരെ ചെയ്ത വർക്ക് മുനിസിപ്പൽ എഞ്ചിനീയർ വാല്യൂവേഷൻ നടത്തി ചെലവ് എത്രയെന്ന് കണക്കാക്കി ബാക്കി തുക എത്രയാണെന്നതിന്റെ റിപ്പോർട്ട്, പദ്ധതിയിലേക്കായി 1,50,000 രൂപയുടെ ഉപകരണങ്ങൾ വാങ്ങിയതിന്റെ ബിൽ, സ്റ്റോക്ക് രേഖകൾ എന്നിവ 15 ദിവസത്തിനകം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

172. എന്നാൽ ഇതു സംബന്ധിച്ച റിപ്പോർട്ട് നഗരസഭാ സെക്രട്ടറി സമിതി നിർദ്ദേശിച്ച സമയപരിധിക്കുള്ളിൽ ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശത്തിൻമേൽ 9-1-2009-ൽ സമിതി വീണ്ടും തെളിവെടുപ്പുയോഗം നടത്തുകയും പാലക്കാട് നഗരസഭാ സെക്രട്ടറിയിൽ നിന്നും സിൽക്കിലെ ഉദ്യോഗസ്ഥരിൽനിന്നും ഭരണവകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുക്കുകയും ചെയ്തു.

173. അറവുശാല നിർമ്മിച്ചിരിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങൾ സമിതി ആരാഞ്ഞതിന് വർഷങ്ങളായി മുനിസിപ്പാലിറ്റിയുടെ കൈവശമിരിക്കുന്ന സ്ഥലമാണിതെന്നും സൈനിക വകുപ്പിനും, ജയിൽ വകുപ്പിനും ഭൂമി കൈമാറ്റം ചെയ്തപ്പോൾ മുനിസിപ്പാലിറ്റിയുടെ എൻ.ഒ.സി. ആവശ്യപ്പെട്ടില്ലെന്നും നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

174. ഉടമസ്ഥാവകാശമില്ലാത്ത വസ്തു കൈവശം വച്ചനുഭവിക്കുന്നതുകൊണ്ടു മാത്രം ആ വസ്തുവിൽ നിർമ്മിക്കുന്ന കെട്ടിടത്തിന് ഉടമസ്ഥാവകാശം ലഭിക്കില്ലെന്നും പ്രസ്തുത കെട്ടിടത്തിന് കറന്റ് കണക്ഷനോ നമ്പരോ ലഭിക്കില്ലെന്നും സമിതി ചൂണ്ടിക്കാണിച്ചു.

175. മുനിസിപ്പാലിറ്റിയുടെ ആസ്തി സംബന്ധിച്ച എന്തെങ്കിലും രേഖകളോ രജിസ്റ്ററോ ഉണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, മുനിസിപ്പാലിറ്റിക്ക് പ്രോപ്പർട്ടി രജിസ്റ്റർ ഉണ്ടെന്നും പ്രസ്തുത രജിസ്റ്ററിലുള്ള വസ്തുവകകളുടെ കൂട്ടത്തിൽ അറവുശാല നിർമ്മിച്ചിരിക്കുന്ന സ്ഥലം ഉൾപ്പെട്ടിട്ടുണ്ടോയെന്ന് രജിസ്റ്റർ പരിശോധിച്ച് സമിതിയെ അറിയിക്കുന്നതാണെന്ന് സെക്രട്ടറി ഉറപ്പുനൽകി.

176. വസ്തുവിനെ സംബന്ധിച്ച തർക്കംമൂലം ഒരു കോടി രൂപ മുടക്കി പദ്ധതി പൂർത്തീകരിക്കാനാവാതെ പാഴ്ചെലവായി മാറിയെന്നതാണ് തർക്കവിഷയമെന്ന് സമിതി ചൂണ്ടിക്കാണിച്ചു. അറവുശാല നിർമ്മിച്ചിരിക്കുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം

സംബന്ധിച്ച തർക്കം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ സമിതി ആരാഞ്ഞതിന് സമിതിയുടെ 27-8-2008-ലെ യോഗ നിർദ്ദേശപ്രകാരം മറ്റു വകുപ്പുകൾക്ക് ഭൂമി നൽകിയ ഉത്തരവ് റദ്ദ് ചെയ്യാൻവേണ്ടി കൗൺസിൽ തീരുമാനമെടുത്ത് തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറിക്കും റവന്യൂ വകുപ്പിനും അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും തീരുമാനമായിട്ടില്ലെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു.

177. റോഡ്, ഓവർഹെഡ് ടാങ്ക് എന്നിവ ഏതു വസ്തുവിലാണ് നിർമ്മിച്ചിരിക്കുന്നതെന്ന സമിതിയുടെ ചോദ്യത്തിന് മുനിസിപ്പാലിറ്റിയുടെ വസ്തുവിലാണ് റോഡ് നിർമ്മിച്ചിരിക്കുന്നതെന്ന് സെക്രട്ടറി വ്യക്തമാക്കി.

178. തർക്കം വന്നപ്പോൾ ഭരണസമിതി റെസല്യൂഷൻ പാസ്സാക്കി പ്രസ്തുത വസ്തു സൗജന്യമായി പതിച്ചു നൽകണമെന്ന് ആവശ്യപ്പെട്ട് റവന്യൂ വകുപ്പിന് അപേക്ഷ നൽകേണ്ടതായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുകയും മുനിസിപ്പാലിറ്റി അപ്രകാരം നടപടി സ്വീകരിക്കാതിരുന്നതിന്റെ കാരണമെന്താണെന്നും ആരായുകയും ചെയ്തു.

179. സിൽക്കിന് മുൻകൂറായി ലഭിച്ച തുക എത്രയാണെന്നും അറവുശാലയുടെ പണി ഏതു ഘട്ടത്തിലാണെന്ന് സമിതി ആരാഞ്ഞതിന് രണ്ടു പ്രാവശ്യമായി 88 ലക്ഷം രൂപ മുൻകൂറായി ലഭിച്ചിട്ടുണ്ടെന്നും പ്ലാന്റിന്റെ 80% പണിയും തീർന്നുവെന്നും ഷെഡിന്റെ റൂഫിന്റെ പണിയാണ് ഇനി തീർക്കാനുള്ളതെന്നും സിൽക്കിന്റെ എം.ഡി. സമിതിയെ അറിയിച്ചു. ഭൂമിയുടെ കാര്യത്തിൽ തർക്കം വന്നപ്പോൾ ജയിൽ അതോറിറ്റിയും മുനിസിപ്പാലിറ്റിയും ആവശ്യപ്പെട്ടതനുസരിച്ച് പണി നിർത്തിവയ്ക്കുകയാണുണ്ടായതെന്നും തുടർന്ന് പ്രസ്തുത സ്ഥലത്തേക്കുള്ള വാട്ടർകണക്ഷൻ കട്ടു ചെയ്തുവെന്നും പിന്നീട് പലപ്രാവശ്യം കത്തുകൾ അയച്ചെങ്കിലും അതിനൊന്നും മറുപടി ലഭിച്ചിട്ടില്ലെന്നും തർക്കമില്ലാത്ത ഒരേക്കർ സ്ഥലം ഏതാണെന്ന് കൃത്യമായി മുനിസിപ്പാലിറ്റി നിശ്ചയിച്ചുനൽകാതെ പണി തുടരാൻ സാധിക്കില്ലെന്നും എം.ഡി. കൂട്ടിച്ചേർത്തു.

180. തർക്കമില്ലാത്ത ഒരേക്കർ സ്ഥലം സ്കെച്ചിൽ വ്യക്തമാക്കിയാൽ പണി തുടരാൻ തയ്യാറാണോയെന്ന സമിതിയുടെ ചോദ്യത്തിന്, കുറച്ചുഭാഗം പണി ചെയ്ത് നിർത്തിവച്ചിരിക്കുകയാണെന്നും നിലവിൽ പൂർത്തിയാകാത്ത ഭാഗം പൂർത്തീകരിക്കാൻ ബുദ്ധിമുട്ടുണ്ടെന്നും ഒരു പമ്പ്സെറ്റിന്റെ ടെക്നോളജി മാറിയിട്ടുണ്ടെന്നും പുതുതായി വന്നവ ഉൾക്കൊള്ളിക്കുന്നതിനും ബാക്കി ക്രമമായി ചെയ്തു തീർക്കുന്നതിനുമായി 2006-07-ൽ ഒരു പ്രൊപ്പോസൽ നൽകിയിരുന്നെങ്കിലും അതിന് അംഗീകാരം ലഭിച്ചില്ലെന്നും എം.ഡി. സമിതിയെ ധരിപ്പിച്ചു.

181. സിൽക്ക് നൽകിയ എസ്റ്റിമേറ്റ് സർക്കാരിലേക്ക് അയച്ചെങ്കിലും അത് അംഗീകരിക്കാൻ സാധ്യമല്ലെന്നും സിൽക്കിന്റെ റിസ്ക് ആന്റ് കോസ്റ്റിൽ പുതിയ എസ്റ്റിമേറ്റ് ഉണ്ടാക്കി മുനിസിപ്പാലിറ്റി ചെയ്യണമെന്നുമാണ് സർക്കാർ അറിയിച്ചതെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

182. പാലക്കാട് നഗരസഭയും സിൽക്കും തമ്മിൽ എന്തെങ്കിലും കരാർ നിലവിലുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന്, കരാർ ഉണ്ടെന്നും അതുപ്രകാരം 8 മാസംകൊണ്ട് പണി പൂർത്തിയാക്കേണ്ടതായിരുന്നുവെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

183. വർക്ക് പൂർത്തിയാക്കാതെ 1,50,000 രൂപയ്ക്ക് ഉപകരണങ്ങൾ വാങ്ങിയതിന്റെ കാരണം സമിതി ആരാഞ്ഞതിന്, ഓർഡർ ചെയ്താൽ ഉടൻ ലഭിക്കാത്ത കുറെ സാധനങ്ങൾ മുൻകൂട്ടി വാങ്ങേണ്ടിവന്നുവെന്നും പ്രസ്തുത ഉപകരണങ്ങൾ മുനിസിപ്പാലിറ്റിയുടെ കസ്റ്റഡിയിലുണ്ടെന്നും സിൽക്കിന്റെ എം.ഡി. അറിയിച്ചു.

184. പർച്ചേസ് രസീതുകളും കോസ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ റിക്കോർഡ്സും ഓഡിറ്റ് വകുപ്പ് മുൻപാകെ ഹാജരാക്കിയോ എന്ന് സമിതി ആരാഞ്ഞതിന്, ഓഡിറ്റ് മുൻപാകെ ഹാജരാക്കിയിട്ടുണ്ടെന്നും സിൽക്ക് ചെയ്ത വർക്കുകൾ മുനിസിപ്പൽ എഞ്ചിനീയർ വാല്യൂ ചെയ്തിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

185. എസ്റ്റിമേറ്റ് തയ്യാറാക്കിയ അന്നത്തെ റേറ്റ് അനുസരിച്ച് 20,60,000 രൂപയുടെ പണി സിൽക്ക് പൂർത്തിയാക്കിയിട്ടുണ്ടെന്ന് (മുൻ സെക്രട്ടറി ഇൻ-ചാർജ്ജ് ആയ) കോഴിക്കോട് കോർപ്പറേഷൻ എഞ്ചിനീയർ സമിതിയെ ധരിപ്പിച്ചു.

186. പണി ചെയ്തത് കഴിച്ചുള്ള തുക തിരിച്ചുവാങ്ങുന്നതിന് എന്തെങ്കിലും ശ്രമം നടത്തിയിരുന്നോ എന്ന് സമിതി ആരാഞ്ഞതിന്, തുക തിരിച്ചുനൽകണമെന്ന് ആവശ്യപ്പെട്ട് രണ്ടുതവണ രജിസ്റ്റേർഡ് നോട്ടീസ് അയച്ചുവെന്നും സെക്രട്ടറി വെളിപ്പെടുത്തി.

187. മുനിസിപ്പാലിറ്റിയുടെ 20,60,000 രൂപയുടെ പണി പൂർത്തിയാക്കിയെന്ന കണക്ക് ശരിയല്ലെന്നും 27,00,000 രൂപയുടെ അഫ്ളൂവന്റ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ 80% പണി പൂർത്തിയായിട്ടുണ്ടെന്നും പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ പ്രസ്തുത വർക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും സിൽക്കിന്റെ സീനിയർ മാനേജർ സമിതിയിൽ വിശദീകരിച്ചു.

188. പത്തുവർഷം മുൻപുള്ള ടെക്നോളജി ഉപയോഗിച്ച് ഇത് പൂർത്തിയാക്കിയിട്ട് ഗുണം ചെയ്യില്ലെന്നും ഇത് സെറ്റിൽ ചെയ്ത് പുതിയ ടെക്നോളജി ഉപയോഗിക്കുകയാണ് നല്ലതെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ സമിതിയെ ധരിപ്പിച്ചു.

189. പുതിയ ഒരു പ്ലാൻ സ്വീകരിച്ചാൽ ഒരേക്കർ സ്ഥലം മതിയാകില്ലെന്നും പുതിയ സെൻട്രൽ ഗവൺമെന്റ് സ്കീം പ്രകാരം മിനിമം 3 ഏക്കർ സ്ഥലം ആവശ്യമാണെന്നും കന്നുകാലികൾക്ക് നിൽക്കാനും മറ്റുമായി വേറെയും സ്ഥലം ആവശ്യം ഉണ്ടെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

190. ചെയ്തിട്ടുള്ള വർക്ക് സിൽക്ക് വാല്യു ചെയ്തിട്ടുള്ളത് എത്ര രൂപയ്ക്കുള്ളതാണെന്ന് സമിതി ആരാഞ്ഞതിന് 39 ലക്ഷം രൂപ വാല്യൂ ചെയ്തിട്ടുണ്ടെന്ന് എം.ഡി. വ്യക്തമാക്കി.

191. സിൽക്കും മുനിസിപ്പാലിറ്റിയും തമ്മിലുള്ള കരാർപ്രകാരം വാല്യു ചെയ്യേണ്ടതാരാണെന്ന് സമിതി ആരാഞ്ഞതിന് സിൽക്കിനും മുനിസിപ്പാലിറ്റിക്കും ബോധ്യമാകുന്ന രീതിയിൽ വാല്യു ചെയ്യണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു.

192. സിൽക്കും മുനിസിപ്പാലിറ്റിയും ജോയിന്റ് വെരിഫിക്കേഷൻ നടത്തി കണക്ക് സെറ്റിൽ ചെയ്ത് ബാക്കിയുള്ള തുക തിരിച്ചു നൽകണമെന്ന് സിൽക്കിനോടും വസ്തുവിൽ സ്വന്തമായി ടൈറ്റിൽ വാങ്ങിയശേഷം മാത്രമേ പുതിയ പ്രോജക്ട് തുടങ്ങാൻ പാടുള്ളുവെന്നും ബന്ധപ്പെട്ട രേഖകളെല്ലാം ലോക്കൽ ഫണ്ട് ഓഡിറ്റിനെ കാണിച്ച് ബോധ്യപ്പെടുത്തണമെന്നും പാലക്കാട് മുനിസിപ്പൽ സെക്രട്ടറിയോടും സമിതി നിർദ്ദേശിച്ചു.

193. വളരെയധികം വർഷങ്ങളായി മുനിസിപ്പാലിറ്റിയുടെ കൈവശമിരിക്കുന്ന ഭൂമി മുനിസിപ്പാലിറ്റിക്ക് പതിച്ചുനൽകണമെന്ന് സർക്കാരിനോട് ആവശ്യപ്പെടണമെന്ന് സമിതി നിർദ്ദേശിച്ചു.

194. സമിതിയുടെ നിർദ്ദേശപ്രകാരം നഗരസഭ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് 3-8-2009-ലെ 82765/എ.ബി1/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പുസെക്രട്ടറി ലഭ്യമാക്കിയ റിപ്പോർട്ട് താഴെ ചേർക്കുന്നു :

**നഗരസഭ സ്വീകരിച്ച നടപടികൾ**

1. അറവുശാലയുടെ ആവശ്യത്തിനായി വാങ്ങിയ ഉപകരണങ്ങളുടെ രേഖയാണ് ഓഡിറ്റിന് സമർപ്പിക്കേണ്ടിയിരുന്നത്. ഇതുമായി ബന്ധപ്പെട്ട് രേഖകൾ സമർപ്പിക്കുകയും പരിശോധിച്ച് ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

2. ടൗൺ സർവ്വേ റിക്കാർഡ് പ്രകാരം 2155 നമ്പർ സർവ്വേയിലുള്ള (യാക്കര വില്ലേജ്) സ്ഥലം പുറമ്പോക്ക് എന്നും, സ്ഥലത്തിന്റെ ഉപയോഗം ഊടുവഴി എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വില്ലേജ് ഓഫീസിലെ ബി.ടി.ആർ. പ്രകാരവും മേൽ പ്രകാരമാണ് സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഉള്ളത്. എന്നാൽ നഗരസഭയുടെ ആരംഭം മുതൽക്കുതന്നെ പ്രസ്തുത സ്ഥലം നഗരസഭയുടെ കൈവശത്തിലാണ്.

3. ജയിൽ വകുപ്പിന് വിട്ടുകൊടുത്ത 3.56 ഏക്കർ സ്ഥലവും സൈനിക വെൽഫെയർ ബോർഡിന് വിട്ടുകൊടുത്ത 10 സെന്റ് സ്ഥലവും ഉൾപ്പെടെ 4.66 ഏക്കർ സ്ഥലത്ത് പൂർണ്ണ ഉടമസ്ഥത ടി സ്ഥലത്തെ അറവുശാല വികസന പ്രവർത്തനങ്ങൾക്കായി നഗരസഭയ്ക്ക് നൽകണമെന്ന് കൗൺസിൽ തീരുമാനമെടുത്ത് സർക്കാരിലേക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

4. 11-2-2009-ന് സിൽക്കിൽ നിന്നുള്ള എഞ്ചിനീയറും നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗവും ആധുനിക അറവുശാലയ്ക്കുവേണ്ടി ഇതുവരെ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ പരിശോധിച്ച് രേഖപ്പെടുത്തുകയുമുണ്ടായി. ആയതിനുശേഷം ചെയ്ത പ്രവർത്തികളുടെ വാല്യുവേഷൻ തയ്യാറാക്കി നഗരസഭയ്ക്ക് അയച്ചുതരാമെന്ന് സിൽക്കിന്റെ പ്രതിനിധി അറിയിക്കുകയുണ്ടായി. എന്നാൽ നിരന്തരമായി ബന്ധപ്പെട്ടതിനുശേഷം 5-5-2009-ന് 39,23,939 രൂപയുടെ വാല്യുവേഷൻ റിപ്പോർട്ട് ലഭിക്കുകയുണ്ടായി. പ്രസ്തുത വാല്യുവേഷൻ റിപ്പോർട്ടിൽ, ചെയ്ത പ്രവൃത്തികളുടെ അളവുകളോ നിരക്കുകളോ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. എന്നാൽ ചെയ്ത പ്രവൃത്തികളെ സംബന്ധിച്ച് നഗരസഭാ എഞ്ചിനീയർ ഓരോ ഇനത്തിന്റെയും അളവുകളും നിരക്കുകളും വ്യക്തമായി കാണിച്ച് വാല്യുവേഷൻ സ്റ്റേറ്റ്മെന്റ്

തയ്യാറാക്കിയിട്ടുള്ളതാണ്. ആയതുപ്രകാരം മൊത്തം 20,62,413 രൂപയുടെ പ്രവർത്തിയാണ് സിൽക്ക് ചെയ്തിട്ടുള്ളത്. ആയതിനാൽ മുൻകൂർ നൽകിയ 88,94,186 രൂപയും നാളിതുവരെയുള്ള കാലത്തേക്ക് 12% നിരക്കിൽ പലിശയും ഉൾപ്പെടെയുള്ള ആകെ തുകയിൽ നിന്ന് ചെയ്ത പ്രവൃത്തിയുടെ തുകയായ 20,62,413 രൂപ കുറച്ച് ബാക്കി തുക നഗരസഭയ്ക്ക് തിരിച്ചു നൽകുന്നതിന് സിൽക്കിന് കത്ത് നൽകിയിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

195. **പാലക്കാട് മുനിസിപ്പാലിറ്റിയിൽ അറവുശാല നവീകരണത്തിനായി കണ്ടെത്തിയ സ്ഥലം വർഷങ്ങളായി മുനിസിപ്പാലിറ്റിയുടെ കൈവശമുള്ളതാണെങ്കിലും അതിന്റെ ഉടമസ്ഥാവകാശം മുനിസിപ്പാലിറ്റിക്കില്ലെന്ന് സമിതി മനസ്സിലാക്കുന്നു. കേന്ദ്ര സഹായമുൾപ്പെടെ ഒരു കോടിയിലധികം രൂപ അറവുശാല നവീകരണത്തിനായി ചെലവഴിക്കുന്നതിനുമുൻപ് കൈവശാവകാശ വസ്തുവിന്റെ ഉടമസ്ഥത ഉറപ്പുവരുത്തുന്നതിനുള്ള ബാധ്യത നഗരസഭയ്ക്കുണ്ടായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുകയും പ്രസ്തുത വിഷയത്തിൽ നഗരസഭ കുറ്റകരമായ വീഴ്ചയാണ് വരുത്തിയിരിക്കുന്നതെന്നും സമിതി ചൂണ്ടിക്കാണിക്കുന്നു. വസ്തുവിന്റെ ഉടമസ്ഥാവകാശ തർക്കംമൂലം പദ്ധതി പൂർണ്ണമായും പരാജയപ്പെടുകയും ഇതിനുവേണ്ടി മുടക്കിയ മുഴുവൻ തുകയും പാഴായി പോകുകയും ചെയ്തു.**

196. **മുനിസിപ്പാലിറ്റിയുടെ കൈവശമിരിക്കുന്ന സ്ഥലം താമസംവിനാ പതിച്ചു ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് പാലക്കാട് മുനിസിപ്പൽ അധികൃതരോട് സമിതി ശുപാർശ ചെയ്യുന്നു.**

197. **അറവുശാല നിർമ്മാണവുമായി ബന്ധപ്പെട്ട് സിൽക്ക് ചെയ്ത വർക്കുകൾ സിൽക്കിന്റെ അധികൃതരും മുനിസിപ്പാലിറ്റിയും ചേർന്ന് സമിതിയുടെ നിർദ്ദേശപ്രകാരം നടത്തിയ ജോയിന്റ് വെരിഫിക്കേഷനുശേഷവും ഇരുകൂട്ടരുടേയും വാല്യുവേഷൻ സ്റ്റേറ്റ്മെന്റുകൾ തമ്മിൽ വ്യത്യാസമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സിൽക്ക് ചെയ്ത വർക്കിന്റെ കൃത്യമായ വാല്യുവേഷൻ തയ്യാറാക്കണമെന്നും ആയതുപ്രകാരമുള്ള തുക സിൽക്കിന് നൽകിയ മുൻകൂർ തുകയിൽ നിന്നും കുറച്ച് ബാക്കി തുക നഗരസഭയ്ക്ക് തിരിച്ചു നൽകണമെന്ന് സിൽക്കിനോട് ആവശ്യപ്പെടണമെന്നും സമിതി നിർദ്ദേശിക്കുന്നു. സിൽക്ക് തുക ലഭ്യമാക്കിയില്ലെങ്കിൽ പ്രസ്തുത തുക സിൽക്കിൽ നിന്നും തിരികെ ലഭിക്കുന്നതിനുവേണ്ട നിയമനടപടികൾ മുനിസിപ്പാലിറ്റി സ്വീകരിക്കണമെന്നും സമിതി നർദ്ദേശിക്കുന്നു.**

198. **കൂടാതെ അറവുശാലയുടെ നവീകരണത്തിനായി ഉപകരണങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റി ലോക്കൽ ഫണ്ട് ഓഡിറ്റിന് നൽകിയ രേഖകൾ പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതി നിർദ്ദേശിക്കുന്നു.**

സി. എം. ദിനേശ് മണി,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2011 ഫെബ്രുവരി 23.

അനുബന്ധം 1

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| ക്രമ നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | ഖണ്ഡിക നമ്പർ | നിഗമനങ്ങൾ/ശുപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | എറണാകുളം ജില്ല<br>ആലുവ<br>മുനിസിപ്പാലിറ്റി | 12 | ആലുവ മുനിസിപ്പാലിറ്റിയിൽ നിന്നും ഹൈദരാബാദിലെ ഫ്രണ്ട് ലൈൻ എഞ്ചിനീയറിംഗ് കമ്പനിയുടെ നഗര മാലിന്യ സംസ്കരണ പ്ലാന്റിലേക്ക് നഗരസഭാ ചെയർമാന്റെ നേതൃത്വത്തിൽ നടത്തിയ പഠനയാത്രയ്ക്ക് കൗൺസിൽ തീരുമാനവും സർക്കാരിന്റെ അനുമതിയും ഉണ്ടായിരുന്നെങ്കിലും യാത്രയുമായി ബന്ധപ്പെട്ട ഫയലുകളും അനുബന്ധ രേഖകളും കൃത്യമായി സൂക്ഷിക്കാതിരുന്നത് നഗരസഭാ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള ഗൗരവതരമായ വീഴ്ചയാണ്. സംഘം ഹൈദരാബാദിലെ സംസ്ക്കരണ പ്ലാന്റ് സന്ദർശിച്ച് പഠനം നടത്തുകയും പ്ലാന്റിന്റെ പ്രവർത്തനം തൃപ്തികരമെന്ന് വിലയിരുത്തുകയും നഗരസഭയിൽ അത്തരം ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിന് സാമ്പത്തിക പ്രതിസന്ധി അനുവദിക്കാത്തതിനാൽ 37 ലക്ഷം രൂപയുടെ കേന്ദ്ര സഹായം അഭ്യർത്ഥിച്ചതിന് രേഖകളുണ്ടെന്നും നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കുന്നു. പ്രോജക്ട് നടപ്പിലാക്കുവാൻ ചെയർ മാൻ ശ്രമം നടത്തിയതായും എന്നാൽ സാമ്പത്തിക പരാധീനത ഇതിന് തടസ്സം നിന്നതായും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ഇതു സംബന്ധിച്ച ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 2 | ,, | 25 | ആലുവ നഗരസഭയിൽ ടൂറിസം വികസനത്തിന്റെ ഭാഗമായി ബോട്ടുകൾ വാങ്ങുന്നതിനും ബോട്ടുജെട്ടി നിർമ്മാണത്തി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നുമായി ആരംഭിച്ച പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ഗുരുതരമായ പാളിച്ച സംഭവിച്ചിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. പ്രോജക്ടിന്റെ നിർവ്വഹണത്തിനായി രൂപീകരിച്ച സമിതിയിൽ സാങ്കേതിക പരിജ്ഞാനമുള്ളവരെ ഉൾപ്പെടുത്താതിരുന്നതും പദ്ധതിക്ക് താൽക്കാലികാനുമതി നൽകിയപ്പോൾ നൽകിയ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതും മുനിസിപ്പാലിറ്റിയുടെ വീഴ്ചയായി സമിതി വിലയിരുത്തുന്നു.ഒരു സംയുക്ത സംരംഭമായി ടൂറിസം വകുപ്പിന്റെയും ജലഗതാഗത വകുപ്പിന്റെയും ഉപദേശത്തോടുകൂടിയും സഹകരണത്തോടുകൂടിയും നടപ്പാക്കേണ്ടിയിരുന്ന പദ്ധതി നഗരസഭ വേണ്ടത്ര പരിജ്ഞാനമില്ലാതെ സ്വന്തമായി നടപ്പാക്കിയതാണ് പദ്ധതി ഭീമമായ പരാജയമാകാൻ കാരണമെന്ന് സമിതി വിലയിരുത്തുന്നു. |
| 3 | എറണാകുളം ജില്ല<br>ആലുവ<br>മുനിസിപ്പാലിറ്റി | 26 | വാങ്ങിയ ബോട്ടുകളുടെ പ്രവർത്തനക്ഷമതയോ ഗുണനിലവാരമോ ഉറപ്പുവരുത്തുന്നതിനുള്ള പ്രാഥമിക നടപടികൾ പോലും നഗരസഭ കൈക്കൊണ്ടില്ലയെന്ന വസ്തുത സമിതിയെ അത്ഭുതപ്പെടുത്തുന്നു. കൂടാതെ വാങ്ങിയ ബോട്ടുകൾക്ക് നിശ്ചിതകാലത്തേക്കെങ്കിലുമുള്ള ഗ്യാരന്റി ഉറപ്പാക്കുന്നതിന് നഗരസഭ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്നത് അത്യന്തം ദുരൂഹമാണ്. യാതൊരു ത്വദീക്ഷയുമില്ലാതെ പദ്ധതി തുക ധൂർത്തടിച്ചതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഈ പ്രോജക്ടെന്ന് സമിതി അഭിപ്രായപ്പെടുന്നു. |
| 4 | ,, | 27 | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ബാദ്ധ്യത കൃത്യമായി നിശ്ചയിച്ച് ഓഡിറ്റ് വകുപ്പ് സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 5 | ,, | 36 | ഓപ്പൺ സ്പോർട്സ് കോംപ്ലക്സിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കൺവീനർക്ക് ക്രമരഹിതമായി മുൻകൂർ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നൽകിയതു സംബന്ധിച്ച രേഖകൾ ഓഡിറ്റിനു നൽകാതിരുന്നതാണെന്നു സമിതി വിലയിരുത്തുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയിട്ടുള്ള പുനഃപരിശോധനാ റിപ്പോർട്ടുപ്രകാരം ടി പദ്ധതിയുടെ 2-ാം ഘട്ടത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന പ്രവൃത്തി പൂർത്തീകരിച്ചതായി തെളിയിക്കുന്ന രേഖകളായ പാർട്ട്/ ഫൈനൽ ബില്ലുകൾ, മോണിറ്ററിംഗ് സമിതി റിപ്പോർട്ട്, പൂർത്തീകരണപത്രം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ലെന്നും എം.ബുക്ക് പരിശോധനയ്ക്കായി ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. |
| 6 | എറണാകുളം ജില്ല ആലുവ മുനിസിപ്പാലിറ്റി | 37 | എന്നാൽ സമിതിയുടെ തെളിവെടുപ്പു യോഗത്തിൽ ടി പ്രോജക്ട് പൂർത്തിയാക്കിയിട്ടുണ്ടെന്നും പ്രവൃത്തി ചെയ്തതിന്റെ മെഷർമെന്റ് എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും എം. ബുക്ക് പ്രകാരം 1,72,507 രൂപയ്ക്കുള്ള വർക്ക് ചെയ്തിട്ടുണ്ടെന്നും ആലുവ മുനിസിപ്പൽ സെക്രട്ടറി തെളിവു നൽകിയിട്ടുള്ള സാഹചര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റിന്റെയും മുനിസിപ്പാലിറ്റിയുടെയും വാദഗതികൾ പരസ്പരവിരുദ്ധമാണെന്നു സമിതി അഭിപ്രായപ്പെടുന്നു. ഈ സാഹചര്യത്തിൽ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പ്രസ്തുത പദ്ധതിയുടെ ഭൗതിക പരിശോധന നടത്തി സത്യാവസ്ഥ സമിതിയെ ബോധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 7 | ,, | 38 | ടി പ്രവൃത്തിയുടെ എം. ബുക്ക് പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് ആയത് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 8 | എറണാകുളം ജില്ല ആലുവ മുനിസിപ്പാലിറ്റി | 42 | ആലുവ ഹയർ സെക്കന്ററി സ്കൂളിൽ ഭൗതിക സാഹചര്യം ഏർപ്പെടുത്തുന്നതിന് ചെലവഴിച്ച തുകയ്ക്കുള്ള രേഖകൾ ലഭ്യമാണെന്നും നഗരസഭ നൽകിയ 2,09,000 രൂപയേക്കാൾ അധികരിച്ച് 5,10,025 രൂപ മൊത്തം ചെലവായിട്ടുണ്ടെന്നും, ആയത് പി.ടി.എ. ഡൊണേഷനിൽ നിന്നുമാണ് കണ്ടെത്തിയതെന്നുമുള്ള സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 9 | ,, | 45 | പഴകിയ ചവർ നീക്കം ചെയ്യുന്നതിന് ടെണ്ടർ തുകയിൽ നിന്നും 47,233 രൂപ അധികം നൽകിയതു സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന് ആലുവ മുനിസിപ്പൽ എഞ്ചിനീയർ നൽകിയ മറുപടി സമിതി അംഗീകരിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുകയും ചെയ്യുന്നു. |
| 10 | ,, | 54 | ആലുവ മുനിസിപ്പാലിറ്റിയിലെ പ്രിയദർശിനി ടൗൺ ഹാൾ മോടി പിടിപ്പിക്കൽ പ്രവൃത്തിക്കുവേണ്ടിയുള്ള ക്വട്ടേഷൻ കേരള മുനിസിപാലിറ്റി ചട്ടങ്ങൾക്ക് വിരുദ്ധമായി മുനിസിപ്പൽ കൗൺസിലിന്റെ അംഗീകാരമില്ലാതെ നെഗോഷ്യേറ്റ് ചെയ്ത നടപടിക്ക് കൗൺസിലിന്റെ സാധൂകരണം ലഭ്യമാക്കണമെന്ന നിർദ്ദേശത്തിൻമേൽ 18-5-2010-ലെ 47905/എ.ബി.1/08/ത.സ്വഭ.വ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് അനുസരിച്ച് ടൗൺ ഹാൾ മോടിപിടിപ്പിക്കുന്നതിന് കരാറുകാരൻ നൽകിയ നെഗോഷ്യേറ്റഡ് തുകയ്ക്ക് 10-11-1996-ലെ XII-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം അംഗീകാരം നൽകിയിട്ടു |

| (1) | (2) | (3) | (4) |
|---|---|---|---|
| 10 | എറണാകുളം<br>പാലക്കാട്<br>മുനിസിപ്പാലിറ്റി | 55 | ണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് 21-8-2008-ലെ 47905/എ.ബി.1/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയിരുന്ന മറുപടിയനുസരിച്ച് ഇ.4-1703/98 നമ്പർ ഫയൽ തീയതി 26-8-1998 പ്രകാരമാണ് പത്രത്തിൽ പരസ്യം ചെയ്ത് ക്വട്ടേഷൻ ക്ഷണിച്ചിട്ടുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. |
| 11 | എറണാകുളം ജില്ല<br>ആലുവ<br>മുനിസിപ്പാലിറ്റി | 55 | ഇതിൽനിന്നും 10-11-1996-ലെ XII നമ്പർ കൗൺസിൽ തീരുമാനം പ്രസ്തുത പ്രോജക്ടിന്റെ അംഗീകാരം നൽകിയതുമായി ബന്ധപ്പെട്ടതാണെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് ശരിയാണെന്ന് സമിതി വിലയിരുത്തുന്നു. |
| 12 | ,, | 56 | ആയതിനാൽ പ്രസ്തുത പ്രവൃത്തിക്കു വേണ്ടിയുള്ള ക്വട്ടേഷൻ നെഗോഷ്യേറ്റ് ചെയ്ത നടപടിക്ക് കൗൺസിലിന്റെ സാധൂകരണം ലഭ്യമാക്കി വിവരം സമിതിയെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 13 | ,, | 64 | സർക്കാർ ഉത്തരവിനു വിരുദ്ധമായി വിരമിച്ച ജീവനക്കാർക്ക് നൽകിയ ക്ഷാമബത്ത കുടിശ്ശിക ഇനത്തിൽ ഇനി 21,293 രൂപ കൂടി തിരിച്ചു പിടിക്കാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കുടിശ്ശിക അനുവദിച്ച സെക്രട്ടറി ആരാണെന്ന് വ്യക്തമായി കണ്ടുപിടിച്ച് അദ്ദേഹത്തിൽ നിന്നും പ്രസ്തുത തുക ഈടാക്കണമെന്നും ആയതിന്റെ വിശദമായ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 14 | എറണാകുളം ജില്ല ആലുവ മുനിസിപ്പാലിറ്റി | 65 | ഓഡിറ്റ് റിപ്പോർട്ടിൽ നഷ്ടത്തിനും ക്രമക്കേടിനും പണാപഹരണത്തിനും ഉത്തരവാദികളായവരുടെ പേരും അവരുടെ ബാദ്ധ്യതയും കൃത്യമായി ചൂണ്ടിക്കാണിച്ചിരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 15 | ,, | 71 | മോട്ടോർ കൺവെയൻസ് അഡ്വാൻസ് കൈപ്പറ്റിയിട്ടും വാഹനം വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കാത്ത ഉദ്യോഗസ്ഥ രിൽ നിന്നും 18% പലിശയുൾപ്പെടെ മുഴുവൻ തുകയും പിഴപ്പലിശയും ഈടാക്കി ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 16 | ,, | 79 | ആലുവ നഗരസഭയ്ക്ക് ലേല ഇനത്തിൽ ലഭിക്കേണ്ട മുഴുവൻ തുകയും ലഭിച്ചിട്ടു ള്ളതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ അറിയിച്ചി ട്ടുള്ള സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 17 | ,, | 82 | ആലുവ നഗരസഭാ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 18 | ,, | 85 | മുനിസിപ്പൽ ചെയർമാന്റെ മൊബൈൽ ഫോൺ ബില്ലുകൾ നഗരസഭാ ഫണ്ടിൽ നിന്നും അടച്ചത് ക്രമവൽക്കരിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുള്ളതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 19 | ,, | 90 | ഓഡിറ്റ് പരാമർശത്തിനടിസ്ഥാനമായ പണികളുടെ എല്ലാ രേഖകളും നഗരസഭ 17-9-2008-ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനു സമർപ്പിച്ചിട്ടും ആയത് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ടു നൽകുന്നതിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് വീഴ്ച വരുത്തിയിരിക്കുന്നതായി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സമിതി ചൂണ്ടിക്കാട്ടുന്നു. കൂടാതെ ആലുവ നഗരസഭയിലെ മരാമത്തു പണികളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് മുനിസിപ്പൽ സെക്രട്ടറി സമർപ്പിച്ചിട്ടുള്ള രേഖകൾ പരിശോധിച്ച് ഒഴിവാക്കാവുന്ന തടസ്സങ്ങൾ ഒഴിവാക്കി ഓഡിറ്റ് തടസ്സം നില നിൽക്കുന്നവയെ സംബന്ധിച്ച് ആയതിന്റെ കാരണം വ്യക്തമാക്കി സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് നിർദ്ദേശിക്കുന്നു. |
| 20 | എറണാകുളം ജില്ല ആലുവ മുനിസിപ്പാലിറ്റി | 94 | ആലുവ നഗരസഭയിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് നിയമവിരുദ്ധമായി അധികം നൽകിയ പെൻഷൻ തുക പൂർണ്ണമായി തിരികെ ഈടാക്കി ആയതിന്റെ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു. |
| 21 | ,, | 102 | മരാമത്തു പണികളുടെ എസ്റ്റിമേറ്റ് പുതുക്കി കൂടുതൽ തുക ചെലവു ചെയ്തതിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കി ആയതിന്റെ റിപ്പോർട്ട് സമിതിക്കു ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു. |
| 22 | എറണാകുളം ജില്ല മൂവാറ്റുപുഴ മുനിസിപ്പാലിറ്റി | 105 | മൂവാറ്റുപുഴ നഗരസഭ വക ബസ് സ്റ്റാൻഡിന്റെ നിർമ്മാണത്തിനായി സ്ഥലം വാങ്ങിയതിനും ബസ് സ്റ്റാൻഡ് നിർമ്മാണം നടത്തിയതിനും സ്വീകരിച്ച നടപടികൾക്ക് 1-12-2006-ലെ ജി. ഒ. (ആർറ്റി.) 3097/06 പ്രകാരം സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമായിട്ടുള്ളതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 23 | എറണാകുളം ജില്ല അങ്കമാലി നഗരസഭ | 107 | പദ്ധതി നിർവ്വഹണ ചെലവ് പരിധിയിൽ കവിഞ്ഞത് സംബന്ധിച്ച് അങ്കമാലി നഗരസഭാ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 24 | പാലക്കാട് മുനിസിപ്പാലിറ്റി | 120 | നഗരസഭയിലെ വാർഷിക ധനകാര്യ പത്രികയും ഡി.സി.ബി.യും തയ്യാറാക്കുന്നതിന് സ്വകാര്യ ഏജൻസിയെ ഏൽപ്പിച്ച ജോലി പൂർത്തിയാക്കാതെ പ്രതിഫലം നൽകിയതു സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി നിർദ്ദേശപ്രകാരം നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ടിൽ നിന്നും കരാർ ഏൽപ്പിക്കപ്പെട്ട സ്ഥാപനത്തിന് കൃത്യമായി രേഖകൾ സപ്ലൈ ചെയ്യുന്നതിലും കരാറുകാരുടെ പ്രവൃത്തി മോണിട്ടർ ചെയ്യുന്നതിലും, തയ്യാറാക്കിവരുന്ന രേഖകൾ സൂക്ഷ്മപരിശോധന നടത്തി അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നതിലും നഗരസഭാ അധികൃതർ പരാജയപ്പെട്ടതായി സമിതി മനസ്സിലാക്കുന്നു. കൂടാതെ കോടിക്കണക്കിന് രൂപയുടെ വരവുകൾ ഡി.സി.ബി.യിലും കണക്കുകളിലും ചേർക്കാതെ ഒഴിവായിട്ടുള്ളതായും എല്ലാ വർഷവും നഗരസഭയ്ക്കു ലഭിക്കുന്ന വരവിനമായി വി. റ്റി. സി. യും കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നതും, നഗരസഭയുടെ യഥാർത്ഥ ധനസ്ഥിതി നിശ്ചയിക്കുന്നതിന് ആവശ്യമായ അനുബന്ധ പത്രികകൾ തയ്യാറാക്കി നൽകിയിട്ടില്ലെന്നതും നഗരസഭയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി സമിതി വിലയിരുത്തുന്നു. കൂടാതെ ഏകദേശം നാലു കോടി രൂപയുടെ ചെലവുകൾക്കുള്ള വൗച്ചറുകൾ ഇല്ലെന്നുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരാമർശവും ശരിയാണെന്ന് അന്വേഷണത്തിൽ നിന്നും ബോധ്യപ്പെട്ടിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. നഗരസഭയിലെ രജിസ്റ്ററുകൾ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ലെന്ന വിവരവും സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 25 | പാലക്കാട് മുനിസിപ്പാലിറ്റി | 121 | ഈ സാഹചര്യത്തിൽ വാർഷിക ധനകാര്യ പത്രികയും ഡി.സി.ബി. പത്രികയും തയ്യാറാക്കി നൽകുന്നതിന് സ്വകാര്യ ഏജൻസിക്ക് നൽകിയ 1,20,000 രൂപ പ്രസ്തുത കാലയളവിലെ നഗര സഭാ സെക്രട്ടറി, ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട നഗരസഭയിലെ മറ്റ് ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും ഈടാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 26 | ,, | 127 | ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ അസസ്മെന്റ് നടത്തി ഡിമാന്റു ചെയ്യണമെന്നിരിക്കെ കോ-ഓപ്പറേറ്റീവ് ബാങ്കിനു മാത്രം ഡിമാന്റ് കുറച്ചു കൊടുത്തത് ശരിയല്ലെന്നും ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ എല്ലാ ബാങ്കുകൾക്കും തൊഴിൽ നികുതി ഏർപ്പെടുത്തുന്നതിന് നഗരസഭ ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. തൊഴിൽനികുതി പിരിച്ചെടുത്തിട്ടുണ്ട് എന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 27 | ,, | 137 | പാലക്കാട് നഗരസഭയിൽ പി.എം.ജി. സ്കൂളിന്റെ അറ്റകുറ്റപ്പണികൾക്കായി നൽകിയ 1,25,000 രൂപയിൽ 1,22,981 രൂപയ്ക്ക് അറ്റകുറ്റപ്പണി നടത്തിയതിന്റെ രേഖകളും ബാക്കി 2,019 രൂപ തിരിച്ചടച്ചതിന്റെ രേഖകളും ഹാജരാക്കിയിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 28 | ,, | 153 | ഗാലസ പദ്ധതിക്കായി ചെലവഴിച്ച 1,00,109 രൂപയിൽ നഗരസഭയിൽ അടവുവന്നിട്ടുള്ള 14,500 രൂപ ഒഴികെ ബാക്കിയുള്ള 85,609 രൂപ തിരിച്ചട |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | യ്ക്കാൻ നിർവ്വാഹമില്ലെന്ന് പാടശേഖര സമിതികൾ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി തുക സർക്കാർ അനുമതിയോടെ എഴുതിത്തള്ളാൻ കൗൺസിൽ തീരുമാനമെടുത്ത് സർക്കാരിലേക്ക് അയച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 29 | പാലക്കാട് മുനിസിപ്പാലിറ്റി | 195 | പാലക്കാട് മുനിസിപ്പാലിറ്റിയിൽ അറവുശാല നവീകരണത്തിനായി കണ്ടെത്തിയ സ്ഥലം വർഷങ്ങളായി മുനിസിപ്പാലിറ്റിയുടെ കൈവശമുളളതാണെങ്കിലും അതിന്റെ ഉടമസ്ഥാവകാശം മുനിസിപ്പാലിറ്റിക്ക് ഇല്ലെന്ന് സമിതി മനസ്സിലാക്കുന്നു. കേന്ദ്ര സഹായമുൾപ്പെടെ ഒരു കോടിയിലധികം രൂപ അറവുശാല നവീകരണത്തിനായി ചെലവഴിക്കുന്നതിനു മുൻപ് കൈവശാവകാശ വസ്തുവിന്റെ ഉടമസ്ഥത ഉറപ്പുവരുത്തുന്നതിനുള്ള ബാധ്യത നഗരസഭയ്ക്കുണ്ടായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുകയും പ്രസ്തുത വിഷയത്തിൽ നഗരസഭ കുറ്റകരമായ വീഴ്ചയാണ് വരുത്തിയിരിക്കുന്നതെന്നും സമിതി ചൂണ്ടിക്കാണിക്കുന്നു. വസ്തുവിന്റെ ഉടമസ്ഥാവകാശ തർക്കംമൂലം പദ്ധതി പൂർണ്ണമായും പരാജയപ്പെടുകയും ഇതിനുവേണ്ടി മുടക്കിയ മുഴുവൻ തുകയും പാഴായി പോകുകയും ചെയ്തു. |
| 30 | ,, | 196 | മുനിസിപ്പാലിറ്റിയുടെ കൈവശമിരിക്കുന്ന സ്ഥലം താമസംവിനാ പതിച്ചുലഭിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് പാലക്കാട് മുനിസിപ്പൽ അധികൃതരോട് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| 31 | പാലക്കാട് മുനിസിപ്പാലിറ്റി | 197 | അറവുശാല നിർമ്മാണവുമായി ബന്ധപ്പെട്ട് സിൽക്ക് ചെയ്ത വർക്കുകൾ സിൽക്കിന്റെ അധികൃതരും മുനിസിപ്പാലിറ്റിയും ചേർന്ന് സമിതിയുടെ നിർദ്ദേശ പ്രകാരം നടത്തിയ ജോയിന്റ് വെരിഫിക്കേഷനു ശേഷവും ഇരു കൂട്ടരുടേയും വാല്യുവേഷൻ സ്റ്റേറ്റ്മെന്റുകൾ തമ്മിൽ വ്യത്യാസം ഉള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സിൽക്ക് ചെയ്ത വർക്കിന്റെ കൃത്യമായ വാല്യുവേഷൻ തയ്യാറാക്കണമെന്നും ആയത് പ്രകാരമുള്ള തുക സിൽക്കിന് നൽകിയ മുൻകൂർ തുകയിൽ നിന്നും കുറച്ച് ബാക്കി തുക നഗരസഭയ്ക്ക് തിരിച്ചു നൽകണമെന്ന് സിൽക്കിനോട് ആവശ്യപ്പെടണമെന്നും സമിതി നിർദ്ദേശിക്കുന്നു. സിൽക്ക് തുക ലഭ്യമാക്കിയില്ലെങ്കിൽ പ്രസ്തുത തുക സിൽക്കിൽ നിന്നും തിരികെ ലഭിക്കുന്നതിനുവേണ്ട നിയമ നടപടികൾ മുനിസിപ്പാലിറ്റി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 32 | ,, | 198 | കൂടാതെ അറവുശാലയുടെ നവീകരണത്തിനായി ഉപകരണങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റി ലോക്കൽ ഫണ്ട് ഓഡിറ്റിനു നൽകിയ രേഖകൾ പരിശോധിച്ച് സമിതിക്കു റിപ്പോർട്ട് നൽകണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതി നിർദ്ദേശിക്കുന്നു. |

അനുബന്ധം 2

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004–2005, ഖണ്ഡിക VII-II-16-1]

നമ്പർ എൽ. എഫ്. ഇ. (എം1) 65/04

ലോക്കൽ ഫണ്ട് ഓഡിറ്റ്
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ, കാക്കനാട്
തീയതി 10–3–2004.

ഡെപ്യൂട്ടി ഡയറക്ടർ.

സെക്രട്ടറി,
മൂവാറ്റുപുഴ നഗരസഭ

സർ,

വിഷയം:—മൂവാറ്റുപുഴ നഗരസഭ—1997–98 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന് നൽകിയ മറുപടി സംബന്ധിച്ച്.

സൂചന:— താങ്കളുടെ എ2/8456/01 നമ്പരിലുള്ള 12–12–2003–ലെ കത്ത്.

മൂവാറ്റുപുഴ നഗരസഭയുടെ 1997–98 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 7–ന് താങ്കൾ നൽകിയ വിശദീകരണം പരിശോധിച്ച് താഴെപ്പറയുന്ന മറുപടി നൽകുന്നു :

നഗരസഭയ്ക്ക് സ്ഥലം ആവശ്യമായി വരുമ്പോൾ കുറഞ്ഞ തുകയ്ക്ക് സ്ഥലം നൽകുവാൻ തയ്യാറാകുന്നവരെ കണ്ടെത്തുവാൻ പരസ്യം ആവശ്യമായിരുന്നു. എന്നാൽ 'ലത' ബസ് സ്റ്റാൻഡിനുവേണ്ടി സ്ഥലം എടുത്തപ്പോൾ കൗൺസിലർ ശ്രീ. വി. കെ. മുരളീധരന്റെ നിർദ്ദേശം മാത്രമേ പരിഗണിച്ചിട്ടുള്ളൂവെന്നത് വ്യക്തമാണ്. നഗരസഭ കൗൺസിലിന്റെ ഈ നടപടിക്ക് സർക്കാരിൽ നിന്നും സാധൂകരണം തേടേണ്ടതാവശ്യമാണ്. സർക്കാരിൽ നിന്നും സാധൂകരണം ലഭിക്കുന്ന മുറയ്ക്ക് ഈ ഖണ്ഡിക പ്രകാരമുള്ള തടസ്സം ഒഴിവാക്കുന്നതാണ്.

വിശ്വസ്തതയോടെ,

*ഡെപ്യൂട്ടി ഡയറക്ടർ.*

അനുബന്ധം 3

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-2005, ഖണ്ഡിക VII-II-16-1]

# കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്—മൂവാറ്റുപുഴ മുനിസിപ്പാലിറ്റി—ലതാ ബസ് സ്റ്റാൻഡിനു സ്ഥലം വാങ്ങിയ നടപടി—ലോക്കൽ ഫണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കി സാധൂകരണം നൽകി—ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ (പി. എ.) വകുപ്പ്

ജി.ഒ. (ആർടി.) നമ്പർ 3097/2006/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി 1-12-2006.

പരാമർശം:—മൂവാറ്റുപുഴ മുനിസിപ്പൽ സെക്രട്ടറിയുടെ 20-7-2006-ലെ പി. ഡബ്ല്യു.2/6410/06 നമ്പർ കത്ത്

## ഉത്തരവ്

മൂവാറ്റുപുഴ നഗരസഭയ്ക്ക് ബസ് സ്റ്റാൻഡ് നിർമ്മാണത്തിനായി മൂവാറ്റുപുഴ വില്ലേജിലെ സർവ്വേ 158/2 എ1-ൽ പെട്ട 169 സെന്റ് സ്ഥലം മുനിസിപ്പാലിറ്റി വിലയ്ക്ക് വാങ്ങുകയുണ്ടായി. എന്നാൽ മുനിസിപ്പാലിറ്റിയുടെ സാമ്പത്തികഭദ്രത കണക്കിലെടുക്കാതെയും പത്ര പരസ്യം നൽകാതെയുമാണ് ടി സ്ഥലം വാങ്ങിയിട്ടുള്ളതെന്ന് ചൂണ്ടിക്കാട്ടി എറണാകുളം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ഓഡിറ്റിൽ തടസ്സവാദം ഉന്നയിച്ചിരിക്കുന്നു എന്നും സർക്കാർ സാധൂകരണം നൽകിയതിനുശേഷം മാത്രമേ ലോക്കൽ ഫണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ കഴിയുകയുള്ളൂ എന്ന് എറണാകുളം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുള്ളതായും ആയതിനാൽ ടി സ്ഥലം വാങ്ങിയ നടപടിക്ക് സാധൂകരണം നൽകണമെന്നും പരാമർശത്തിലെ കത്ത് പ്രകാരം മുനിസിപ്പൽ സെക്രട്ടറി അപേക്ഷിച്ചിരുന്നു.

2. മുനിസിപ്പൽ ബസ് സ്റ്റാൻഡ് നിർമ്മിക്കേണ്ടതിന്റെ അനിവാര്യതയെക്കുറിച്ചും വാങ്ങിയ സ്ഥലത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ബസ് സ്റ്റാൻഡിന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ചും മറ്റും മുനിസിപ്പൽ സെക്രട്ടറി വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും സർക്കാർ ടി റിപ്പോർട്ട് വിശദമായി പരിശോധിച്ച് തുടർ അന്വേഷണം നടത്തുകയുമുണ്ടായി.

3. മുനിസിപ്പൽ ബസ് സ്റ്റാന്റിന് സ്ഥലം വാങ്ങിയതിന് പത്ര പരസ്യം നൽകിയിട്ടില്ലായെന്നത് ഒഴിച്ചാൽ മറ്റ് നടപടിക്രമങ്ങൾ പാലിച്ചിട്ടുള്ളതായി കാണുന്നു. പൊതു ആവശ്യങ്ങൾക്കായി സ്ഥലം വാങ്ങുമ്പോൾ പത്ര പരസ്യം നൽകേണ്ടത് അനിവാര്യമാണ്. മുനിസിപ്പാലിറ്റി സ്ഥലം വാങ്ങി ബസ് സ്റ്റാൻഡ് നിർമ്മിച്ച് പ്രവർത്തനം തുടങ്ങിയതിനുശേഷം മുനിസിപ്പാലിറ്റിക്ക് ബസ് സ്റ്റാൻഡ് കിസ്ത്, സെല്ലിംഗ് യൂണിറ്റ്, കംഫർട്ട് സ്റ്റേഷൻ എന്നീ ഇനങ്ങളിൽ നിന്നും പ്രതിവർഷം നല്ല തുക വരുമാനമായി ലഭിച്ചു വരുന്നതായും കാണുന്നു. ഈ കാരണങ്ങളാൽ ബസ് സ്റ്റാൻഡ് നിർമ്മാണത്തിനായി മുനിസിപ്പാലിറ്റി മുടക്കിയ മുതൽ പാഴായതായി കാണുന്നില്ല. എന്നാൽ പൊതു ആവശ്യങ്ങൾക്കായി ഭൂമി വാങ്ങുമ്പോൾ പത്രപരസ്യം നൽകണമെന്നുള്ള കാര്യം മേലിൽ ശ്രദ്ധിക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ മുനിസിപ്പൽ കൗൺസിലിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മൂവാറ്റുപുഴ മുനിസിപ്പാലിറ്റി, ലതാ ബസ് സ്റ്റാൻഡ് നിർമ്മാണത്തിനുവേണ്ടി മൂവാറ്റുപുഴ വില്ലേജിൽ സർവ്വേ 158/2 എ1-ൽപ്പെട്ട 169 സെന്റ് സ്ഥലം വാങ്ങിയ നടപടിക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കി സാധൂകരണം നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അന്നമ്മ ഡാനിയൽ,
*അഡീഷണൽ സെക്രട്ടറി.*

സെക്രട്ടറി, മൂവാറ്റുപുഴ മുനിസിപ്പാലിറ്റി, എറണാകുളം ജില്ല
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
എസ്.എഫ്./ഒ.സി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.